# യുഗാന്ത്യ സന്ദേശം

YUGANTHYA SANDESHAM

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA

വാല്യം – 6 | ലക്കം : 03 | മാർച്ച് 2011 | Annual Subscription Rs. 100/-


കവർസ്റ്റോറി

# ആത്മീകതയുടെ മറവിൽ തട്ടിപ്പുകാർ അരങ്ങുവാഴുന്നു

**തിരുവല്ല:** സുവിശേഷത്തിന്റെ മറവിൽ പുതിയ പണം തട്ടിപ്പ് പദ്ധതികളുമായി വ്യാജന്മാർ രംഗത്ത് വന്നിരിക്കുന്നു. ലഹരി വിമോചന യാത്ര സാംക്രമിക രോഗങ്ങൾ, ആത്മഹത്യ എന്നിവക്കെതിരെ ബോധവത്ക്കരണം തുടങ്ങി ബഹുവിധ സുവിശേഷികരണ പ്രവർത്തനങ്ങളെ മുൻ നിർത്തിയാണ് തട്ടിപ്പ്. വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിപ്പ് നടത്തുക, വ്യാജ വീസയിൽ വിദേശത്ത് എത്തിക്കുന്നതുമെല്ലാം ഇവരുടെ പദ്ധതികളാണ്. 127 പേരിൽ നിന്നും വിദേശ ജോലി വാഗ്ദാനം ചെയ്ത് ഒന്നര ക്കോടി രൂപാ തട്ടിയെടുത്ത സ്റ്റാൻലി സൈമൺ ഇതിനോടകം പിടിയിലായി. കോട്ടയം കഞ്ഞിക്കുഴി കേന്ദ്രമാക്കി പ്രവർത്തിച്ചു വന്നിരുന്ന ഒരു വർഷിപ്പ് സെന്ററും അതിന് നേതൃത്വം നൽകിയ ചാർളിയെന്ന വ്യക്തിയും നല്ല തുക ലഭിച്ചപ്പോൾ പെട്ടി മടക്കി, ചാർളിയെ വിശ്വസിച്ച പലർക്കും നല്ല തുക നഷ്ടമായി. സംശയത്തിന്റെ യാതൊരു കണികയും ശേഷിപ്പിക്കാതെ എളിയ ജീവിതവും സുവിശേഷതൽപ്പരതയും വിനയവും സ്നേഹവും കൊണ്ട് ഇവർ വ്യക്തികളിൽ വിശ്വാസീയത ജനിപ്പിക്കുന്നു. തുടർന്ന് വിദേശത്ത് പോകുവാൻ താല്പര്യമുള്ളവരോട് അതിനു വേണ്ടിയ സഹായങ്ങൾ (വിസ ഉൾപ്പടെ) വാഗ്ദാനം ചെയ്യുന്നു. ഇതിനിടയിൽ ചില പേപ്പറുകൾ ലഭിക്കാനെന്ന വ്യാജേന 10000 രൂപയിൽ കുറയാത്ത ഒരു തുക ആവശ്യപ്പെടും.വിദേശത്ത് ജോലി സ്വപ്നം കണ്ടിരിക്കുന്ന പാവങ്ങൾ ആധാരം പണയം വെച്ചും തുക നൽകും.

വ്യക്തികളെ കണ്ടെത്തുന്ന പാസ്റ്റർമാർക്ക് തട്ടിപ്പു വീരന്മാർ കമ്മിഷനും നൽകും, കോട്ടയം ജില്ലയിലെ പാമ്പാടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇത്തരം ഒരു തട്ടിപ്പ് സംഘത്തിന്റെ കെണിയിൽ അകപ്പെട്ട ചിലർ തങ്ങളുടെ അനുഭവം യുഗാന്ത്യ സന്ദേശത്തോട് വ്യക്തമാക്കി. പാമ്പാടിയിലും പരിസര പ്രദേശങ്ങളിലും വാക്യങ്ങൾ എഴുതിയ വാനിൽ കറങ്ങുകയായിരുന്ന സംഘം ഷിബു, രാജൻ എന്നി 2 യുവാക്കളെ വലയിൽ കോർത്തു,ഷിബുവിന് സൂപ്പർമാർക്കറ്റിലും, ഡ്രൈവറായ രാജന് കമ്പനി വാഹനത്തിലും ജോലി നൽകാമെന്നായിരുന്നു വാഗ്ദാനം. പോകാനുള്ള സമയം സമീപിക്കവെ തട്ടിപ്പു വീരന്മാർ തങ്ങളുടെ സ്ഥിരം അടവ് പുറത്തെടുത്തു. 10000 രൂപാ വേണം. ഇതിന് വഴങ്ങാതിരുന്ന യുവാക്കളെ ഭീഷണിപ്പെടുത്താനും ഊമക്കത്ത് അയക്കാനും സുവിശേഷകർ മടിച്ചില്ല. ഭീഷണിക്ക് മുമ്പിൽ വഴങ്ങാതിരുന്ന യുവാക്കൾ സുവിശേഷകന് കൈവെപ്പ് ശുശ്രൂഷ നടത്താൻ തുനിഞ്ഞപ്പോൾ മാത്രമാണ് ഈ കള്ളൻ അയഞ്ഞത്




- ലക്ഷ്യം തെറ്റുന്ന സുവിശേഷകന്മാർ വർദ്ധിക്കുന്നു.
- വിസാ കച്ചവടം സുലഭം
- സുവിശേഷീകരണ പ്രവർത്തനങ്ങളുടെ പുറം മോടിയിൽ പണക്കൊയ്ത്ത്

തട്ടിപ്പിന് എരിവും പുളിയും ചേർക്കുന്ന സുവിശേഷപ്രചാരണ വാഹനത്തിന്റെ ഉടമ പാമ്പാടിയിലുള്ള ഒരു പാസ്റ്ററുടെ മകന്റെ സ്നേഹിതനാണ്. വിദേശത്തെ കൂട്ടുകാരനും സ്വദേശത്തെ അപ്പനും മകനും ചേർന്ന് നടത്തുന്ന സുവിശേഷ വിസാ വാണിഭത്തിന് ആശിർവാദവുമായി പ്രധാനികളും രംഗത്ത് ഉണ്ട്. പാവപ്പെട്ടവന്റെ വീട് പോയാലും വൃക്ക പോയാലും കാശിന് പിടിവലികൂടുന്ന ആലയങ്ങളിലെ വാണിഭക്കാരെ പലയിടത്തും നാട്ടുകാരും പോലിസുകാരും ചമ്മട്ടികൊണ്ട് കൈകാര്യം ചെയ്യും. പലരും അറിഞ്ഞസത്യത്തിൽ നിന്നും പിന്മാറി ലോകത്തിലേക്ക് പോയത്, ഇത്തരം പ്രവർത്തികൾ കാരണമാണ്. വിശ്വാസി സമൂഹത്തിൽ ബലഹീനരായവരുടെ ആത്മീയ നിലനിൽപ്പിന് ഭീക്ഷണിയായ ഇത്തരം വ്യക്തികൾ സഭയുടെ ശിക്ഷാനടപടിക്ക് യോഗ്യർ തന്നെയെന്നതിൽ രണ്ട് പക്ഷമില്ല. സുവിശേഷകൻ സുവിശേഷകന്റ പ്രവർത്തിചെയ്യട്ടെ. വിസാകച്ചവടം ട്രാവൽ ഏജൻസികൾ ചെയ്യട്ടെ. വിദേശജോലിയിൽ തല്പരായവർ സർക്കാർ അനുമതിയോടെ നടക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെടുക. സത്യത്തിന്റെ തോളിലാണ് അസത്യവും വരുന്നതെന്ന് തിരിച്ചറിയുക. വഞ്ചനാധാരികളുടെ വലക്കണ്ണികളിൽ അകപ്പെടാതിരിക്കാൻ ഉത്തിഷ്ഠത.... ജാഗ്രത.


7 കണ്ണീർക്കയങ്ങളിലെ ചാനൽ 'ഷോ'കൾ

2 സാത്താൻ സഭയുടെ അകത്തളങ്ങൾ

9 സൂപ്പർ ബൈബിൾ ക്വിസ്

4 എബ്രായലേഖനം ഒരു പഠനം


## അപ്പോളജറ്റിക്കൽ കൗൺസിൽ കാലഘട്ടത്തിന്റെ ആവശ്യകത: പാസ്റ്റർ എം. കുഞ്ഞപ്പി



പെന്തക്കോസ്ത് അപ്പോളജറ്റിക്കൽ കൗൺസിൽ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്യുന്നു.

**തിരുവല്ല:** പെന്തക്കോസ്തു സഭകളിൽ വർദ്ധിച്ചുവരുന്ന ദുരുപദേശ പ്രചരണങ്ങളേയും വികലമായ വചന വ്യാഖ്യാനങ്ങളേയും എതിർക്കുവാനും യഥാർത്ഥ വചന സത്യത്തിലേക്ക് ജനത്തെ നയിക്കുവാനും ബോധവല്ക്കരിക്കുവാനും ആയി രൂപീകരിച്ച പെന്തകോസ്തൽ അപ്പോളജിറ്റിക്സ് കൗൺസിലിന്റെ ആദ്യ ഏകദിന സെമിനാർ തിരുവല്ല ശാന്തിനിലത്തിൽ ഫെബ്രുവരി 23 നു നടന്നു. പാസ്റ്റർ ഫിലിപ്പ് പി തോമസിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ എം.കുഞ്ഞപ്പി സെമിനാർ ഉദ്ഘാടനം ചെയ്തു. പെന്തക്കോസ്ത് അനുഭവത്തെ കച്ചവടച്ചരക്ക് ആക്കുവാനുള്ള ചിലരുടെ ശ്രമം സഭയെ തകർച്ചയിലെത്തിക്കുമെന്ന് പാസ്റ്റർ എം.കുഞ്ഞപ്പി പറഞ്ഞു. ശുശ്രൂഷകന്മാരും ,പ്രസംഗകരും, ഏഴുത്തുകാരും തങ്ങളെ ഭരമേല്പിച്ച വിശ്വാസത്തിനായി പോരാടണ

ശേഷം 9–ാം പേജിൽ

## പെന്തെക്കോസ്തു കോൺഫറൻസ് ജീവകാരുണ്യ സഹായ വിതരണം




പി.സി.എൻ.എ.കെ. ജീവകാരുണ്യ സഹായവിതരണത്തിൽ ഡേവിഡ് കുരുവിള പ്രസംഗിക്കുന്നു.

**തിരുവല്ല:** 28–ാമത് പി.സി.എൻ.എ.കെയുടെ ചുമതലയിൽ ജീവകാരുണ്യ വിതരണം നടത്തി. ഹൂസ്റ്റണിൽ നടന്ന സമ്മേളനത്തിൽ ലഭിച്ച വരുമാനത്തിന്റെ മിച്ചം തുകയിൽ നിന്നാണ് ഭവനനിർമ്മാണ സഹായം, വിവാഹസഹായം, മിഷൻ സഹായം എന്നിവ നൽകിയത്. തിരുവല്ലയിൽ പാസ്റ്റർ കെ. എം. ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ വി.എം. ഏബ്രഹാം, ഫിലിപ്പ് പി. തോമസ് എന്നിവർ സഹായവിതരണം നിർവ്വഹിച്ചു. പാസ്റ്റർ റ്റി.ജി. കോശി, പി.എം. ഫിലിപ്പ്, പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ഈപ്പൻ ചെറിയാൻ, പാസ്റ്റർ എ.എം. വർഗ്ഗീസ്, സി.വി.മാത്യു എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജെ. ജോസഫ്, സാംകുട്ടി മാത്യു തുടങ്ങിയവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ വി.എം. ഏബ്രഹാം (കൺവീനർ) ജെയ്ൻ കെ. മാത്യു (സെക്രട്ടറി), ഡേവിഡ് കുരുവിള (ട്രഷറാർ), ബോബി പി. തോമസ് (യൂത്ത് കോ–ഓർഡിനേറ്റർ) എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

## ന്യു ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ




**തിരുവല്ല:** ന്യു ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ പായിപ്പാട് ന്യു ഇൻഡ്യാ ബൈബിൾ സെമിനാരി ബോയ്സ് ഹോസ്റ്റൽ ഗ്രൗണ്ടിൽ വച്ച് നടന്നു.സഭാ പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർ സണ്ണി താഴാംപള്ളം, പ്രൊഫസർ മാത്യു പി തോമസ്, സുവി.പി.ഐ എബ്രഹാം, സിസ്റ്റർ സൂസൻ തോമസ് (ബഹറിൻ) എന്നിവർ പ്രസംഗിച്ചു. വിമൻസ് ഫെലോഷിപ്പ് വാർഷിക സമ്മേളനത്തിൽ ഡോ. ജോളി താഴാമ്പള്ളവും സണ്ടേസ്കൂൾ യുവജന വാർഷിക സമ്മേളനത്തിൽ ഡോ: ജെയ്സൺ തോമസും മുഖ്യ സന്ദേശം നൽകി.

## പാസ്റ്റർ ഷാജി കെ ദാനിയേൽ പേട്രൺ



**തിരുവല്ല:** യുഗാന്ത്യ സന്ദേശം പത്രത്തിന്റെ പേട്രണായി പാസ്റ്റർ ഷാജി കെ ദാനിയേൽ (ഡാളസ്) പ്രവർത്തിക്കും. അഗാപ്പെ ഫുൾ ഗോസ്പൽ മിനിസ്ട്രിയുടെ സ്ഥാപക പ്രസിഡന്റായ പാസ്റ്റർ ഷാജി കെ ദാനിയേൽ അറിയപ്പെടുന്ന സുവിശേഷ പ്രസംഗകനും, ഗാനരചയിതാവുമാണ്.

## കുവൈറ്റിൽ ചർച്ച് ഓഫ് ഗോഡ് സഭകൾക്ക് റീജിയൻ



പാ. തോമസ് മാത്യു സി.



ബ്രദ. മാത്യു ഡാനിയേൽ



ബ്രദ. സണ്ണി ജോർജ്ജ്

**കുവൈറ്റ്:** കുവൈറ്റിലെ ചർച്ച് ഓഫ് ഗോഡ് കേരള സഭകൾക്ക് റീജിയൻ നിലവിൽ വന്നു. സംസ്ഥാന ഓവർസീയർ പാസ്റ്റർ എം.കുഞ്ഞപ്പിയുടെ അധ്യക്ഷതയിലാണ് റീജിയൻ രൂപീകരിച്ചത്. പ്രസിഡന്റായി പാസ്റ്റർ തോമസ് മാത്യു സി. (കുവൈറ്റ് ചർച്ച് ഓഫ് ഗോഡ്) തെരഞ്ഞെടുക്കപ്പെട്ടു. സഭകളുടെ പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടവർ ഫെബ്രുവരി ഒൻപതിന് കൂടിയ ആദ്യ റീജിയൻ കമ്മറ്റിയിലാണ് കൂടുതൽ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് സഭയിലെ ബ്രദർ മാത്യു ഡാനിയേലാണ് സെക്രട്ടറിയായി നിയമിതനായത്. അഹമ്മദി ചർച്ച് ഓഫ് ഗോഡിലെ ബ്രദർ സണ്ണി ജോർജ്ജാണ് ട്രഷറാർ.

മറ്റു ഭാരവാഹികൾ: പാസ്റ്റർ ജോൺസൺ ജോർജ്ജ് (വൈസ്

ശേഷം 9–ാം പേജിൽ

YUGANTHYA SANDHESHAM

Patron
Rev. Shaji K. Daniel
Chief Editor
Rev. Shibu K. Mathew B.D. M.Th.
Managing Editor
Rev. J. Joseph
Manager
K.M. Jacob
General Editor
Christy P. John
Editorial Director
John P. Ninan
Circulation Manager
Jacob Itty
Sub Editor
Rev. A.T. Joseph
Office Manager
Pr. Shaiju Thomas
Contributing Editors
Rev. K. A. Oommen
Rev. Zack Varghese, Tulsa
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Lovegi Mathews Elias B.D.
Overseas Editors
Rev. John Thomas, Houston
Rev. Joe Kurian, England
Rev. P. P. Kurian
Nibu Vellavanthanam, Newyork
Rev. Babu M. John, Florida
Rev. Thomas C. Mathew, Kuwait
Rev. Joy Abraham U.A.E
Advisory Board
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
A. V. Philipose, Dallas
George Pappy, New York
K. Abraham Konni
Rev. T. Thomas
John C. Philip, Houston
Varghese George, Dubai
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese
Bro. Ninan Mathew UAE
Rev. P. C Cherian
Viju Thomas, Dallas
Co-ordinators
Kuwait: A.V. Sunny
Mathew Daniel
Abudhabi: Rev. P.T Prasad
Thomas Ninan
Dubai: Rev. Babu Cherian
Rev. Jose Mallissery
Sharjah: Rev. Jose George
Doha: Lalu Jacob
Saudi Arabia: C. C. Chacko
Saji Chacko
Reji C. Abraham
Philip Abraham
England: Rohit Joseph
Singapore: Manoj O. Jacob
Canada: Jaison Varghese
Jamaica: Mohan
Florida: Samjee Varghese
Dallas: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
Houston: James Samuel
Tennassee: Thomas Chacko
Chicago: Alex Ninan
Detroit: Roy Markose
Philadelphia: Jacob Varghese
New Jersy: Rev. Rajan Skaria
New York:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
Boston: Vinod
Washington Siatil:
Rev. M. G. Abraham
Okalahoma: Wilson John
California: Reni

Yuganthya Sandhesham
P.O. Box - 66
Thiruvalla - 1
Ph : 0469-2602838
Mob : 9349918737
E-mail:ysandhesham@saintly.com

**പത്രാധിപലേഖനം**

# വേറൊരു സുവിശേഷം

**മു**ഖ്യധാരാ പെന്തക്കോസ്തു സഭകൾ ദുരുപദേശ പ്രസംഗകരേയും ദൈവ വചനത്തെ തെറ്റായി വ്യാഖ്യാനിക്കുന്നവരേയും അകറ്റി നിർത്തുന്ന സമയമാണല്ലോ ഇത്. കഴിഞ്ഞ ചില വർഷങ്ങളായി ഇത്തരക്കാർ പെന്തക്കോസ്തു സഭാ വേദികൾ കൈയടക്കിയിരിക്കുകയായിരുന്നു. ഒരളവുവരെ പെന്തക്കോസ്ത് എന്നാൽ ഇവരാണ് എന്നതായിരുന്നു സ്ഥിതി. സഭകളുടെ സ്ഥിതി ഇതിലൂടെ ഭദ്രമായി എന്ന് ഇവിടെ സ്ഥാപിക്കുവാൻ ശ്രമിക്കുകയല്ല, മറിച്ച് പെന്തക്കോസ്തിനെഗ്രസിച്ചിരുന്ന ദുർഭൂതളെ പുറത്താക്കുവാൻ ദൈവ വചനത്തോട് പ്രതിബദ്ധതയുള്ള ചില നേതാക്കന്മാർക്കു കഴിഞ്ഞുയെന്നത് ശ്രദ്ധിക്കേണ്ട ഒന്നുതന്നെയാണ്.

ഒന്നാം നൂറ്റാണ്ടിലെ സഭയിൽത്തന്നെ ഇത്തരക്കാർ നുഴന്ന് കയറിയിരുന്നു. എന്നാൽ മുളയിലേ അത് നുള്ളിക്കളയുവാൻ അപ്പോസ്തോലന്മാർക്കു കഴിഞ്ഞു. ആധുനിക അപ്പോസ്തോലന്മാർ എന്ന് മേനി പറഞ്ഞ് നടക്കുന്ന പലർക്കും ഇത്തരക്കാരിൽ ഒളിഞ്ഞു കിടക്കുന്ന സാത്താന്യ തന്ത്രങ്ങളെ തിരിച്ചറിയുവാൻ പോലും കഴിയുന്നില്ലായെന്നതു എത്ര ഖേദകരമാണ്. സാമ്പത്തീക പരാധീനതകളും കടുത്ത ആരോഗ്യ പ്രശ്നങ്ങളും വേട്ടയാടുന്ന അനേകം ബലഹീന വിശ്വാസികളുടെ മുമ്പിൽ ഇൻസ്റ്റന്റായി വിടുതൽ, അനുഗ്രഹം തുടങ്ങിയവ ലഭിക്കുമെന്ന് പറഞ്ഞ് ഇവരുടെ നിർമ്മല ഹൃദയത്തെ ചൂഷണം ചെയ്യുകയായിരുന്നു ഇക്കൂട്ടർ. നിർഭാഗ്യവശാൽ ഇത്തരം പ്രതിസന്ധികളിലൂടെ വിശ്വാസത്തിലേക്കു വരുന്നവരുടെ എണ്ണം ഒട്ടനവധിയാണ്.

ലോകരക്ഷകനായ യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന പാപമോചനത്തെക്കാളും ആത്മീകാനുഭവങ്ങളെക്കാളും ജീവൽ പ്രശ്നങ്ങളുടെ പെട്ടെന്നുള്ള പരിഹാരമാണ് ഇക്കൂട്ടരുടെ ലക്ഷ്യം.ആകയാൽ പുതിയ വിശ്വാസികൾ നൂതനഉപദേശകരുടെ വിളനിലമായി മാറി. " മുന്നമേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവീൻ, എന്നാൽ നിങ്ങൾക്കാവശ്യമുള്ള ഭൗമീക നന്മകളെല്ലാം നൽകും" എന്ന നാഥന്റെ വാക്കുകൾക്കു ഇവർ എന്തർത്ഥമാണോ നൽകുന്നത്?. സുവിശേഷ പ്രഭാഷണങ്ങൾ ലളിതവും വ്യക്തമായതും ആകണം. മത്രവുമല്ല, ക്രിസ്തുവിലൂടെ ലഭിക്കുന്ന ആത്മ രക്ഷയായിരിക്കണം സന്ദേശങ്ങളുടെ കാതൽ. രക്ഷാ ദൂത് വെളിപ്പെടാത്തവ സുവിശേഷമല്ല. അത് വേറൊരു സുവിശേഷമാണ്. അത് പ്രസ്താവിക്കുന്നവൻ ശാപയോഗ്യനാണ്.



**പാസ്റ്റർ ജെ. ജോസഫ്**

പുതിയ നിയമത്തിലൂടെ വ്യക്തമായി തെളിയിക്കുവാൻ സാധിക്കുന്ന സുവിശേഷത്തിന് പഴയനിയമ കഥകൾ സ്വന്ത ഭാവനയിൽ മെനഞ്ഞെടുക്കുന്ന വ്യഖ്യാനങ്ങൾ നൽകുന്നതാണ് ഇവിടുത്തെ അപകടം. ലളിതമായ രക്ഷാ സന്ദേശത്തെ വ്യഖ്യാനങ്ങളുടെ നൂലാമാലകളിൽ കുരുക്കി സങ്കീർണ്ണമാക്കുകയും, ദുർഗ്രഹവും നിഗൂഢവുമായ അർത്ഥങ്ങൾ നൽകി അവതരിപ്പിക്കുന്ന ഒരുതരം നൂതന ശൈലിക്ക് ഇക്കൂട്ടർ രൂപം കൊടുത്തിട്ടുണ്ട്. നിർമ്മല സുവിശേഷം മാത്രം പ്രസംഗിക്കേണ്ട കൺവൻഷൻ വേദികളിൽ പൊതുജനത്തിന് ഒന്നും മനസ്സിലാക്കുവാൻ സാധിക്കാത്തനിലയിൽ സഭയ്ക്കകത്തു മാത്രം ചെയ്യേണ്ട ശുശ്രുഷകൾ ചെയ്ത് തൃപ്തിയടയുന്നു.

ഈ വൈകിയ വേളയിൽ സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത ശുശ്രുഷകനായി കർത്താവിനു വേണ്ടി നിൽക്കുവാൻ നമുക്കു തയ്യറാകാം.

# സാത്താന്യ സഭയുടെ അകത്തളങ്ങളിലേക്ക്

**ദൈവത്തിന്റെ സ്വന്തം നാട്ടിലെ പ്രമുഖ നഗരങ്ങൾ സാത്താൻ സഭയുടെ വലകണ്ണികളിൽ കുരുങ്ങുന്നു. പാശ്ചാത്ത്യരാജ്യങ്ങളിൽ മാത്രം പ്രചരിച്ചിരുന്ന ഈ അധാർമ്മിക പ്രവർത്തനം ഇന്ത്യയിൽ ശക്തമായിക്കൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മുംബെയിലും ഡൽഹിയിലും ഉള്ള നിശാക്ലബുകളുടെ മറപറ്റി ഇന്ത്യയിൽ രംഗപ്രവേശം ചെയ്ത സാത്താൻ സഭ ബാംഗ്ലൂരിലും സജീവമായതോടെയാണ് കേരളത്തിലേക്കും വ്യാപിച്ചത്. യുവാക്കളിലെ സംഗീതതാൽപ്പര്യവും ഫാഷൻ ഭ്രമവും മുതലെടുത്താണ് ഇവർ പദ്ധതികൾ ആവിഷ്കരിക്കുന്നത്. കേരളത്തിൽ പാലാ, കോട്ടയം, തിരുവനന്തപുരം, തിരുവല്ല, കോഴഞ്ചേരി, കൊച്ചി എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായും സാത്താൻ സഭ കൂടുന്നത്. അനേക യുവാക്കൾ സാത്താന്യ സഭയിലേക്ക് ആകർഷിക്കപ്പെടുന്നതിനാൽ സാത്താൻ സഭയുടെ അകത്തളങ്ങളെക്കുറിച്ച് യുഗാന്ത്യസന്ദേശം നടത്തിയ അന്വേഷണ പരമ്പര ഈ ലക്കം അവസാനിക്കുന്നു.**

**ഒൻപത് സാത്ത്യാന്യ പാപങ്ങൾ**

(1) **ഭോഷത്തരം:** മനുഷ്യൻ ലോകത്തേയും,ലോകസുഖങ്ങളും മതിവരുവോളും അനുഭവിക്കണം.അങ്ങനെ അനുഭവിക്കാതിരിക്കുന്നത് വേദനജനകമാണ് അത് പാപമാണ്, അതിനെ ഭോഷത്വം എന്ന് പറയാം.

(2) **കപടവേഷം:** മനുഷ്യന്റെ ശരിരത്തിന് ഉന്നതമായ സ്ഥാനമാണ് ഉള്ളത്,അതുകൊണ്ട് അതു പ്രദർശിപ്പിക്കണം.ശരീരം മുഖ്യ ആകർഷണ ഘടകം ആയതുകൊണ്ട് വേഷവിതാനങ്ങളാൽ അതിനെ മറയ്ക്കരുത്.

(3) **സോളിപ്സിസം:** ഒരുവന്റെ ആത്മാവ് മാത്രമാണ് സുനിശ്ചിതം, ശരീരം നശിക്കുന്നതും,അതുകൊണ്ട് ശരീരത്തിന്റെ തോഷണം പരമപ്രധാനമാണ് അങ്ങനെ ചെയ്യാത്തത് പാപമാണ്.

(4)**സ്വയവഞ്ചന:** ഒന്നിനും ആദരവ് പ്രകടിപ്പിക്കരുത്,ഒരോ മനുഷ്യനും തന്റെ തന്നെ ദൈവമാണ് ആയതിനാൽ ഒരു സ്ഥാപനത്തിനെയോ ആശയത്തേയോ ആദരവ് കാണിക്കരുത്.

(5) **മൃഗാനുവർത്തനം:** മൃഗത്തിത്തിനു തുല്യമായി മറ്റുള്ളവരുടെ ആശയത്തിനോ ഭക്തിക്കോ ആത്മിയതക്കൊ അടിമയാകരുത്.സ്വയസ്വാതന്ത്ര്യത്തിൽ അധിഷ്ഠതമായി മനുഷ്യൻ തനിക്ക് ഏറ്റവും പ്രയോജനപ്രദമായ രീതിയിൽ വേണം ജീവിക്കുവാൻ.

(6) **നിരീക്ഷണ പാടവം കുറവായിരിക്കുക:** മനുഷ്യൻ ഒരോ ദിവസവും ചരിത്രം സ്രഷ്ടിക്കുന്നവരാകായാൽ നാം എന്നും നമ്മുടെ ചുറ്റുപാടുകളെ നിരിക്ഷിക്കണംഎന്തിനെന്നാൽ ഇന്നത്തെ ഈ ലോക വ്യവസ്ഥിതികളിൽ നിന്നും മാറി മറ്റൊരു ലോകത്തിനു വേണ്ടി പ്രവർത്തിക്കുന്നവരാകായാൽ അത് അത്യന്താപേക്ഷിതമാണ്.

(7) **യഥാസ്ഥിതികത്വം മറന്നു പോകുക:** ലോക മോഹ സുഖങ്ങളിൽ നിന്നും മനുഷ്യനെ വ്യതിചലിപ്പിക്കുവാൻ ആത്മീകതയുടെ പേരീൽ മസ്തിഷ്ക പ്രഷാളനം നടത്തുന്നവരിൽ നിന്നും നാം ഒഴിഞ്ഞ് മാറണം.

(8)**അഹങ്കാരം:**നമ്മളിലെ എല്ലാ ഗുണഫലങ്ങളും ലോകസുഖത്തിനുള്ളതാണ് അതിൽ നാം അഹങ്കരിക്കണം.കഷ്ടനഷ്ടങ്ങൾ നന്മ എന്ന് എണ്ണുന്നത് പാപമാണ്.

(9) **രസാനുഭവ സിദ്ധാന്തം;** ഭൂമിയിലുള്ള എല്ലാ സുഖങ്ങളും നമുക്കുവേണ്ടിയുളളതാണ്, അതെല്ലാം നാം അനുഭവിക്കണം.

**സഭയുടെ അഗ്വത്വം**

സാത്താന്യ സഭ ആരേയും നിർബന്ധിച്ച് അംഗങ്ങൾ ആക്കുന്നില്ല.എന്നാൽ ഇന്റർനെറ്റിൽ പ്രത്യക്ഷപ്പെടുന്ന വിവിധ സൈറ്റുകൾ വഴി സാത്താന്യ സഭയുടെ മഹത്വത്തേക്കുറിച്ചും അതിലുടെ ലഭ്യമായി തീരുന്ന ലോകസുഖങ്ങളെക്കുറിച്ചും ഉള്ള വർണ്ണനകൾ സാത്താന്യ സഭയിലേക്ക് അനേകരെ ആക്രക്ഷ്ടരാക്കുന്നു. ഒരുവൻ അംഗം ആകണമെങ്കിൽ സാത്താന്യ സഭ നിർദ്ദേശിക്കുന്ന അനേക കടമ്പകളിൽക്കൂടെ കടന്നുപോകണം പ്രധാമായും സാത്താന്യ സഭയ്ക് രണ്ടു തരത്തിലുള്ള അംഗത്വം ആണ് ഉള്ളത്.ഒന്നാമത്തേത് സാധരണ അംഗത്വവും,രണ്ടമത്തേത് സജീവ അംഗത്വവും.സാധരണ അംഗത്തിന് ആരാധനയിൽ പങ്കെടുക്കുക എന്നതിലുപരി യാതൊരു ഉത്തരവാദിത്വത്തവും ഭരമേല്പിക്കപ്പെടുന്നില്ല.എന്നാൽ സജീവ അംഗത്വം ഉത്തരവാദിത്വപൂർണ്ണമാണ് കാരണം സഭയുടെ പൗരോഹിത്യം അടക്കമുള്ള അഞ്ചു പടികൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ഒരുവൻ സജീവ അംഗം ആകുന്നതിന് സാത്താൻ സഭയിൽ നിന്ന് നേരിട്ടോ, സഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നൊ ലഭ്യമായിതീരുന്ന അപേക്ഷാ ഫോമും. 200 യു.എസ് ഡോളറും ചേർത്ത് നൽകി കാത്തിരിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന പക്ഷം സാത്താൻ സഭ നടത്തുന്ന അഭിമുഖത്തിൽ പങ്കെടുത്ത് ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നല്കണം.അപേക്ഷാ നിയമം അനുസരിച്ച് അപേക്ഷാ ഫോമിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയിൽ അപേക്ഷ നൽകാൻ പാടില്ല, മാത്രമല്ല സഭയുടെ ഉന്നാതാധികാര സമിതിയിലേക്ക് ആദ്യമേ തന്നെ അപേക്ഷിക്കുവാനും പാടില്ല. അംഗത്വത്തിന് അപേക്ഷിക്കുന്ന ഒരുവന്റെ പൗരത്വം ഏത് രാജ്യത്താണോ ആ രാജ്യത്തിന്റ നിയമപ്രകാരം അപേക്ഷിക്കുന്ന വ്യക്തി പ്രായപൂർത്തിയായി എന്ന് തെളിയക്കണം.പ്രായപൂർത്തി ആകുന്നു എങ്കിൽ മാത്രമേ സഭയിൽ അംഗത്വം ലഭിക്കുകയുള്ളു.എന്നാൽ ചില പ്രാത്യേക സാഹചര്യത്തിൽ സാത്താന്യ സഭയുടെ രീതികളും ഉപദേശങ്ങളും തത്വസംഹിതകളും മനസ്സിലാക്കുവാൻ കഴിയുന്ന കൗമാരാക്കാർക്ക് സാത്താന്യ സഭയുടെ ആരാധനയിൽ പ്രവേശനം നൽകും, എന്നാൽ അംഗത്വം നൽകുന്നത് പ്രായപൂർത്തിയായിക്കഴിഞ്ഞ് മാത്രമായിരിക്കും.അപേക്ഷ സ്വീകരിച്ച് അംഗത്വം ലഭിക്കുന്നവർക്ക് ഇവർ അംഗങ്ങൾ ആണ് എന്ന് തെളിയിക്കുന്ന രഹസ്യ നമ്പരടങ്ങിയ ഒരു ചുവപ്പു കാർഡ് ലഭിക്കുന്നു.പിന്നിടാണ് ഒരോ പടിയിലേക്കും ഉള്ള സ്ഥാനകയറ്റം ഒരൊ പടിയിലേക്കും ഉള്ള സ്ഥാനകയറ്റത്തിന് വേണ്ട യോഗ്യതകളും നിബന്ധനകളും എന്തെന്ന് അംഗികരിക്കപ്പെട്ട അംഗത്തിന് അല്ലാതെ ആർക്കും വെളിപ്പെടുത്തകയില്ല. ഒന്നാം പടി സജീവാഗം രണ്ടാമത് രജിസ്റ്റേർഡ് അംഗം മുന്ന് മുതൽ അഞ്ചു വരെ ആണ് പൗരോഹിത്യ സ്ഥാനങ്ങൾ.ഇവരെ റവറന്റ് എന്നോ ഡോക്ടർ എന്നാ വിളിക്കുന്നു

**പ്രതിനിധികളും പുരോഹിതന്മാരും**

സാത്താന്യ സഭയ്ക്ക് ആളുകളെ സഭയിൽ ചേർക്കുന്നതിനും സഭയുടെ ആശയങ്ങളും തത്വസംഹിതകളും പ്രചരിപ്പിക്കുന്നതിനും, സാത്താന്യ സഭയിൽ അംഗത്വം എടുക്കുവാൻ ആഗ്രഹിക്കുന്നവരോട് സഭയുടെ ആശയങ്ങളും തത്വസംഹിതകളും വിശദികരിക്കുന്നതിനും, മാധ്യമങ്ങളോട് സംസാരിക്കുന്നതിനും പ്രത്യേക പ്രതിനിധികൾ ഉണ്ട്.



**പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ**

അതു പോലെ തന്നെ സാത്താന്യ സഭയുടെ എല്ലാ പുരോഹിതന്മാരും സഭയുടെ ആശയങ്ങളും തത്വസംഹിതകളുടെയും പ്രചരകരാണ്. ഇവരെ പുരോഹിതൻ, പുരോഹിത, മാജിസ്റ്റേ, മാഗാസ്, മാഗാ എന്ന് വിളിക്കുന്നു സാത്താന്യ സഭ അവരുടെ സജീവാംഗങ്ങളിൽ നിന്ന്, സമുഹത്തിൽ ഉന്നത സ്ഥാനമുള്ളവരേയും, കഴിവുള്ളവരും, സമുഹം ബഹുമാനിക്കുന്നവരുമായി സമുഹത്തിന് പ്രയോജനപ്പെടുന്നവരെയാണ് സഭയുടെ പുരോഹിതത്വത്തിനായാണ് പരിഗണിക്കുന്നത്.ഇവർ സാത്താന്യ സഭ നൽകിയ റാങ്ക് രഹസ്യമായി സൂക്ഷിക്കുകയും, ആശയങ്ങളും തത്വസംഹിതകളും വിശദികരിക്കുന്നതിന് സമർത്ഥരുമായ സഭയുടെ വക്താക്കളായിരിക്കണം.

**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ**
**ബെഥേൽ ലേഡീസ് ബൈബിൾ കോളേജ്**
**കുമ്പനാട്**
**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

| കോഴ്സ് | കാലാവധി | മീഡിയം | യോഗ്യത |
|---|---|---|---|
| G.Th | 3 വർഷം | മലയാളം | 10 |
| B.Th | 3 വർഷം | മലയാളം | +2 |
| B.Th | 3 വർഷം | ഇംഗ്ലീഷ് | +2 |

**പ്രത്യേകതകൾ**

- വേദപരിജ്ഞാനവും അനുഭവസമ്പന്നരുമായ അദ്ധ്യാപകർ
- സുവിശേഷവേലയിൽ പ്രായോഗിക പരിശീലനം
- ഹോം നഴ്സിംങ് പരിശീലനം
- കംപ്യൂട്ടർ പരിശീലനം
- കൗൺസിലിംഗിൽ പരിശീലനം
- ഉന്നതവിജയികൾക്ക് തുടർപഠനാവസരം

*പ്രിൻസിപ്പാൾ*
**സിസ്റ്റർ. സൂസി ജോൺസൺ, MA, BEd, MTh**

**ഫോൺ: 9495989659, 0469 – 2665933**

# ചർച്ച് ഓഫ് ഗോഡ് സെന്ററൽ വെസ്റ്റ് റീജയൻ വിശാലതയിലേക്ക്



റവ. ജോസഫ് മാത്യു, റവ. കെ. ഒ. സ്റ്റീഫൻ, റവ.വി.ഒ. വർഗീസ്, റവ.ബാബു തങ്കച്ചൻ, റവ.പി.റ്റി. ജേക്കബ്

**മുംബൈ:** ചർച്ച് ഓഫ് ഗോഡ് സെന്റൽ വെസ്റ്റ് റീജയൻ ഓവർസിയർ പാസ്റ്റർ ജോസഫ് മാത്യുവിന്റെ നേതൃത്വത്തിൽ പുതിയ ഡിപ്പാർട്ടുമെന്റ് ഭാരവാഹികൾ ചുമതല ഏറ്റെടുത്തു. അഡൈ്വസറി & പ്ലാനിംഗ് ബോർഡ് ഡയറക്ടറായി പാസ്റ്റർ കെ. ഒ. സ്റ്റീഫനും, ഇവാഞ്ചിലിസം ഡയറക്ടറായി പാസ്റ്റർ വി.ഒ. വർഗീസും, ചാരിറ്റി ഡയറക്ടറായി പാസ്റ്റർ പി.റ്റി ജേക്കബ്ബും, വൈ.പി.ഇ സണ്ടേസ്കൂൾ ഡയറക്ടറായി പാസ്റ്റർ ബാബു തങ്കച്ചനും നിയമിതരായി. ഓവർസിയർ പാസ്റ്റർ ജോസഫ് മാത്യുവായിരിക്കും എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും ചെയർമാൻ ഒരോ ഡിപ്പാർട്ടുമെന്റിന്റെ ചെയർമാൻമാരേയും ഉൾപ്പെടുത്തി ഒരോ വകുപ്പിനും 5 പേർ അടങ്ങുന്ന ബോർഡ് പിന്നിട് വികസിപ്പിക്കും. എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും പ്രവർത്തനങ്ങൾക്ക് അഡൈ്വസറി & പ്ലാനിംഗ് കമ്മിഷന്റെ ശുപാർശയൊടെ റീജനൽ കൗൺസിലിന്റെ അംഗികാരം നേടേണ്ടതായിട്ടുണ്ട്.

# മലനാട് കൺവൻഷൻ സമാപിച്ചു



പാസ്റ്റർ ഷാജി ഇടുക്കി മലനാട് കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു.

**ഇടുക്കി:** മലനാട്ടിലുള്ള ദൈവജനം ക്രിസ്തുവിലുള്ള സ്വാതന്ത്രം അനുഭവിച്ചറിയുവാൻ സജ്ജരാകുവാൻ മലനാട് പെന്തക്കോസ്ത് കൂട്ടായ്മയുടെ ചെയർമാൻ പാസ്റ്റർ ഷാജി ഇടുക്കി ഉദ്ബോദിപ്പിച്ചു. ഇടുക്കി ഐ.ഡി.എ ഗ്രൗണ്ടിൽ നടന്ന 10-ാമത് മലനാട് കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദഹം.ലീഡേഴ്സ് ഫോറം സെക്രട്ടറി പാസ്റ്റർ പി.വി സജി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ: ഡോ: രാജു തോമസ് മുഖ്യപ്രഭാഷണം നടത്തി. പാസ്റ്റേഴ്സ് കോൺഫറൻസിൽ നാഷണൽ പ്രയർ മൂവ്മെന്റിന്റെ നാഷണൽ ചെയർമാൻ ഡോ: കെ.വി പോൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി, യോഗങ്ങളിൽ റവ; പാപ്പി മത്തായി,ഡോ: ഐസക്ക് വി മാത്യു, തെരേസാ പോൾ, ഷീലാ ദാസ് എന്നിവർ ദൈവവചനം ശുശ്രുഷിച്ചു

# വൈ.പി.ഇ സമ്മർ ക്യാമ്പ് പത്തനംതിട്ടയിൽ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് വൈ.പി.ഇ സമ്മർ ക്യാമ്പ് ഏപ്രിൽ 13,14 തീയതികളിൽ പത്തനംതിട്ട എ.ജി. റ്റി.ഓഡിറ്റോറിയത്തിൽ വെച്ച് നടക്കും. പ്രസിഡന്റ് പാസ്റ്റർ വൈ.റെജി ഉദ്ഘാടനം ചെയ്യുന്ന ക്യാമ്പിൽ പാസ്റ്റർ എം കുഞ്ഞപ്പി, പാസ്റ്റർ ബെൻസൺ മത്തായി(ദോഹ) എന്നിവർ പ്രധാന പ്രസംഗകരായിരിക്കും. സാങ്കേതിക മികവിലും ശാസ്ത്രജ്ഞാനത്തിലും, മാധ്യമ വിപ്ലവത്തിന്റെ മാസ്മരികതയിലും നിറഞ്ഞു നിൽക്കുന്ന 21-ാം നൂറ്റാണ്ടിൽ ദൈവസഭയിലെ യുവജനങ്ങളെ വചന നിശ്ചയമുള്ള, ആത്മാവിൽ ശക്തരായ ഒരു ഭാവി തലമുറയായി വാർത്തെടുക്കയാണ് ക്യാമ്പിന്റെ ലക്ഷ്യം. രജിസ്ട്രേഷൻ ഫീസ് 200 രൂപാ.

# നോർത്തമേരിക്കൻ ചർച്ച് ഓഫ്ഗോഡ് കോൺഫറൻസ് ലോക്കൽ കമ്മറ്റി



പാസ്റ്റർ മാത്യു തോമസ്, ബ്രദർ ഷാജി സാമുവേൽ, ബ്രദർ സാം ചെറിയാൻ, ബ്രദർ ആഷിഷ് അലക്സാണ്ടർ

**ഹൂസ്റ്റൺ:** 16-ാമത് നോർത്തമേരിക്കൻ ചർച്ച് ഓഫ്ഗോഡ് കോൺഫറൻസിന്റെ സുഗമമായ പ്രവർത്തനത്തിന് ലോക്കൽ നേതൃത്വത്തെ തെരഞ്ഞെടുത്തു.

പാസ്റ്റർ മാത്യു തോമസ് (കോഡിനേറ്റർ), ബ്രദർ ഷാജി സാമുവേൽ (സെക്രട്ടറി), ബ്രദർ സാം ചെറിയാൻ (ട്രഷറാർ), ബ്രദർ ആഷിഷ് അലക്സാണ്ടർ (യൂത്ത് കോഡിനേറ്റർ) ബ്രദർ ജോഷ്വാ ജോസഫ്, ബ്രദർ ബഞ്ചമിൻ വർഗീസ്, ബ്രദർ വർഗീസ് വർഗീസ്, ബ്രദർ ഏബ്രഹാം ജോൺസൺ, ബ്രദർ ഷാജി ജോർജ്, ബ്രദർ ഷൈൻ ഐയ്പ്, റവ. അലക്സ് റ്റി. ഫിലിപ്പ്, ബ്രദർ. വിജു തോമസ്, സിസ്റ്റർ അനിതാ സതീഷ് , സിസ്റ്റർ ഗ്രേസി മാത്യു, സിസ്റ്റേഴ്സ് ബിറ്റി ജോർജ്, എലിസബത്ത് ജോർജ് , ഫിനോയ് ജോൺസൺ എന്നിവരും റവ. സതീഷ്കുമാർ (പ്രസിഡന്റ്), റവ.സണ്ണി മാത്യു (വൈസ് പ്രസിഡന്റ്), പ്രൊഫ. സുശീൽ മാത്യു (സെക്രട്ടറി) ഇവാ. ഏബ്രഹാം തോമസ് (ട്രഷറാർ), ബ്രദർ ടോമി ഏബ്രഹാം (യൂത്ത്) തുടങ്ങിയവർ ഈ സമ്മേളനത്തിന്റെ എക്സി. കമ്മറ്റിയംഗങ്ങളായി പ്രവർത്തിക്കുന്നു.

# പി.സി.എൻ.എ.കെ പ്രമോഷണൽ യോഗം

**ന്യൂയോർക്ക്:** അമേരിക്കയിലെ ഏറ്റവും വലിയ മലയാളി പെന്തെക്കോസ്ത് സംഗമമായ 29-ാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് (പി.സി.എൻ.എ.കെ) കോൺഫ്രൻസിന്റെ പ്രമോഷണൽ യോഗം ഫെബ്രുവരി 20ന് ഒക്‌ലഹോമ ഫസ്റ്റ് ഐ.പി.സി ചർച്ചിൽ നടന്നു. റവ. കെ.ജെ കുറിയാക്കോസ് അധ്യക്ഷത വഹിച്ചു. നാഷണൽ കൺവീനർ റവ.തോമസ് മാത്യു, നാഷണൽ ട്രഷറർ ഷാജി മണിയാറ്റ് എന്നിവർ രജിസ്ട്രേഷൻ സ്വീകരിക്കും. റവ.ലൂക്കോസ് യോഹന്നാൻ, ബാലൻ പിള്ള, കുര്യൻ സക്കറിയ, വർഗീസ് ജോസഫ്, നോബിൾ സോളമൻ എന്നിവർ നേതൃത്വം നൽകി. 29-ാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫ്രൻസ് ജൂൺ 30 മുതൽ ജൂലൈ 3 വരെ ഒക്‌ലഹോമ കോക്സ് കൺവൻഷൻ സെന്ററിൽ നടക്കും. ദേശീയ ഭാരവാഹികളായി റവ. തോമസ് മാത്യു, റവ.തോമസ് എം കിടങ്ങാലിൽ, ഷാജി മണിയാറ്റ്, റവ.ടൈറ്റസ് ഈപ്പൻ എന്നിവർ പ്രവർത്തിക്കുന്നു.

# ഇവാഞ്ചലിസം ബോട്ട് റാലി



പാസ്റ്റർ പി. ജി. മാത്യൂസ് റാലി ഉദ്ഘാടനം ചെയ്യുന്നു.

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റിന്റെയും കോഴഞ്ചേരി ഡിസ്ട്രിക്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ കിടങ്ങറ, പുളിങ്കുന്ന്, തട്ടാശ്ശേരി, വേണാട്ട് കടവ്, കൈനകരി, കാവാലം, നെടുമുടി, ചമ്പക്കുളം തുടങ്ങിയ സ്ഥലങ്ങളിൽ ലഹരി വിരുദ്ധ ബോധവത്കരണ ബോട്ട് റാലി നടന്നു. അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി.ജി മാത്യുസ് റാലി ഉദ്ഘാടനം ചെയ്തു.പാസ്റ്റർമാരായ കെ.വി ജോയിക്കുട്ടി (ഇവാഞ്ചലിസം ഡയറക്ടർ), എ.റ്റി. ജോസഫ് (കൗൺസിൽ മെമ്പർ), കെ.എ. ഉമ്മൻ (സുവിശേഷനാദം പബ്ലിഷർ) റ്റി.കെ ജോസഫ്, എം.ഇ ബേബി(പയ്യനാമൺ ഡിസ്ട്രിക്ക് പാസ്റ്റർ),ബ്രദർ ജോൺ ബനിയൻ (സെക്രട്ടി, ഇവാഞ്ചലിസം ഡിപ്പാർട്ടമെന്റ്) എന്നിവർ റാലിക്ക് നേതൃത്വം നൽകി

# ഐ.പി.സി കേരളാ സ്റ്റേറ്റ് കൺവൻഷൻ

**കുമ്പനാട്:** ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭാ കേരളാ സ്റ്റേറ്റ് കൺവൻഷൻ 2011 ഡിസംബർ 21 മുതൽ 25 വരെ മലബാറിൽ വച്ച് നടക്കും. എല്ലാ വർഷവും ജനുവരിയിൽ കുമ്പനാട്ട് വെച്ച് നടക്കുന്ന ഐ.പി.സി ജനറൽ കൺവൻഷനെ ബാധിക്കാത്ത നിലയിലായിരിക്കും സ്റ്റേറ്റ് കൺവൻഷൻ നടക്കുന്നത്.ജനറൽ കൺവൻഷനെ ബാധിക്കുമെന്നതിനാൽ പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നി ജില്ലകളിൽ വെച്ച് സ്റ്റേറ്റ് കൺവൻഷൻ നടത്തുന്നതല്ല എന്ന് കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി തോമസ് അറിയിച്ചു.

# സഭാഹോൾ ഉദ്ഘാടനം

**നേര്യമംഗലം:** ഐ.പി.സി നേര്യമംഗലം ഏരിയായിൽ ഉൾപ്പെട്ട തലക്കോട് സഭാഹോളിന്റെ ഉദ്ഘാടനം ഡാളസ് ഐ.പി.സി ഹെബ്രോൻ സഭയുടെ മിഷൻ ഡയറക്ടർ ബ്രദർ. ജോൺസൻ കെ മാത്യു നിർവ്വഹിച്ചു.സമർപ്പണ ശുശ്രഷ നേര്യമംഗലം ഏരിയാ കൺവിനർ പാസ്റ്റർ റ്റി.എ തമ്പി നിർവ്വഹിച്ചു. പാസ്റ്റർ തോമസ് മുല്ലയ്ക്കൽ മുഖ്യസന്ദേശം നൽകി.

# ഡോ: കെ. ഒ. മാത്യു യു.പി.ഫ് പ്രസിഡന്റ്



**ഷാർജ:** ദുബായ്, ഷാർജ, അജ്മാൻ, എന്നിവിടങ്ങളിലുള്ള പെന്തക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തക്കോസ്തൽ ഫെലോഷിപ്പിന്റെ പ്രസിഡന്റായി റവ. ഡോ: കെ. ഒ. മാത്യുവിനെ തെരഞ്ഞെടുത്തു.ചർച്ച് ഓഫ് ഗോഡ് യു.എ.ഇ നാഷണൽ ഓവർസിയർ, ഷാർജ വർഷിപ്പ് സെന്റർ ആജീവനാന്ത സെക്രട്ടറി, ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരി ഡയറക്ടർ, ഗിൽഗാൽ ചർച്ച് ഓഫ് ഗോഡ് സഭകളുടെ സ്ഥാപക പ്രസിഡന്റ്, യുറോപ്പ് , മെഡിറ്ററേനിയൻ & മിഡിൽ ഈസ്റ്റ് ഫിൽഡ് ഡയറക്ടേഴ്സ് കൗൺസിൽ മെമ്പർ, ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫോറം യു.എ.ഇ ചാപ്റ്റർ രക്ഷാധികാരി, തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിക്കുന്നു. മറ്റു ഭാരാവാഹികളായി പാസ്റ്റർ വി.ഒ ചെറിയാൻ (വൈസ് പ്രസിഡന്റ്) ഐപ്പ് ജോൺ (സെക്രട്ടറി) കെ. ജോഷ്വാ (ട്രഷറാർ) ഇവ. ഷിബു വർഗ്ഗിസ്, എ.പി ഫിലിപ്പ് (ജോ:സെക്രട്ടറി) പി.കെ ഉമ്മൻ (ജോ:ട്രഷറാർ) ബൈജു മാത്യു, ജിബു മാത്യു (ഓഡിറ്റഴ്സ്) ഇവാ. ദിലു ജോൺ (ക്യാമ്പ് കോർഡിനേറ്റർ) ജോജി തോമസുകുട്ടി (വെബ് കോർഡിനേറ്റർ) എന്നിവരേയും തെരെഞ്ഞെടുത്തു.

**യുഗചിന്ത** പാസ്റ്റർ എ. റ്റി. ജോസഫ്

# 'സോപ്പ്' ഇടുന്നവരും ഭക്ഷിക്കുന്നവരും

അറിഞ്ഞോ......? ഫ്ളോറിഡയിൽ സുന്ദരിയായ ഒരു പെൺക്കുട്ടിയുണ്ട് പോലും പേര് ടെമ്പസ്റ്റ് ഹെൻഡേഴ്സൺ, വയസ് 19, വിവാഹമാലോചിക്കലല്ല. ഇനി ആലോചിച്ചാലും ചെറുക്കന്മാരാരും ഇഷ്ടപ്പെടുമെന്ന് തോന്നുന്നില്ല. ആള്.... മനുഷ്യവർഗ്ഗത്തിൽപ്പെട്ടതാണെങ്കിലും ഭക്ഷണം സോപ്പും വാഷിംഗ് പൗഡറും മാത്രം. ചെറിയ പ്രായത്തിൽ കുളിക്കുമ്പോൾ തേക്കുന്ന സോപ്പിന്റെ കുമിളകൾ നുണഞ്ഞ പെൺകുട്ടിക്ക് അതിന്റെ രുചി നന്നേ പിടിച്ചു. പിന്നിട് അവൾ പറഞ്ഞു ' ഞാൻ വിരലുകൾ വാഷിംഗ് പൗഡറിൽ മുക്കി, വിരലിൽ പറ്റിയ സോപ്പു പൊടി പതിയെ നാവിൽ തേച്ചുപിടിപ്പിച്ചു. രുചിച്ചു നോക്കിയപ്പോൾ മധുരമുള്ളതായി തോന്നി, ഒപ്പം അൽപ്പം ഉപ്പുരസവും. എങ്കിലും എനിക്ക് ഇഷ്ടമായി അങ്ങനെ സോപ്പും ഡിറ്റർജന്റും മാത്രം തിന്നുന്നവളായി മാറി. ആഴ്ചയിൽ അഞ്ച് ബാർസോപ്പും, പൊടി വേറെ. സോപ്പും ഡിറ്റർജന്റും തുണികളുടെയും, തറയുടെയും അഴുക്ക് കളയുമെങ്കിൽ ശരിരത്തിനും ഇത് ശുചിത്വം തരും എന്നായിരിക്കും അവൾ ചിന്തിച്ചത്. ഇതൊരു രോഗമാണോ? ചികിൽസിച്ച ഡോക്ടേഴ്സും പ്രമുഖരും പറയുന്നത് ഇത് ഒരു തരം ശാരിരിക ക്രമക്കേട് ആണ് എന്നാണ് PICA (പൈക്ക). ഇത് ചിലർക്ക് ബാധിച്ചാൽ നല്ല ആഹാരം വേണ്ട, ലോഹങ്ങൾ, കുപ്പിചില്ല്, ചോക്ക്, ബാറ്ററി, ടൂത്ത് പേസ്റ്റ്, കൽക്കരി ഇതൊക്കെയാണ് ഇഷ്ടാഹരങ്ങൾ. വിരഹവേദന, ഏകാന്തത, പട്ടിണി, ശരിരത്തിലെ ധാതുക്കുറവ് ഇതൊക്കെ പൈക്കായ്ക്ക് കാരണമാകാറുണ്ടെന്ന് വിദഗ്ദർ.

അതവിടെ നിൽക്കട്ടെ! നമ്മുടെ കാര്യമോ? ഉപവാസ പ്രാർത്ഥനകൾ, ക്യാമ്പുകൾ, സെമിനാറുകൾ, കൺവൻഷനുകൾ....... കിട്ടുന്ന തണ്ടും, ചവിണിയും വേരും തൊലിയും, ഇലയും വാരി തിന്ന് തിരുസഭ ചീർത്തിരിക്കുകയാണോ? ഇന്ന് തോട്ട്സ് മതി, തിയോ-യെ വേണ്ട, നന്മ മതി നസ്രായനെ വേണ്ട, കാശ് മതി, ക്രൂശിക്കപ്പെട്ടവനെ വേണ്ട, കമ്മിഷൻ മതി, കഷ്ടത വേണ്ട കമ്മിഷൻ മതി ക്രൂശ് വേണ്ട. ചെറിയ വ്യക്തികൾ മുതൽ വലിയവർ വരെ പതപ്പിച്ച് പതപ്പിച്ച് പത നുണഞ്ഞ് നുണഞ്ഞ് വലിയ ബാർസോപ്പ് തിന്നുന്നവരായി ഇന്നത്തെ വിശ്വാസികളിൽ പലരും. സോപ്പിടാത്ത ശുശ്രുഷ ഇന്ന് പലർക്കും അറുബോർ.സോപ്പും സൂപ്പും കൊടുത്തും കഴിച്ചും സാൽവേഷൻ നഷ്ടമാകുന്നതറിയാതെ പോകുന്നവർ.

വേറേ ചിലർ ഡിറ്റർജന്റ് കലക്കി സഭയെ വെളുപ്പിക്കാൻ 'ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ (ഉപദേശി) നിങ്ങളും (വിശ്വാസികൾ) വിശുദ്ധരായിരിപ്പിൻ' എന്ന് ഏറ്റു പറഞ്ഞ്, യുവജനങ്ങൾ ഉൾപ്പടെ വലിയ കൂട്ടം തങ്കത്തിന്റെ തലോടൽ ആസ്വദിച്ച് ഫീസ്റ്റ് തിന്ന് വീർക്കുകയാണ്. ശേഷിപ്പിനൊ ' ഉപവാസവും പ്രാർത്ഥനയും സ്വയം നിയന്ത്രിക്കുന്നില്ലെങ്കിൽ സഭ മച്ചിയായി മാറും, ഒടുവിൽ കാഹളനാദം കേൾക്കാതെ തള്ളപ്പെടും. ആകയാൽ കേട്ടതും, കണ്ടതും പത്രവാർത്തകളും മാത്രം തട്ടിവിടാതെ ജീവനുള്ള യേശുവിനെ പ്രസംഗിക്കാം, വചനത്തിന്റെ ശക്തിയിലേക്ക് മടങ്ങിവരാം. ആത്മിയ പൈക്കയിൽ നിന്ന് ജനം വിടുതലും സൗഖ്യവും പ്രാപിച്ച് യുഗാന്ത്യത്തിൽ കർത്താവിനെ എതിരേല്പാൻ ഒരുങ്ങട്ടെ.

# 2 എബ്രായലേഖന പഠനം



പാസ്റ്റർ ഷിബു കെ. മാത്യു
B.D, M.Th

**എഴുതിയത് പൗലോസോ?**

എബ്രായ ലേഖനത്തിന്റെ എഴുത്തുകാരനായി പൊതുവെ അംഗീകരിക്കപ്പെടുന്നത് പൗലോസാണ്. പൗലോസാണ് എഴുത്തുകാരൻ എന്നതിന് ഈ ലേഖനത്തിൽ നിന്നും പൊതുവായും അംഗീകരിക്കാവുന്ന ചില വസ്തുതകൾ ഉണ്ട്. ലേഖന കർത്താവ് ഒരു എബ്രായനാണ്, ഗ്രീക്ക് ഭാഷവശം ഉണ്ട്, പഴയ നീയമത്തിൽ പാണ്ഡിത്യമുണ്ട്. തിമോത്ഥിയോസിന്റെ സ്നേഹിതനാണ്, വായനക്കാരെ തന്റെ എഴുത്തിലേക്ക് ആകർഷിക്കുവാൻ കഴിവുള്ള വ്യക്തിയാണ്, പൗലോസിന്റെ മറ്റ് ലേഖനങ്ങളിൽ നിന്നുള്ള 50ഓളം വാക്യങ്ങൾ എബ്രായലേഖനത്തിലുണ്ട്. ഉദാ: ക്രിസ്തുവിന്റെ ശരീരധാരണത്തിന് മുമ്പ് യഥാർത്ഥ ദൈവമഹത്വം ഉൾക്കൊള്ളുകയും അത് സൃഷ്ടിപ്പിൽ വെളിപ്പെടുത്തുകയും ചെയ്തു (എബ്രാ. 1:1 മുതൽ; 1 കൊരി. 8:6; 2 കൊരി. 4:4; കൊലൊ. 1:15-17) അവൻ യഥാർത്ഥത്തിൽ മനുഷ്യനായി (എബ്രാ. 2:14-17; റോമ, 8:3; ഗലാ. 4:4, ഫിലി. 2:7) തുടങ്ങി പലഭാഗങ്ങളും ഉണ്ട്. വേദപണ്ഡിതന്മാരായിരുന്ന ഓറിഗൻ, അത്തനേഷ്യസ് എന്നിവർ പൗലോസാണ് ഈ ലേഖനം എഴുതിയത് എന്ന് വാദിക്കുമ്പോൾ റോമിലെ ക്ലെമന്ത്, തെർത്തുല്യൻ, നവീകരണത്തിന്റെ ഉപജ്ഞാതാവ് മാർട്ടിൻ ലൂഥർ എന്നിവർ പൗലോസിന്റെ ഗ്രന്ഥകർതൃത്വത്തെ എതിർക്കുന്നു.

അതേസമയം എബ്രായലേഖന കർത്താവ് പൗലോസല്ല, ഒരു സ്വതന്ത്രചിന്തകനാണ് എന്ന വാദവും ശക്തമാണ്. സാധാരണ ലേഖനാരംഭത്തിൽ ചേർക്കുന്ന പ്രാരംഭ വന്ദനം, ലേഖകന്റെ പേര്, വായനക്കാരുടെ വിവരങ്ങൾ ഇവയൊന്നും ഈ ലേഖനത്തിൽ ഇല്ല. പൗലോസ് എബ്രായ ഭാഷയിലെഴുതിയ ലേഖനം ഗ്രീക്ക് ഭാഷയിലേക്ക് ലൂക്കോസ് വിവർത്തനം ചെയ്തു എന്നാണ് സഭാ പിതാവായ ക്ലെമന്ത് പറയുന്നത്. സഭാ പിതാവായ തെർത്തുല്യൻ ബർന്നബാസിന്റെ പേരാണ് പറയുന്നത്. ബർന്നബാസും പൗലോസും തമ്മിലുള്ള അടുത്ത ബന്ധമാണ് ഇതിനുള്ള കാരണം. മാർട്ടിൻ ലൂഥർ അപ്പല്ലോസ് എഴുതി എന്നാണ് വാദിക്കുന്നത്. അപ്പല്ലോസ് വാഗ് വൈഭവം ഉള്ള, തിരുവെഴുത്തിൽ ജ്ഞാനമുള്ള വ്യക്തിയായിരുന്നു (പ്രവൃ. 18:24). എന്നാൽ സഭാ പിതാക്കന്മാർ അപ്പല്ലോസിന്റെ പേര് പറയുന്നില്ല. അകില്ലാവ്, പ്രിസ്ക്കില്ല, തിമൊഥെയോസ് തുടങ്ങിയ പേരുകളും ഗ്രന്ഥകർതൃത്വവുമായി ബന്ധപ്പെട്ട് പറയുന്നുണ്ട്.

ഇങ്ങനെ പല പേരുകൾ എഴുത്തുകാരനോടുള്ള ബന്ധത്തിൽ പറയുന്നുണ്ടെങ്കിൽ പോലും പഴയനിമയപഠനത്തിലും വ്യാഖ്യാനത്തിലും സമർത്ഥനായ വാഗ്വൈഭവമുള്ള ഒരു ദൈവശാസ്ത്ര ചിന്തകനാണ് ലേഖന കർത്താവ്. അത് പൗലോസിലേക്കാണ് വിരൽചൂണ്ടുന്നത്.

ക്രിസ്തുവിന്റെ ശുശ്രൂഷ, വ്യക്തിത്വം, മറ്റ് ലേഖനങ്ങളിലെ ഉപസംഹാര പ്രയോഗങ്ങളും എബ്രായ ലേഖനത്തിലെ ആശിർവാദ ശൈലിയും പൗലോസാണ് എഴുത്തുകാരൻ എന്ന് തെളിയിക്കുന്നു. പൗലോസിന്റെ മറ്റ് ലേഖനങ്ങളിലെ ഭാഷാശൈലി എബ്രായലേഖനത്തിൽ കാണാം. പഴയനിയമത്തെയും പുതിയനിയമ ഉപദേശത്തെയും വിശകലനം ചെയ്ത് അതിന്റെ നിഴലും പൊരുളും വ്യക്തമാക്കി എഴുതുവാൻ ജ്ഞാനമുള്ള ഒരു അപ്പോസ്തൊലൻ പൗലോസാണ്. ഹബക്കുക്ക് പ്രവചനത്തിലുള്ള ഒരു ഉദ്ധരണി എബ്രാ. 10:38ലും, ഗലാത്യ, റോമാ ലേഖനത്തിലും കാണാം അത് "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നാണ്. ഈ ഭാഗവും ലേഖനം പൗലോസ് എഴുതി എന്ന് ഉറപ്പിക്കുന്നു.

## എബ്രായലേഖന പഠന ചോദ്യങ്ങൾ

1. പൗലോസാണ് എഴുത്തുകാരനെന്ന് പൊതുവായി അംഗീകരിക്കാവുന്ന വസ്തുതകൾ ഏവ?
2. പൗലോസാണ് എഴുത്തുകാരനെന്ന് ലേഖനത്തിൽ നിന്ന് ചില ഉദാഹരണങ്ങൾ എഴുതുക?
3. വിവിധ സഭാ പിതാക്കന്മാരുടെ ലേഖനകർത്തൃത്വം സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ എഴുതുക?
4. മറ്റാരുടെയൊക്കെ പേരുകളാണ് എബ്രായലേഖന എഴുത്തുകാരായി പറയപ്പെടുന്നത്?
5. പൗലോസാണ് എഴുത്തുകാരൻ എന്ന് എങ്ങനെ തെളിയിക്കും?

**എല്ലാ ലക്കങ്ങളിലെയും ചോദ്യങ്ങൾക്ക് ഉത്തരം എഴുതി വിജയികളാക്കുന്നവർക്ക് പഠനം പൂർത്തീകരിക്കുമ്പോൾ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും നൽകി ആദരിക്കുന്നതാണ്.**

**പാഠഭാഗം ശ്രദ്ധിച്ച് വായിച്ച് ഉത്തരം കണ്ടെത്തുക.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

## എബ്രായ ലേഖന പഠനം കഴിഞ്ഞ ലക്കം ശരിയുത്തരം അയച്ചവർ

1) ആലിസ് ജോയി ഐരാണിക്കുടി 2) സുനി മോനച്ചൻ ഇളംങ്കാട് 3) സുജ മോൻസി തലയനാട് 4) സലോമി ജോർജ്ജ് കോട്ടയം 5) ജോഷി പി ജോയി പറക്കോട് 6) ഗ്രേസ് ജേക്കബ്ബ് പൂവത്തൂർ 7) അന്നമ്മ ജേക്കബ്ബ് പൂവത്തൂർ 8) ഷീബാ സത്യപാൽ കോവളം 9) മറിയാമ്മ വർഗീസ് മുടിയൂർക്കോണം 10) നിസ്സി സുനിഷ് മേച്ചാൽ 11) അന്നമ്മ കെ.വി കുരിയച്ചിറ 12) ദീനാ സിജു മാമലശ്ശേരി 13) ലീലാമ്മ ജോസഫ് കവിയൂർ 14) ഫെയ്ത്ത് ആന്റണി തൊടുപുഴ 15) ജെസ്സി ഐസക്ക് ഡൽഹി 16) ശോശാമ്മ എബ്രഹാം പുതുപ്പള്ളി 17) ജൈനമ്മ തോമസ് പുനുലൂർ 18) ജൂലി ജോർജ്ജ് നല്ലതണ്ണി 19) അച്ചാമ്മ വർഗിസ് ഇരവിപേരുർ 20) രാജി സാബു കുമാരനെല്ലൂർ 21) ജിജി പോൾ മൈലം 22) സാറാമ്മ ജെയിംസ് അഹമ്മദാബാദ് 23) പിങ്കി സ്റ്റാൻലി ചുനാട് 24) റിൻസി ടെസിൻ പി.ഡി. ഹിൽസ് 25) കിരൺ ജോസഫ് പള്ളിക്കച്ചിറ 26) ഷീജാ ജോൺ വേലനിലം 27) എലിസബത്ത് തിരുവല്ല 28) കെ.എൻ നളിനി തിരുവല്ല 29) ലിസ്സി മാത്യു വെണ്ണിക്കുളം 30) ചിന്നമ്മ ജോസഫ് പള്ളിക്കൽ 31) ഉഷ ഗോപിനാഥ് മൂപ്പിതടം 32) വൽസമ്മ ഈശോ കുന്നം 33) ബോബി റെജി കോട്ടല 34) ജെഫി മോൾ എൽസാ പാട്രിക്ക് കുടപ്പനക്കുന്ന് 35) ബീനാ മനോജ് ചേത്തയ്ക്കൽ 36) കുഞ്ഞുമോൾ ഉള്ളൂർ 37) ഗ്രേസ് മിഖായേൽ മേലുകാവുമറ്റം 38) ജോയൽ പി തോമസ് പുന്നക്കാട് 39) ആലിസ് ജോസ് നെല്ലിപ്പാറ 40) കെ.ജോർജ്ജ് വാലങ്കര 41)ബ്ലസ്സൻ പി ജോസഫ് ഫിലദെൽഫിയ 42)മേഴ്സി സാം ഇരവിപേരുർ 43) ഏലിയാമ്മ അഹമ്മദാബാദ്, 44. ക്രിസ്റ്റിനാ ബി ജോയി വാഴൂർ

പ്രകൃതിയുടെ മടിത്തട്ടിൽ ആധുനികതയുടെ സൗകര്യങ്ങളുമായി ഒരു ക്രൈസ്തവ ടൗൺഷിപ്പ്.

31 British Designer Super Luxury & Twin Villas, Plots in 12, 10, 7, 5.5, 3.80 cents
BOOKING STARTED : 25 Studio Homes for Senior Citizens
Health Tourism · Smart City neighbourhood · Smart Home
Recurring income at an absolute Faithcity spiritual atmosphere

Available Ready VILLAS & PLOTS

കൊച്ചി ഇന്റർനാഷണൽ എയർപ്പോർട്ടിന്റെ സമീപെ ജി. സി. ഡി. എ. പരിധിക്കുള്ളിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ പാലത്തോടു ബന്ധിച്ച് എയർപ്പോർട്ട്-കോട്ടയം റോഡും എറണാകുളം-പെരുമ്പാവൂർ റോഡും ആലുവ-മൂന്നാർ റോഡും ചേരുന്ന പ്രകൃതിരമണീയമായ പോഞ്ഞാശേരിയിൽ വിശ്വാസികൾക്കു മാത്രമായി ഒരു ടൗൺഷിപ്പ് ഒരുങ്ങുന്നു. അനുദിനം മൂല്യം വർധിക്കുന്ന സുരക്ഷിത നിക്ഷേപവും SBI Life ബോണ്ടും!

SBI Life BOND ensures - (i) 100% Returns on the current Purchase Value; (ii) Life insured
വിശാലമായ വീഥികൾ, പാർക്കുകൾ, ഹൃദ്യമായ ആത്മീയ ഗീതങ്ങൾ;
ദേശത്തിന്റെ മുഖച്ഛായ തന്നെ അനുദിനം മാറിക്കൊണ്ടിരിക്കുന്നു.

SBI Life's 100% Money Return Plan
VILLAS AT 2 PAYMENT OPTIONS
TRUELY DESIRING A VILLA OF YOUR CHOICE IN A SPIRITUAL ATMOSPHERE?
READY FOR OCCUPATION IN 18 MONTHS.
SPECIAL OFFER TILL 31.03.2011
ATTRACTIVE SUBSIDIZATIONS



തികഞ്ഞ പ്രാർത്ഥനാന്തരീക്ഷത്തിൽ അൽപം മാത്രം ബാക്കിയുള്ള വില്ല പ്ലോട്ടുകൾ; 3 / 4 / 5 ബെഡ് റൂം വില്ലകൾ; സീനിയേഴ്സ് ഹോമുകൾ; റിട്രീറ്റ് സെന്റർ; തൊഴിലധിഷ്ഠിത ബൈബിൾ സെമിനാരി; മേഖലാ മെഡിക്കൽ ക്യാമ്പുകളും കൗൺസലിംഗും

• 30,000 Sq.Ft. FOR BIBLE CONFERENCE • BANK HOME LOANS •

Board of Consultant Directors are renowned Professionals and eminent Men of God from major Christian Churches.

"Unless the LORD builds the house, its builders labour in vain" (Ps. 127:1)



for immediate booking Call or E-mail:
M/s GOODYEAR BUILDERS & ENGINEERS PTE. LTD
Engineers • Builders • Township Developers • Project Investors
POST BOX No: 2295 :: CRA/197, PALARIVATTOM, COCHIN - 682 025 :: INDIA.
Phone: (O) 91-484-2345846, 2330200, ® 91-484-2343956 Fax: 91-484-2345163, 2343956
Mob: 91-9447250583 Visit At: www.goodyearenterprises.com
Email: goodyear83@rediffmail.com info@goodyearenterprises.com

Victory Park · JOINT VENTURE WITH · SBI Life INSURANCE

ECONOMY VILLAS
in 3.80cents
2 Storied, 3 Bed, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 66.14 M2
PORCH - 7.80 M2
FIRST FLOOR AREA - 47.50 M2
TOTAL FLOOR AREA - 121.44 M2
(1305.00 SQFT)

STANDARD VILLAS
In 5.5 cents
2 Storied - 3 Bed,1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 111.72 M2
PORCH - 11.34 M2
FIRST FLOOR AREA - 58.24 M2
TOTAL FLOOR AREA - 181.30 M2
(1950.79 SQFT)

LUXURY VILLAS
in 7 cents
2 Storied, 3 Bed, 1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 113.50 M2
PORCH - 16.60 M2
FIRST FLOOR AREA - 76.23 M2
TOTAL FLOOR AREA - 206.33 M2
(2220.11 SQFT)

SUPER LUXURY VILLAS
in 10 cents
2 Storied, 4 Bed, 1 Consultation Room, 6 Baths
(Inclusive of wood - works)



GROUND FLOOR AREA - 153.82 M2
PORCH - 25.94 M2
FIRST FLOOR AREA - 75.65 M2
TOTAL FLOOR AREA - 255.41 M2
(2748.21 SQFT)

SUPER LUXURY VILLAS
in 12 cents
2 Storied, 4 Bed, 1 Servant Room, 1 Consultation Room, 7 Baths
(Inclusive of wood - works)



GROUND FLOOR AREA - 174.65 M2
PORCH - 23.00 M2
FIRST FLOOR AREA - 109.05 M2
TOTAL FLOOR AREA - 306.70 M2
(3300.00 SQFT)

• HEALTH TOURISM • FIRE SAFETY • FLOOD LIGHTS • MINI SHOPPING CENTRE • CAFETERIA • DAY & NIGHT SECURITY •

18 മാസങ്ങളായി വിക്ടറി പാർക്കിനെതിരായി ഉയർന്നു വന്നിരുന്ന പ്രശ്നങ്ങളിൽ നിന്നെല്ലാം നമ്മുടെ പ്രാർത്ഥന കേൾക്കുന്ന ദൈവം വിടുവിച്ച് സുഗമമായ പ്രവർത്തനങ്ങൾക്ക് ഒന്നൊന്നായി കേരള സർക്കാർ അംഗീകാരമായി, ഉത്തരവ് ലഭിച്ചിരിക്കുന്നു. ബുക്കിംഗ് പ്രകാരമുള്ള പണികൾ ധ്രുതഗതിയിൽ പുരോഗമിക്കുന്നു.

# സുവിശേഷ പ്രവർത്തിക്കായി ഇതാ ഒരു സന്തോഷവാർത്ത

## നിങ്ങൾ ആഗ്രഹിച്ചിരുന്ന ഒരുസമ്പൂർണ്ണ ബൈബിൾ പഠനഗ്രന്ഥം

# സത്യഗ്രന്ഥം ചരിത്രം, റഫറൻസ് & കൺകോഡൻസ്

## എന്നു പേരുള്ള ബഹൃത്ഗ്രന്ഥത്തെക്കുറിച്ച് അല്പകാര്യങ്ങൾ

**1. സമ്പൂർണ്ണ ബൈബിൾ വിവർത്തനം.**

a. മൂലഭാഷകളായ ഹീബ്രൂവിൽനിന്നും ഗ്രീക്കിൽ നിന്നുമുള്ള പ്രഗത്ഭരായ ഹീബ്രൂ പണ്ഡിതന്മാരും
ഗ്രീക്കു പണ്ഡിതന്മാരും ചേർന്ന് വിവർത്തനം നിർവ്വഹിച്ച സമ്പൂർണ്ണ ബൈബിൾ വിവർത്തനമാണ്

-സത്യഗ്രന്ഥം

b.മറ്റു വിവർത്തനങ്ങളിൽ കടന്നുകൂടിയിട്ടുള്ള വിവർത്തനപിശകുകൾ 378 എണ്ണം മൂലഗ്രന്ഥത്തിലുള്ളതു പോലെ ശരിയായ അർത്ഥത്തിൽ തന്നെ സത്യഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. വിവർത്തന പിശകുകൾ തിച്ചറിയേണ്ടതിനായി അടിക്കുറിപ്പും നല്കിയിരിക്കുന്നു. വചനത്തോടുംമൂലഭാഷയോടും പൂർണ്ണമായി നീതി പുലർത്തിക്കൊണ്ട് ദൈവദാസന്മാരായ പണ്ഡിതന്മാർ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടി നിർവ്വഹിച്ചബൈബിൾ വിവർത്തനമാണ് -സത്യഗ്രന്ഥം.

**ബൈബിൾ വിവർത്തനത്തിൽ**

ദൈവത്തെയോ യേശുവിനെയോ വിളിക്കുവാൻ അവൻ, നീ അദ്ദേഹംഎന്നീ വാക്കുകൾ മറ്റു വിവർത്തനങ്ങളിൽ ഉപയോഗിക്കുന്നതുപോലെ സത്യഗ്രന്ഥത്തിൽ ഉപയോഗിക്കുന്നില്ല അതിനുപകരം ദൈവത്തെയും യേശുവിനെയും ഭയത്തോടും വിറയലോടും ബഹുമാനത്തോടും കൂടെ അങ്ങ്, അവിടുന്ന്, അവിടുത്തെ, അങ്ങയോട്, അങ്ങേക്ക്, എന്നിങ്ങനെയാണ്. സത്യഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത്

**മറ്റു വിവർത്തനങ്ങളിൽ**

ഉദാ: യഹോവയുടെ കോപം വീണ്ടും യിസ്രായേലിന്റെ നേരെ ജ്വലിച്ചു: നീ ചെന്ന് യിസ്രായേലിനെയും യെഹൂദയെയും എണ്ണുക എന്നിങ്ങനെ അവർക്കു വിരോധമായി ദാവീദിനു തോന്നിപ്പിച്ചു. എന്ന് 2 ശമൂ വേൽ 24:1-ൽ പറഞ്ഞിരിക്കുന്നു. എന്നാൽ ഇതേ സംഭവം 1 ദിനവൃത്താന്തം 21:1-ൽ അനന്തരം സാത്താൻ യിസ്രായേലിനു വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിനുതോന്നിപ്പിച്ചു. എന്നാണ് വിവർത്തനം ചെയ്തിരിക്കന്നത്. എന്നാൽ. മൂലഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് അറിയണമെങ്കിൽ **സത്യഗ്രന്ഥം, (ചരിത്രം, റഫറൻസ് & കൺ കോഡൻസ്)** ബൈബിൾ നിങ്ങൾ വാങ്ങുകയും വായിക്കുകയും വേണം.

**ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച്.**

a. ഒരു ലക്ഷത്തിലധികം ബൈബിൾ പദങ്ങൾക്ക് കൺകോഡൻസുകൾ
b. പതിനായിരത്തിലധികം പ്രസംഗങ്ങൾ
c. പതിനായിരത്തിലധികം ഒത്തുവാക്യങ്ങൾ
a. ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള എല്ലാ പുസ്തകങ്ങളുടെയും ആദ്യ പേജിൽ തന്നെ അടിസ്ഥാന
വിവരങ്ങൾ നല്കിയിരിക്കുന്നു.
b. എപ്പോൾ ആരാൽ രചിക്കപ്പെട്ടു, അദ്ധ്യായങ്ങൾ, വാക്യങ്ങൾ, ചരിത്രവാക്യങ്ങൾ, ചോദ്യങ്ങൾ, പ്രവചനങ്ങൾ, നിവർത്തിയായ പ്രവചനങ്ങൾ, ഇനിയും നിവർത്തിയാകുവാനുള്ള പ്രവചനങ്ങൾ, ലഘു അദ്ധ്യായങ്ങൾ, ദീർഘ അദ്ധ്യായങ്ങൾ, അരുളപ്പാടുകൾ, ദൈവത്തിൽ നിന്നുള്ള പ്രത്യേകദൂതുകൾ, മനുഷ്യശാസ്ത്രം, ഭൂമിശാസ്ത്രം വാനശാസ്ത്രം,മൂലതത്വങ്ങൾ, എഴുതിയ പശ്ചാത്തലം,എഴുതിയതിന്റെ ഉദ്ദേശ്യം, കല്പനകൾ, പ്രധാനവ്യക്തികൾ, അവരുടെ പ്രയാണങ്ങൾ ആദിപിതാക്കന്മാരുടെ ആയുഷ്കാലം, അവരുടെ ജനനമരണ കാലഘട്ടങ്ങൾ.

**ചാർട്ടുകൾ**

a. ബൈബിൾ എളുപ്പത്തിൽ മനസ്സിലാക്കുവാനും പഠിക്കുവാനും കഴിയുന്ന തരത്തിലുള്ള ചാർട്ട് -പനോരമ.
b. അപ്പൊസ്തലന്മാരുടെ മിഷണറി യാത്രകളും ബഹുവർണ്ണ ഭൂപടങ്ങളും പഠനലേഖനങ്ങളും.
c. ദൈവശാസ്ത്ര വിഷയങ്ങളുടെ പഠനലേഖനങ്ങൾ, അത്യപൂർവ്വങ്ങളായ ഫോട്ടോഗ്രാഫുകൾ, വിജ്ഞാന പ്രദമായ ചാർട്ടുകൾ, മാപ്പുകൾ, ഭൂപടങ്ങൾ.
d. ബൈബിൾ സംബന്ധമായ പലവിധത്തിലുള്ള എബ്രായമാസ, വർഷ, ശബ്ബത്ത് കലണ്ടറുകൾ.
e. പ്രധാനപ്പെട്ട എല്ലാ ദൈവശാസ്ത്ര വിഷയങ്ങളെപ്പറ്റിയും വിശദമായ പഠനലേഖനങ്ങൾ.
f. പഴയ പുതിയനിയമ അപ്പൊ-ക്രിഫാ പുസ്തകങ്ങളെക്കുറിച്ചുള്ള വിശദമായ പഠനം.
അന്ധകാരയുഗം, അടിസ്ഥാന ഉപദേശങ്ങൾ, സഭയിൽ
ശുശ്രൂഷിക്കേണ്ടത് എങ്ങനെ
.ര. യഹൂദാ ചരിത്രവും അവർ സഹിക്കേണ്ടി വന്ന പീഢനങ്ങളും.

**ചരിത്രപരമായകര്യങ്ങൾ**

a. മലാഖി പ്രവാചകനും വി. മത്തായിക്കും ഇടയിലുള്ള കാലഘട്ട ചരിത്രം.
b. സഭയുടെ ഇരുപതു നൂറ്റാണ്ടുകളായുള്ള സഭാചരിത്രം, ആദിമവിശുദ്ധന്മാർ സഹിക്കേണ്ടിവന്ന പീഢനങ്ങൾ, രക്തസാക്ഷികൾ, സഭാപിതാക്കന്മാർ, സുന്നഹദോസ്സുകൾ,
d. വി. പത്രോസ് മുതൽ ബനഡിക്ട് പതിനാറാമൻ വരെയുള്ള, കത്തോലിക്ക ഗഭ പറയുന്ന 265 പോപ്പുമാരുടെ ചരിത്രം.
e. സഭാനേതൃത്വത്തിൽ കടന്നുവന്നിട്ടുള്ളവർ, സഭയെ സഹായിച്ചവർ, ഉപദ്രവിച്ചവർ എന്നിങ്ങനെ യുള്ളവരുടെ ചരിത്രം,

**രാജ്യപരമായും പ്രാദേശികപരമായും**

a. ബൈബിളിൽ പ്രതിപാദിക്കുന്ന രാജ്യങ്ങളും അവയുടെ പൂർണ്ണ വിവരങ്ങളും. ആദ്യത്തെ പേര്, പിന്നീട് ഉണ്ടായപേര്, ഇപ്പോഴുള്ള പേര്, രാജ്യം എവിടെ സ്ഥിതി ചെയ്യുന്നു, ഏതു ഭൂഖണ്ഡത്തിൽ സ്ഥിതി ചെയ്യുന്നു, ഔദ്യോഗിക രാഷ്ട്രനാമം എന്ത്, സ്ഥാനം എവിടെ, വിസ്തൃതി എത്ര, ഔദ്യോഗിക ഭാഷ
ഏത്, സാക്ഷരത എത്രശതമാനം, തലസ്ഥാനംഎവിടെ, മറ്റു പ്രമുഖ നഗരങ്ങൾ ഏതെല്ലാം, നാണയം ഏത്, പ്രധാനമതങ്ങൾ ഏതെല്ലാം, പ്രതിശീർഷവരുമാനം എത്ര, കാർഷികോത്പന്നങ്ങൾ എന്തൊക്കെ, വ്യവസായികോത്പന്നങ്ങൾ എന്തൊക്കെ. ഖനിജങ്ങൾ ഉണ്ടങ്കിൽ അത് എന്തൊക്കെ, ജനസംഖ്യ.
a. ഇതുവരെ മലയാളത്തിലെന്നല്ല മറ്റ് ലോകഭാഷകളിൽ പോലും ഇത്തരമൊരു ബൃഹത്ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.
b. ഒരു ബൈബിൾ പഠിതാവിന് മാത്രമല്ല, ചരിത്രവിദ്ധ്യാർത്ഥിക്കും ഉപകരിക്കുന്നതരത്തിൽ വളരെയധികം ചരിത്രവിവരങ്ങൾ ചേർത്തിരിക്കുന്ന ഒരു അമൂല്യ റഫറൻസ് ഗ്രന്ഥമാണ് സത്യഗ്രന്ഥം (ചരിത്രം, റഫറൻസ് & കൺകോഡൻസ്. ടബൈബിൾ)

**പ്രസിദ്ധീകരിക്കുന്നത്.**

**സത്യഗ്രന്ഥം പബ്ലിക്കേഷൻസ്,**

2012 ഏപ്രിൽ 26-ന് സത്യഗ്രന്ഥംപ്രസിദ്ധീകരിക്കുന്നു. അയ്യായിരം(5,000)രൂപ മുഖവിലയുള്ള ഈ ഗ്രന്ഥം പ്രീ-പബ്ലിക്കേഷനിലൂടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു ഇപ്പോൾ ബുക്കു ചെയ്യുന്നവർക്ക് മൂവായിരത്തി എഴുന്നൂറ്റി അമ്പതു (3,750) രൂപയ്ക്കു നല്കുന്നു. ഞൈ.100,200,300,400,500, എന്നിങ്ങനെ (100)നൂറ് രൂപ
യുടെ ഗുണിതങ്ങൾ എത്രവേണമെങ്കിലും അടയ്ക്കാം. ഏജന്റുമാർ മുഖാന്തിരവും സത്യഗ്രന്ഥം പ്രവർത്തകർ മുഖാന്തിരവും പോസ്റ്റ് ഓഫീസ് വഴിയും നേരിട്ടും ബുക്കുചെയ്യുവാനും പണം അടയ്ക്കുവാനും സാധിക്കുന്നതാണ് സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർവഴിയും പണം അടയ്ക്കുവാൻ കഴിയുന്നതാണ് സത്യഗന്ഥം പബ്ലിക്കേഷന്റെ അക്കൗണ്ട്നമ്പർ (A/c.No. 67121542564. S.B.T. Vadavucode Branch.) RTGS/ NEFT/ GRPT Application form ) (IFSC No. SBTR 0000316 ) ഉപയോഗിച്ച് ഏതു ബാങ്കിന്റെ ബ്രാഞ്ചുവഴിയും സത്യഗ്രന്ഥം പബ്ലിക്കേഷൻസിന്റെ അക്കൗണ്ടിലേക്ക് വളരെ സൗകര്യപ്രദമായി പണം അയയ്ക്കുവാൻ സാധിക്കുന്നതാണ്.

### സഭാ നേതൃത്വങ്ങൾ പറയുന്നത്ശ്രദ്ധിക്കുക.



**റവ. ഡോ.കെ. സി. ജോൺ, ഐ.പി.സി. ജനറൽ പ്രസിഡന്റ്**

**ഇതര ലോകഭാഷകളിൽ പോലും പ്രസിദ്ധീകരിക്കപ്പെടാത്ത 'സത്യഗ്രന്ഥം'** എന്ന ഈ റഫറൻസ് ഗ്രന്ഥംഏതൊരു സുവിശേഷകർക്കും ബൈബിൾ പഠിതാക്കൾക്കും പ്രയോജനകരമായഒരു റഫറൻസ് ഗ്രന്ഥമാണ്.



**ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ പ്രസിഡന്റ് റവ. കെ. എം. ജോസഫ്**

തിരുവചനപഠിതാക്കൾക്ക് അനിവാര്യവും ഏറെ പ്രയോജനപ്രദവും മാറ്റി വെയ്ക്കുവാൻ കഴിയാത്തതുമായ ഒരു അമൂല്യപഠന ഗ്രന്ഥമാണ്. '**സത്യഗ്രന്ഥം**' (22.12 .10-ൽ സത്യഗ്രന്ഥംഓഫീസ് സന്ദർശിച്ച സന്ദർഭത്തിൽ പറഞ്ഞത്)

**റവ. ഡോ: പി. എസ്. ഫിലിപ്പ് സൂപ്രണ്ട് ഏ.ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ**



**ദൈവജനത്തിന് എന്നും അഭിമാനിക്കുവാൻ കഴിയുന്നഒരു ഉത്തമഗ്രന്ഥം.** സത്യഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിലൂടെ വിശ്വാസികളെയും വേദപഠിതാക്കളെയും ഒരു പോലെ സത്യവചനത്തിന്റെ ആധികാരികതയിൽ വിശ്വസ്തരായി നിലനിറുത്തുവാൻ തക്കവണ്ണം വിലയേറിയ ആത്മീയ സത്യങ്ങളെ അറിയിക്കുവാൻ സത്യഗ്രന്ഥത്തിനു കഴിഞ്ഞിട്ടുണ്ട്. വേദപുസ്തക സംബന്ധമായ അനേക കാര്യങ്ങൾ മനസ്സിലാക്കുവാൻ സഹായകമായതും ദൈവജനത്തിന് എന്നും അഭിമാ നിക്കുവാൻ കഴിയുന്നതുമായ ഒരു ഉത്തമഗ്രന്ഥമാകുന്നു **-സത്യഗ്രന്ഥം-**



**ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസിയർ റവ. എം .കുഞ്ഞപ്പി**

സത്യഗ്രന്ഥം ഈ കാലഘട്ടത്തിന് ആവശ്യം. വേദപുസ്തക സത്യങ്ങളെപ്പറ്റി പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു പഠിതാവിനും മാറ്റിവയ്ക്കുവാൻ കഴിയാത്ത ഏറ്റവും ഉത്തമ പഠന സഹായിയാണ്. **-സത്യഗ്രന്ഥം-**

**റവ. ഡോ. റ്റി. ജി. കോശി**
**FAITH THEOLOGICAL SEMINARY മണക്കാല.**



**തിരുവചനപഠിതാക്കൾക്ക് അനിവാര്യവും ഏറെ പ്രയോജനപ്രദവും സത്യഗ്രന്ഥത്തിന്റെ സവിശേഷത ഒരു സമ്പൂർണ്ണ ബൈബിൾ പഠന ഗ്രന്ഥം** എന്ന നിലയിലാണ്. ആധുനിക ബൈബിൾ വിവർത്തന രംഗത്ത്, ഇത്ര ബൃഹത്തായ ഒരു ഗ്രന്ഥം മലയാളഭാഷയിൽ ഇദം പ്രഥമമായാണ് പ്രസിദ്ധീകരിക്കപ്പെടുന്നത്. ക്രൈസ്തവകൈരളിയ്ക്ക് നിസ്തുലമായ ഒരു സംഭാവനയാണ് **-സത്യഗ്രന്ഥം-**

1988-ൽ വിശ്വാസ ജീവിതം തുടങ്ങിയ സണ്ണികളമ്പുകാട്ടുശ്ശേരിയുടെ നീണ്ട ഇരുപത്തിരണ്ടു വർഷം കൊണ്ട് പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും ജീവനുള്ള ദൈവത്തിൽ നിന്നും പ്രാപിച്ച അനുഗ്രഹത്തിന്റെയും ഫലമായി കർത്താവായ യേശു ഭരമേല്പിച്ച ദൗത്യമാണ് ഈടുറ്റ ഈ ബൃഹത്ഗ്രന്ഥം.

## സൗജന്യ കാറ്റ്ലോഗിനും കൂടുതൽ വിവരങ്ങൾക്കുമായി ഞങ്ങൾക്ക് എഴുതുക

ഞങ്ങളുടെ വിലാസം:

# സത്യഗ്രന്ഥം പബ്ലിക്കേഷൻസ്

IX/594, ഒന്നാം നില, ഗവ. സർവ്വന്റ്സ് സഹകരണ സംഘം ബിൽഡിംഗ്, പി. ഒ. പുത്തൻ കുരിശ്.
682 308; ഫോൺ: 0484; 311 3559 +919142 404 045; +919495 812 791; +91 9400189886

സത്യഗ്രന്ഥം (ചരിത്രം, റഫറൻസ് & കൺകോഡൻസ്) ഏജന്റുമാരായി പ്രവർത്തിക്കുവാൻ താല്പര്യമുള്ള സഭാശുശ്രൂഷകന്മാരും, സുവിശേഷ പ്രവർത്തകരും സത്യഗ്രന്ഥം ഓഫീസുമായി ബന്ധപ്പെടുക. കൂടുതലായി അറിയുവാൻ തുടർന്നും ഈ പത്രിക വായിക്കുക.

തുടരും

# കണ്ണീർക്കയങ്ങളിലെ ചാനൽ 'ഷോ'കൾ





കുടുംബം പോറ്റാൻ ജോലിക്ക് പോയി വരുന്നവഴിക്ക് സൗമ്യ എന്ന പെൺകുട്ടി പാസഞ്ചർ ട്രെയിനിൽ അതിദാരുണമായി കൊല്ലപ്പെട്ടതിന്റെ ദുഖഭാരം കൊണ്ടോ, നിസ്സംഗത എന്ന വാക്കുണ്ടാക്കിയ നാണക്കേട് കൊണ്ടോ തല താഴ്ത്തിയിരിക്കുന്ന കേരളത്തിന്റെ മുന്നിൽ, "ഉത്തരവാദിത്വം ആർക്ക്?" എന്ന് കണ്ടുപിടിക്കാനുള്ള കൂലങ്കഷമായ ചർച്ച, അല്ല ടി.വി. 'ഷോ' പ്രസിദ്ധമായ മലയാളം ചാനലിൽ കൊഴുക്കുന്നു...

അവതാരകൻ: രാജ്യത്ത് ഏറ്റവുമധികം ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനമായ റെയിൽവേയ്ക്ക്, ഒരു പാവം യാത്രക്കാരിയുടെ ജീവൻ രക്ഷിക്കാൻ കഴിയാതിരുന്നത് അനാസ്ഥ തന്നെയല്ലേ?

റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് വക്താവ്: കേരളത്തിൽ ആകെ 800 ഓളം പേർ മാത്രമേ ഞങ്ങളുടെ ഫോഴ്സിലുള്ളൂ. ഇത്രയധികം ട്രെയിനുകളുണ്ടാവുമ്പോൾ ഞങ്ങൾക്ക് എങ്ങനെയാണ് ഇങ്ങനെയുള്ള സംഭവങ്ങൾ തടയാൻ സാധിക്കുക? നിലവിളി കേട്ടിട്ടും ചെയിൻ വലിക്കാത്ത യാത്രക്കാർക്കല്ലേ ഇതിന്റെ ഉത്തരവാദിത്വം?

യാത്രക്കാരൻ: അതെങ്ങനെ പറയാനാവും.. നിലവിളി കേട്ടു എന്നത് ശരി. പക്ഷെ പെട്ടെന്ന് അങ്ങനെയൊന്ന് കേൾക്കുന്ന നേരത്ത് എന്താണതെന്ന് മനസ്സിലാക്കാനാവാതെ ചെയിൻ എങ്ങനെ വലിക്കും? മാത്രമല്ല, കൂടെയുള്ള യാത്രക്കാർ ചെയിൻ വലിക്കാൻ സമ്മതിക്കേണ്ടേ?

റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ വക്താവ്: സാമൂഹ്യവിരുദ്ധരും യാചകരും മറ്റും യാത്രക്കാർക്കൊപ്പം സഞ്ചരിക്കുന്നത് തടയാൻ സാധിക്കാത്ത റെയിൽവേ പോലീസിന് തന്നെയാണ് ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം.

റെയിൽവേ പോലീസ് വക്താവ്: ഒരിക്കലുമല്ല. യാചകരേയും മറ്റും സിമ്പതി കാണിച്ച് പ്രോത്സാഹിപ്പിക്കുന്ന യാത്രക്കാർ തന്നെയാണ് ഇതിനൊക്കെ കാരണം.

സാമൂഹ്യപ്രവർത്തക: എല്ലാ പോട്ടെ. ഇത്ര ഖേദകരമായ സംഭവമുണ്ടായിട്ടും ഔദ്യോഗികമായ ദുഃഖം രേഖപെടുത്താൻ റെയിൽവേയ്ക്ക് ഇതുവരെ സാധിച്ചില്ലല്ലോ?

റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് വക്താവ്: മാഡം പറഞ്ഞതിൽ വസ്തുതാപരമായ തെറ്റുണ്ട്. അപകടം നടന്നതിന്റെ പിറ്റേന്ന് തന്നെ ഞങ്ങൾ അടിയന്തിരമായി യോഗം കൂടുകയും, മരണം സ്ഥിതീകരിച്ച അന്നു തന്നെ ആഴത്തിലുള്ള ദുഃഖം മാധ്യമങ്ങളിലൂടെ അറിയിക്കുകയും ചെയ്തിരുന്നു.

അവതാരകൻ: സൗമ്യയുടെ സഹോദരൻ ഇപ്പോൾ നമ്മുടെ കൂടെയുണ്ട്. ഒരുപക്ഷെ കൈയ്യിലുള്ള ചെറിയ തുക ആ പിടിച്ചുപറിക്കാരന് കൊടുക്കാതെ എതിർപ്പ് പ്രകടിപ്പിച്ചത് കൊണ്ടല്ലേ ചേച്ചിക്ക് ഈ ഗതിയുണ്ടായത്?

"ദൈവമേ ഇനി എല്ലാ പ്രശ്നങ്ങളുടേയും ഉത്തരവാദിത്വം തന്റെ എല്ലാമെല്ലായിരുന്ന ചേച്ചിയുടെ തലയിൽ തന്നെയാവുമോ" എന്ന ആശങ്ക കൊണ്ടാവാം, ആ പാവം അനിയൻ മുറിഞ്ഞ വാക്കുകളും നനഞ്ഞ കണ്ണുകളുമായി ഇരുന്നു. അപ്പോഴേക്കും പരസ്യങ്ങളുടെ ബ്രേക്ക് വന്നു. മാറിടത്തിന്റെ വിടവുകൾ പ്രദർശിപ്പിച്ച് ജ്വല്ലറി സുന്ദരി പ്രത്യക്ഷപ്പെട്ടു "She's like an angel in the sky..." (കടപ്പാട്)

അപരന്റെ കണ്ണീർമഴകളിൽ കാലിലെ ചെരിപ്പ് കഴുകുന്ന ദൃശ്യമാധ്യമലോകത്തെ മനുഷ്യത്തരഹിതമായ പ്രവണതക്ക് ഉദാഹരണമാണ് മേൽകൊടുത്തിരിക്കുന്ന വാചകങ്ങൾ. കാലത്തിന് പോലും നികത്താനാവാത്ത പ്രിയപ്പെട്ടവരുടെ വേർപാടുകൾ ആഘോഷമാക്കി മാറ്റുന്ന നവീന മലയാളസംസ്ക്കാരം അന്ത്യകാലത്തെ ദുർഘടസമയങ്ങളുടെ നിവർത്തീകരണങ്ങളിൽ ഒന്ന് മാത്രം. പിച്ചിച്ചീന്തപ്പെടുന്ന ജീവിതങ്ങളുടെ ദീനരോദങ്ങൾക്ക് മുമ്പിൽ ക്രൈസ്തവപ്രതികരണം എങ്ങനെ എന്നത് ഇനിയും ഉത്തരം കണ്ടെത്തേണ്ട ചോദ്യമാണ്. ആവശ്യത്തിലേറെപണവും ഉപഭോഗസംസ്കാരവും വാഴുന്ന സ്വീകരണമുറികളിൽ വിഡ്ഢിപ്പെട്ടിക്ക് മുമ്പിൽ പ്രതികരണശേഷി നഷ്ടപ്പെട്ട ബ്രോയിലർ കോഴികളായ് നാമെത്രകാലം കഴിച്ച് കൂട്ടും. ബോധരഹിതമായ പേക്കൂത്തുകൾ കണ്ട് കണ്ണീരൂറ്റുന്ന സമൂഹത്തിന് പ്രതികരണശേഷി നഷ്ടപ്പെട്ടിരിക്കുകയാണ്.

വാസ്തവങ്ങളിൽ നിന്നും വളരെ ദൂരേക്ക് പ്രേക്ഷകരെ വലിച്ചിഴച്ച് കൊണ്ടുപോകുന്നത് ടെലിവിഷൻ അവതാരകരുടെ മിടുക്കാണ്. പ്രതികരണശേഷിക്ക് പരിണാമം വന്ന് ഒടുക്കം മൗനാവലംബികളായ് മാറിയിരിക്കുകയാണ് സാക്ഷരജനത. യാഥാർത്ഥ്യങ്ങൾ ഇവിടെ മുഖവിലക്കെടുക്കുന്നില്ല. സ്വാർത്ഥതാല്പര്യങ്ങളുടെ സംരക്ഷണം മാത്രമാണിവിടെ കൊഴുക്കപ്പെടുന്നത്. അവതരണവൈഭവവും പരസ്യങ്ങളുടെ അതിപ്രസരണവും പ്രേക്ഷകരെ വിഡ്ഢികളാക്കുന്നതിൽ വിജയം കണ്ടെത്തിക്കൊണ്ടിരിക്കുന്നു. എന്ത് കാണുന്നു? എന്തിന് കാണുന്നു? എന്ന് സ്വന്തം നേത്രങ്ങളോട് ഉരുവിടേണ്ട ചോദ്യങ്ങളാണ്. ദൃശ്യമാധ്യമങ്ങളുടെ വഴിപിഴച്ച പ്രയാണങ്ങൾക്ക് ആമേൻ പറയാതെ അരുത് എന്ന് പറയാൻ കേരളീയർ തയ്യാറാവട്ടെ!

ഇത്തരം ദാരുണസംഭവങ്ങൾ തങ്ങൾക്ക് ജനത്തെ ആകർഷിക്കാനുള്ള 'ഷോ' ആക്കി മാറ്റുന്ന ദൃശ്യമാധ്യമങ്ങളുടെ ബിസിനസ്സ് മനോഭവം അപലനീയമാണ്.

**ക്രിസ്റ്റി പി. ജോൺ, 9048417533**


**യുഗാന്ത്യസന്ദേശത്തിന്റെ വരിക്കാരാകുക**

വാർഷിക വരിസംഖ്യ ഇന്ത്യയിൽ Rs 100

വിദേശരാജ്യങ്ങളിൽ Rs. 1200

സന്ദർശിക്കുക യുഗാന്ത്യസന്ദേശം വെബ്സൈറ്റ്

www.ysandhesham.com

e-mail: ysandhesham@saintly.com

Ph: 9446532838, 9048417533, 9447313709, 944051100



**MANKULANGARA HOME STAY**

Kerala Govt. Approved "GOLD HOUSE" Home Stay.

Mankulangara Bldgs., (Behind ICICI Bank) Ramanchira, Thiruvalla

Tel: 0469-2604394, 9447766394, 9446312292




www.mankulangarahomestay.com



**www.dofic.net**

DIRECTORY OF INDIAN CHRISTIANS

TOUCH THE WORLD THROUGH THE DOFIC

e-mail: doficja@gmail.com

mob: 9656408750, 9656408744



ജോർദ്ദാൻ –> പാലസ്തീൻ –> ഇസ്രയേൽ

**യെരുശലേമിലേക്ക്**




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

**എല്ലാ മാസവും ടൂറുകൾ**

പ്രത്യേകതകൾ

▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ ▸▸ ഷോപ്പിംഗ് അവസരങ്ങൾ ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

▸▸ ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.

▸▸ എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.

യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക

ഫോൺ: 0469 2634321/ 9847166994

കൂടുതൽ വിവരങ്ങൾക്ക്

**MARUPPACHA,** PLANTHOTTAM COMPLEX,
TIRUVALLA - 1, PHONE : 0469-2634321
Website : www.marupacha.com. E-mail : maruppacha@yahoo.com

ADVT./-



## പരീക്ഷ ചൂടിനുശേഷം അവധിക്കാലം വരവായി

# ഇനി 'കുട്ടികളുടെ ഉത്സവ്'കാലം

കൂട്ടംകൂടി കളികളിൽ ഏർപ്പെട്ടും, പുഴയിൽ നീന്തി തുടിച്ചും, തേൻമാവിൻ ചുവട്ടിൽ വീഴുന്ന മാമ്പഴത്തിന്റെ സ്വാദ് ആസ്വദിച്ചും ആടി തിമിർത്ത ഒരു ബാല്യകാലം പഴയ തലമുറക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് കാലം മാറി. ട്യൂഷ്യനും സ്പെഷ്യൽ കോച്ചിംഗ് ക്ലാസുകളും അവധിക്കാലം കൈയ്യേറിയിരിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ കുട്ടികൾക്ക് അവേശമായാണ് വെക്കേഷൻ പ്രോഗ്രാമുകൾ എത്തുന്നത്.

കുട്ടികളുടെ ലോകത്തേക്ക് സുവിശേഷ സന്ദേശം ലളിതമായും, രസകരമായും എത്തിക്കുക എന്ന സദുദ്ദേശത്തോടെയാണ് നാട്ടിലെങ്ങും ഏപ്രിൽ മെയ് മാസങ്ങളിൽ അവധിക്കാല വേദപാഠശാലകൾ സജീവമാകുന്നത്. പതിറ്റാണ്ടുകളായി ഈ രംഗത്ത് പ്രവർത്തിക്കുന്ന പല സംഘടനകളും ഉണ്ട്.

ലോക ജനസംഖ്യയിൽ 1/3 ശതമാനം വരുന്ന 15 വയസിൽ താഴെയുള്ള കുട്ടികൾ സുവിശേഷീകരിക്കപ്പെടേണ്ട ഏറ്റവും വലിയ ജനവിഭാഗമാണ്. നമ്മുടെ ചുറ്റുപാടുമുള്ള നൂറുകണക്കിന് കുഞ്ഞുങ്ങളിലേക്ക് യേശുവിനെ എത്തിക്കുവാനുള്ള ഈ ഫലകരമായ ശുശ്രൂഷയിൽ ഓരോ പ്രാദേശിക സഭയും അണിചേരേണ്ടിയിരിക്കുന്നു.

കുട്ടികളുടെ വിദ്യാഭ്യാസ രീതി അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കാലോചിതമായ മാറ്റങ്ങൾ ഈ രംഗത്ത് വരുത്തേണ്ടതായിട്ടുണ്ട്.

കുഞ്ഞുങ്ങളുടെ ആത്മിക, ശാരീരിക, മാനസീക ആവശ്യങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് തയ്യാർ ചെയ്യുന്ന വെക്കേഷൻ സിലബസാണ് ചിൽഡ്രൻസ് ഫെസ്റ്റ്. തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ ബാലസുവിശേഷീകരണ പദ്ധതി ഇന്ന് കേരളത്തിലെ ഏറ്റവും മികച്ച പാഠ്യപദ്ധതിയായി ജനസമ്മതി നേടിക്കഴിഞ്ഞു. കഴിഞ്ഞ മൂന്നു വർഷം കൊണ്ട് ഒരു ലക്ഷം കുഞ്ഞുങ്ങളിലേക്ക് സുവിശേഷ സന്ദേശം എത്തിക്കുവാൻ ചിൽഡ്രൻസ് ഫെസ്റ്റിനു കഴിഞ്ഞു.



ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഗെയിം സെഷനുകൾ തികച്ചും ആവേശകരങ്ങളാണെന്ന് കുരുന്നുകൾ സാക്ഷ്യപ്പെടുത്തുന്നു. "ഹൈ എനർജി ഗെയിംസ്" എന്നാണ് ചിൽഡ്രൻസ് ഫെസ്റ്റ് ഗെയിംസിന് അവർ നൽകുന്ന പേര്.



## ശ്രീലങ്കൻ അഭയാർത്ഥി ക്യാമ്പിൽ ചിൽഡ്രൻസ് ഫെസ്റ്റ്

വിളക്കുപാറയിൽ ശ്രീലങ്കൻ അഭയാർത്ഥികൾ തിങ്ങിപ്പാർക്കുന്ന മേഖലയിൽ ചിൽഡ്രൻസ് ഫെസ്റ്റ് നടത്തപ്പെട്ടു. ചിൽഡ്രൻസ് ഫെസ്റ്റിൽ അഭയാർത്ഥി ക്യാമ്പിലെ ശ്രീലങ്കൻ കുരുന്നുകളും സംബന്ധിച്ചു.

## വായിക്കാനറിയില്ല; പക്ഷേ ...

വയനാട് കുറുവ ദ്വീപിൽ നടത്തപ്പെട്ട ചിൽഡ്രൻസ് ഫെസ്റ്റിലെ മിക്ക കുട്ടികൾക്കും വായിക്കാനറിയില്ല. വർക്കുബുക്ക് തിരിച്ചും മറിച്ചും നോക്കാനല്ലാതെ ഒന്നുമാകുന്നില്ല. എന്നാൽ 3-ാം ദിവസം അവർ ഈറനണിഞ്ഞ മിഴികളോടെ ജീവിതം യേശുവിനായ് സമർപ്പിച്ചു.

## യുവജന ക്യാമ്പുകൾ

കഴിഞ്ഞ ക്രിസ്മസ് അവധികാലത്ത് സംഘടിക്കപ്പെട്ട യുവജനക്യാമ്പുകളിൽ കുട്ടികളുടെ സെഷനുകൾ ശ്രദ്ധേയമായി. പി.വൈ.പി.എ, സി.ഇ.എം, വൈപി.ഇ. എന്നീ യുവജനസംഘടനയുടെ സ്റ്റേറ്റ് ക്യാമ്പിൽ വ്യത്യസ്തതയാർന്ന പ്രോഗ്രാമുകളുമായി തിമഥി ഇൻസ്റ്റിറ്റ്യൂട്ട് കിഡ്സ് സെഷനുകൾക്ക് നേതൃത്വം നൽകി.

## ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കുന്ന സിലബസ്

| | ഓർമ്മയിൽ നിൽക്കുന്നത് |
|---|---|
| കേൾക്കുന്നവ | 30% |
| കാണുകയും, കേൾക്കുകയും | 50% |
| കാണുന്നു, കേൾക്കുന്നു, ചെയ്യുന്നു | 70% |
| കാണുന്നു, കേൾക്കുന്നു, ചെയ്യുന്നു, ആവർത്തിക്കുന്നു | 90% |

ഈ തത്വം മുൻനിർത്തിയാണ് ചിൽഡ്രൻസ് ഫെസ്റ്റ് പ്രവർത്തിക്കുന്നത്

## ആത്മരക്ഷയ്ക്ക് മുൻഗണന



ഗാനങ്ങളും, കഥകളും, പപ്പറ്റ് മാജിക് ഷോ, തുടങ്ങിയ വ്യത്യസ്തങ്ങളായ പാഠ്യ രീതികൾ എല്ലാം കുട്ടികൾക്ക് ഇഷ്ടപ്പെടുന്നവയാണ്. എന്നാൽ ഇവയിലൂടെയെല്ലാം പങ്കുവെയ്ക്കപ്പെടുന്ന സന്ദേശങ്ങൾ കുട്ടികളെ ആത്മരക്ഷയിലേക്ക് നയിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇവിടെ ചിൽഡ്രൻസ് ഫെസ്റ്റ് 100% വിജയിക്കുന്നു.

ചിൽഡ്രൻസ് ഫെസ്റ്റിന്റെ എല്ലാ ദിവസങ്ങളിലും കുട്ടികളെ യേശുവിലേക്ക് നയിക്കുന്നതിന് അവസരങ്ങളുണ്ട്.

## 10 സഹോദരങ്ങൾ നടത്തിയ 9 ചിൽഡ്രൻസ് ഫെസ്റ്റുകൾ

പത്തനാപുരം ചർച്ച് ഓഫ് ഗോഡ് ശാലേംപുരം സഭയുടെ ശുശ്രൂഷകനായ പാസ്റ്റർ റെജി.പി.ജോണിന്റെ നേതൃത്വത്തിൽ ലോക്കൽ സഭയിലെ സഹോദരൻമാർ 9 സ്ഥലങ്ങളിൽ ചിൽഡ്രൻസ് ഫെസ്റ്റ് നടത്തി. പത്തനംതിട്ട വയനാട് ജില്ലകളിൽ പ്രധാനമായും ആദിവാസി മേഖലകളിലാണ് ചിൽഡ്രൻസ് ഫെസ്റ്റ് നടത്തിയത്. സുൽത്താൻ ബത്തേരിയിൽ ടീം നടത്തിയ ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഫലമായി 4 വിശ്വാസികൾ മാത്രമുണ്ടായിരുന്ന സഭാഹാളിൽ ഇന്ന് 60 വിശ്വാസികൾ സംബന്ധിക്കുന്നു. ഈ ചിൽഡ്രൻസ് ഫെസ്റ്റുകളുടെ ആവശ്യങ്ങൾ ലോക്കൽ സഭയാണ് നിർവ്വഹിച്ചത്.

## ഒരു വർഷം കൊണ്ട് സാധിക്കാത്തത് ഒരാഴ്ച കൊണ്ട്

കൊച്ചിയിൽ ഇരുമ്പനത്തുള്ള പാസ്റ്റർ ജോവി ആദ്യമായാണ് കഴിഞ്ഞവർഷം ചിൽഡ്രൻസ് ഫെസ്റ്റ് സംഘടിപ്പിച്ചത്. മയക്കുമരുന്നിനും പാൻമസാലയ്ക്കും അടിമകളായിരുന്ന അനേക കൗമാരകാരും ചിൽഡ്രൻസ് ഫെസ്റ്റിൽ സംബന്ധിച്ചു. പാസ്റ്റർ ജോവിയുടെ വാക്കുകളിൽ "കഴിഞ്ഞ ഒരു വർഷം കൊണ്ട് സാധിക്കാത്തത് ഒരാഴ്ചക്കുള്ളിൽ സാധിച്ചു".

**Timothy Institute**
P.B. No. 22, Kuttappuzha P.O., Thiruvalla
Ph: 9656217909, 9745647909. www.timothyin.org

## വെക്കേഷൻ സിലബസ് തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട 7 കാര്യങ്ങൾ

1. ആത്മരക്ഷയ്ക്ക് പ്രാധാന്യം നൽകുന്ന സിലബസാണോ?
2. അവലംബിച്ചിരിക്കുന്ന പാഠ്യരീതി ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടതാണോ?
3. പാട്ടുകൾ ഗുണനിലവാരമുള്ളതാണോ? ചിന്താവിഷയവുമായി ബന്ധപ്പെട്ട ഗാനങ്ങളാണോ ഉൾപ്പെടുത്തിയിരിക്കുന്നത്.
4. പ്രോഗ്രാമിനുശേഷം കുട്ടികളിൽ ഫലകരമായ മാറ്റങ്ങൾ ദൃശ്യമാണോ?
5. സ്റ്റഡിമെറ്റീരിയലിന്റെ ഗുണനിലവാരം തൃപ്തികരമാണോ?
7. പാഠ്യ ഉപകരണങ്ങളിൽ കുട്ടികളുടെ പ്രായത്തിനനുസരണമായ വൈവിധ്യം നിലനിർത്താൻ കഴിയുന്നുണ്ടോ?
7. പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് പ്രസിദ്ധീകരണ ഏജൻസിയുടെ പൂർണ്ണ പങ്കാളിത്തം ലഭ്യമാകുന്നുണ്ടോ?

## ഹലോ ഗലീല

അർത്തിരച്ചുവരുന്ന തിരമാലകളുടെയും കുഞ്ഞോളങ്ങളുടെയും അകമ്പടിയോടെ യേശുവിനോടൊപ്പമുള്ള ഒരു ഉല്ലാസ യാത്രയാണ് ഹലോ ഗലീല. യേശുവിന്റെയും ശിഷ്യൻമാരുടെയും യാത്രകളും അവരുടെ ജീവിതത്തിലെ സംഭവവികാസങ്ങളും ഗലീല കടലിന്റെ പശ്ചാത്തലത്തിൽ കുഞ്ഞുഹൃദയങ്ങളിലേക്ക് പകരുന്ന സമാനതകളില്ലാത്ത തീമാണ് ഹലോ ഗലീല. ആത്മീക സത്യങ്ങളുടെ കലവറയാണ് ബാലഹൃദയങ്ങളിലേക്ക് ഹലോ ഗലീലയിലൂടെ പകരപ്പെടുന്നത്. യേശുവിനെ അറിയുക, വിശ്വസിക്കുക, ആശ്രയിക്കുക, അനുഗമിക്കുക, സാക്ഷിയാകുക എന്നതാണ് ഈ തീമിലൂടെ ലക്ഷ്യമിടുന്നത്. വ്യത്യസ്തതയും, അർത്ഥ തലങ്ങളും, സംഗീതാത്മകതയും ഹലോ ഗലീലയിലെ ഗാനങ്ങളെ വ്യത്യസ്തമാക്കുന്നു.

## ചിൽഡ്രൻസ് ഫെസ്റ്റ് ട്രെയിനിംഗുകൾ

ബാല സുവിശേഷീകരണത്തിന് സമർപ്പണമുള്ളവരെ അതിനായി സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ മാസ്റ്റേഴ്സ്, ഡയറക്ടേഴ്സ്, ടീച്ചേഴ്സ് എന്നീ തലത്തിലാണ് ചിൽഡ്രൻസ് ഫെസ്റ്റ് ട്രെയിനിംഗുകൾ നടത്തപ്പെടുന്നത്. സഭയ്ക്ക് പുറത്തുനിന്നുള്ള വ്യക്തികളുടെ സഹായം കൂടാതെ ചിൽഡ്രൻസ് ഫെസ്റ്റ് ചെയ്യാനാവണം എന്ന ലക്ഷ്യമാണ് ചിൽഡ്രൻസ് ഫെസ്റ്റ് ട്രെയിനിംഗിനുള്ളത്. 2011 ലെ ചിൽഡ്രൻസ് ഫെസ്റ്റ് മാസ്റ്റേഴ്സ് ട്രെയിനിംഗ് ഫെബ്രുവരി 9-11 വരെ കോട്ടയം ക്രൈസ്തവാശ്രമത്തിൽ നടന്നു. തുടർന്ന് മാർച്ച് 20 വരെ കേരളത്തിലുടനീളം 24 സെന്ററുകളിൽ ഡയറക്ടേഴ്സ് ട്രെയിനിംഗുകൾ നടക്കുന്നു. ചിൽഡ്രൻസ് ഫെസ്റ്റ് തങ്ങളുടെ സഭകളിൽ നടത്തുന്നതിനാഗ്രഹിക്കുന്നവർ ഈ ട്രെയിനിംഗുകളിൽ സംബന്ധിക്കാൻ ഉത്സാഹിക്കുക. പുതിയതായി പങ്കെടുക്കുന്നവർക്കു പോലും പ്രോഗ്രാം ചെയ്യുവാൻ കഴിയുന്ന നിലയിൽ ലളിതവും ക്രമീകൃതവുമായാണ് ചിൽഡ്രൻസ് ഫെസ്റ്റ് ഡയക്ടേഴ്സ് ട്രെയിനിംഗുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

## CHILDREN'S FEST DIRECTERS TRAINING

| | |
|---|---|
| **എറണാകുളം** | ബെഥേൽ ഷാരോൺ ചർച്ച് പാലാരിവട്ടം |
| ഫെബ്രുവരി 26 | പാസ്റ്റർ ജോൺസൺ സാമുവേൽ, 9446107026 |
| **പാലക്കാട്** | ടൗൺ എ.ജി.ചർച്ച് |
| ഫെബ്രുവരി 26 | ജെയിംസ് പി.ജെ, 9947888688 |
| **പട്ടം** | ഐ.പി.എ ചർച്ച് |
| ഫെബ്രുവരി 25,26 | പാസ്റ്റർ ജോർജ്.പി. സ്കറിയ, 9447699816 |
| **വയനാട്** | സുൽത്താൻ ബത്തേരി, ബെഥേൽ ഗോസ്പൽ അസംബ്ലി ചുങ്കം |
| മാർച്ച് 2 | പാസ്റ്റർ കെ.എം. സുരേഷ്, 9747680039 |
| **പത്തനംതിട്ട** | പുത്തൻപീടിക ചർച്ച് ഓഫ് ഗോഡ് ഹാൾ |
| മാർച്ച് 2 | പാസ്റ്റർ എം.കെ. കുര്യാക്കോസ്, 9447916748 |
| **കുമളി** | ഐ.പി.സി ഹെബ്രോൺ ചർച്ച്, 7-ാം മൈൽ |
| മാർച്ച് 2 | രാജേഷ് മാത്യു, 9562858869 |
| **തൃശൂർ** | ചർച്ച് ഓഫ് ഗോഡ് ടൗൺ ചർച്ച് |
| മാർച്ച് 2 | പാസ്റ്റർ ജോസഫ് സാം, 9447224536, 9446916541 |
| **നിലമ്പൂർ, എടക്കര** | എ.ജി.ചർച്ച് എടക്കര |
| മാർച്ച് 2 | പാസ്റ്റർ കെ.എം. തോമസ്, 9497305089 |
| **കോട്ടയം,മുണ്ടക്കയം** | ഐ.പി.സി പെനിയേൽ, നെന്മേനി |
| മാർച്ച് 5 | ജോജി, 9744689256 |
| **പത്തനാപുരം** | ചർച്ച് ഓഫ് ഗോഡ് ഹാൾ |
| മാർച്ച് 5 | പാസ്റ്റർ റെജി പി. ജോൺ, 9495534272 |
| **കാസർഗോഡ്** | കാഞ്ഞങ്ങാട് എ.ജി. ചർച്ച് |
| മാർച്ച് 5 | പാസ്റ്റർ രാജു വർഗീസ്, 9946443198, പാസ്റ്റർ മനു 9496352251 |
| **തിരുവനന്തപുരം** | ന്യൂ ഇന്ത്യ ചർച്ച്, ചെമ്പൂർ |
| മാർച്ച് 4,5 | പാസ്റ്റർ ഷിബു മാത്യു, 9447694950 |
| **കോഴിക്കോട്** | ശാരോൺ ചർച്ച് തൊണ്ടയാട് |
| മാർച്ച് 12 | പാസ്റ്റർ സിജു ജോൺ, 9895733427 |
| **ഇടുക്കി, അടിമാലി** | ശാരോൺ ചർച്ച്, അടിമാലി |
| മാർച്ച് 12 | ഷൈജു വർഗീസ്, 9744769199 |
| **കൊട്ടാരക്കര** | കൊട്ടാരക്കര തിയോളജിക്കൽ സെമിനാരി |
| മാർച്ച് 12 | പാസ്റ്റർ എബി ബേബി, 9447331348 |
| **അടൂർ** | മണക്കാല ശാരോൺ ചർച്ച് |
| മാർച്ച് 12 | പാസ്റ്റർ ആന്റണി എ.ജെ, 9947040952 |
| **തിരുവനന്തപുരം** | എ.ജി ചർച്ച് നെടുമങ്ങാട് |
| മാർച്ച് 11,12 | പാസ്റ്റർ അനൂപ് എൽ. അലക്സ്, 9072245886 |
| **കൊല്ലം** | ടൗൺ ചർച്ച് ഓഫ് ഗോഡ് |
| മാർച്ച് 19 | ജൂഡ് ആൽബർട്ട്,9995928107 |
| **ആലപ്പുഴ** | തുമ്പോളി ക്രൈസ്റ്റ് ചർച്ച് |
| മാർച്ച് 19 | ജോസഫ് ജെയിംസ്, 9061826186 |
| **റാന്നി** | ന്യൂ ഇന്ത്യാ ചർച്ച്, പള്ളിഭാഗം |
| മാർച്ച് 19 | പ്രിൻസ് കെ. സൈമൺ, 9495438406 |
| **തിരുവല്ല** | ശാരോൺ ഓഡിറ്റോറിയം |
| മാർച്ച് 19 | പി.റ്റി. വർഗ്ഗീസ്, 9497146994 |

## മൗണ്ട് സയോൺ ബൈബിൾ കോളേജ് ഗ്രാഡുവേഷൻ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് മൗണ്ട് സയോൺ ബൈബിൾ കോളേജ് ഗ്രാഡുവേഷൻ മാർച്ച് 24 വ്യാഴാഴ്ച മുളക്കുഴ മൗണ്ട് സയോൺ ആഡിറ്റോറിയത്തിൽ വച്ച് എജ്യുക്കേഷൻ ഡയറക്ടർ പാസ്റ്റർ പി.ജെ. ജെയിംസിന്റെ അദ്ധ്യക്ഷതയിൽ നടക്കും. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്ത് പ്രസംഗിക്കും.

# സൂപ്പർ ബൈബിൾ ക്വിസ് 02

### സിസ്റ്റർ സൂസ്സൻ ആൻഡ്രൂസ്, കുവൈറ്റ്



1. ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി ആരിൽ ആണ് വസിക്കുന്നത് ?
2. ബുദ്ധിമാനായൊരു മന്ത്രിയും, ശാസ്ത്രിയും ആയിരുന്ന ആൾ ?
3. യഹോവയുടെ അരുളപ്പാട് കേട്ടപ്പോൾ ' ആമേൻ, യഹോവേ' എന്ന് ഉത്തരം പറഞ്ഞ പ്രവാചകൻ?
4. ദൈവത്തിനും, സകലജലത്തിനും മുൻപാകെ പ്രവർത്തിയിലും, വാക്കിലും, ശക്തിയുള്ള പ്രവാചകൻ ?
5. കടൽക്കരയിലെ മണൽ പോലെ ദൈവം ശലമോന് കൊടുത്തത് എന്ത് ?
6. ദൈവത്തേ കണ്ട് ഭക്ഷണ പാനിയങ്ങൾ കഴിച്ചവർ ആർ ?
7. അപ്പനെയും, അമ്മയെയും കുറിച്ച് ഞാൻ അവരെ കണ്ടില്ല എന്നു പറഞ്ഞത് ആർ ?
8. എന്നൊടുകൂടെ ഒരു നാഴിക പോലും ഉണർന്നിരിപ്പാൻ നിങ്ങൾക്ക് കഴിഞ്ഞില്ലയോ എന്ന് യേശു ആരോട് പറഞ്ഞു ?
9. മൽസരികൾക്ക് ഒരു അടയാളമായി സൂക്ഷിക്കേണ്ടതിന് സാക്ഷ്യത്തിന്റെ മുൻപിൽ തിരികെ കൊണ്ടുവരുവാൻ യഹോവ മോശയോട് കല്പിച്ചത് എന്ത് ?
10. യഹോവയൊട് സഹായം ചോദിപ്പാൻ ഒന്നിച്ച് കൂടിയവർ ?
11. രാജവില്ലായ്ക കൊണ്ട് ഒരു ദേശാധിപതി രാജസ്ഥാനം വഹിച്ച ദേശം ?
12. തങ്ങളുടെ അതിർ വിട്ടു പോകുവാൻ യേശുവിനോട് അപേക്ഷിച്ച ദേശക്കാർ ?
13. യേശു പ്രാണനെ വിട്ടപ്പോൾ പിളർന്നതെന്ത് ?
14. ദുരാഗ്രഹികളുടെ കൂട്ടത്തെ കുഴിച്ചിട്ട സ്ഥലത്തിന്റെ പേർ ?
15. നന്മക്കായി കാത്തു പിടയ്ക്കുന്ന നിവാസികൾ ?
16. കരുവേലകങ്ങൾ പോലെ ശക്തിയുള്ളവൻ ആരായിരുന്നു ?
17. ഈ ആൾക്കുട്ടത്തിന് ഉത്തരം പറവാൻ നമുക്ക് വക ഒന്നുമില്ലല്ലോ എന്ന് പറഞ്ഞ് സഭയെ പിരിച്ച് വിട്ടത് ആർ ?
18. ആദ്യമായി മനുഷ്യന്റെ പേരിൽ പണിത പട്ടണം ?
19. നന്നാ വയസ്സു ചെന്ന് ആയുസ്സും, ധനവും, മാനവും തികഞ്ഞവനായി മരിച്ച ആൾ ?
20. മോശയെക്കാൾ അധികം മഹത്വത്തിന് യോഗ്യൻ ?

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

1) യേശുക്രിസ്തു കർത്താവ്, (ഫിലി 2:11 ) 2) യേഹു (2 രാജ 10:19 ) 3) മൃഗയുദ്ധം (1 കൊരി 15:32.) 4) പരിച്ഛേദന (യോഹ 7:23.) 5) ലയിശ് (ന്യായ 18:10.) 6) മിദ്യാൻ(ഹബ 3:7) 7) ദാവീദ് ഗ്രഹം (സെഖ 12:8) 8) യോനാ (7:2) 8) പൗലോസ് (അപ്പോ 23:9)10) കേഫാവ് (ഗല 2:11.) 11) നെഹമ്യാവ്( 2:12) 12) യഹൂദ (യിര്യ 17:11)13) മത്ഥിഥ്യാവ് (1 ദിന 9:31). 14) യെഹിസ്ക്കിയാവ് (2 ദിന 32:20) 15) ശിബ്ബോലെത്ത് (ന്യായ 12:6.) 16) ശമര്യർ (യോഹ 4:42) 17) പച്ചസസ്യം (ഉല്പ 1:29.) 18) ബാലാക്ക് (സംഖ്യ 24:10) 19) മോവാബ്യർ (പുറ 15:15) 20) മോശ (എബ്ര 3:2)

### സുപ്പർ ബൈബിൾ ക്വിസ്സ് മത്സരം 1 ൽ പങ്കെടുത്തവർ
### എല്ലാ ഉത്തരവും ശരിയാക്കിയവർ

സാറാമ്മ ജെയിംസ്, കാനഡ, ആലിസ് ജോയി ഐരാണിക്കുടി, സുനി മോനച്ചൻ ഇളംങ്കാട്, സുസമ്മ വർഗീസ് ചെങ്ങന്നൂർ, ഗ്രേസ് ജേക്കബ്ബ് പൂവത്തൂർ, അന്നമ്മ ജേക്കബ്ബ് പൂവത്തൂർ, മറിയാമ്മ വർഗീസ് മുടിയൂർക്കോണം, മോളി സൈമൺ എണ്ണക്കാട്, മറിയാമ്മ തോമസ് ഓമല്ലൂർ, നിർമ്മല ഷാജി കുളത്തുർ, ബ്ലസ്സി പ്രെയ്സ് കാരയ്ക്കൽ, ഷീജാ ജോൺ വേലനിലം, ഗ്രേസ് വർഗീസ് ശൂരനാട്, ശോശാമ്മ എബ്രഹാം പുതുപ്പള്ളി, ജൈനമ്മ തോമസ് പുനലൂർ, അനിതാ ഗോംസൺ ചെന്നൈ, ലീലാമ്മ ജോസഫ് കവിയൂർ, എൽസമ്മ സാബു ശൂരനാട്, ലീലാമ്മ ജോൺ ഒറ്റക്കൽ, സൂസൻ ചെറിയാൻ ഇലന്തൂർ, ആലിസ് ജോയി നെല്ലിപ്പാറ, സുസമ്മ ഗ്ലാഡ്സൺ കോയിപ്പുറം, റിൻസി ടെസിൻ പി.ഡി.ഹിൽസ്, അന്നമ്മ രാജു കരുവാറ്റ, എസ്റ്റിൻ സൈമൺ പത്തനംതിട്ട, സൂസൻ ജോർജ്ജ് തിരുവനന്തപുരം, ലിനൊ മേരി വർഗീസ് താഴം, ദീപാ ബിജു ഏറ്റുമാനൂർ, ലില്ലി സണ്ണി കുവൈറ്റ്.

### സുപ്പർ ബൈബിൾ ക്വിസ്സ് മത്സരം 1 ൽ പങ്കെടുത്തവർ

ബ്ലസ്സി റോസ് പി മാത്യു പുവൻതുരത്ത്, കുഞ്ഞമ്മ ജോൺ തിരുവല്ല, സുജ മോൻസി തലയനാട്, അന്നമ്മ കെ.വി കുരിയച്ചിറ, ദീനാ സിജു മാമലശ്ശേരി, ഫെയ്ത്ത് ആന്റണി തൊടുപുഴ, ലില്ലി ജേക്കബ്ബ് പൂവൻതുരുത്ത്, ശാന്തമ്മ തങ്കച്ചൻ ശൂരനാട്, ലീലാമ്മ ജേക്കബ്ബ് മേംപടി, അച്ചാമ്മ വർഗീസ് ഇരവിപേരൂർ ,രാജി സാബു കുമാരനെല്ലൂർ,ലിസ്സി മാത്യു വെണ്ണിക്കുളം, റോസമ്മ ജോർജ്ജ് മേലുകാവ്, ചിന്നമ്മ ജോസഫ് പള്ളിക്കൽ,വൽസമ്മ ഈശോ കുന്നം, ബീനാ മനോജ് ചേത്തക്കൽ, ലൗവ്‌ലി ഷാജി തോമസ് കരിക്കുളം, അനില ശാമുവേൽ കണ്ണിക്കൽ, മഞ്ചു ഇരമുള്ളൂർ, കെ.ജോർജ്ജ് വാലങ്കര, അന്നമ്മ തോമസ് കാഞ്ഞിരവിള, ഷീബാ സത്യപാൽ കോവളം, ജൂലി ബിജു കിഴക്കമ്പലം, നിസ്സി സാജു കുരിപ്പുഴ, എം.പി ജോർജ്ജ് കൂട്ടിക്കൽ, സാറാമ്മ പാട്രിക്ക് പറണ്ടോട് , സൂസമ്മ വർഗിസ് പഴവങ്ങാടി, സൂസമ്മ ജോസ് ഏറുമ്പടം, സാറാമ്മ ജെയിംസ് അഹമ്മദാബാദ്, മേഴ്സി സാം ഇരവിപേരൂർ, പിങ്കി സ്റ്റാൻലി ചൂനാട്, ഏലിയാമ്മ സജി പാലംകോണം, ഷീലാ ബാബു എടറിക്കാട്, ലിസ്സി മാത്യു വെണ്ണിക്കുളം, സുജ ഡേവിസ് ത്രിശ്ശൂർ, മേരിക്കുട്ടി ഫിലദെൽഫിയ, വൽസമ്മ വർഗീസ് കോന്നി, സാലി സജി പാക്കിൽ, ആനിയമ്മ ചെറിയാൻ ഉള്ളുർ, ജോസ് കാഞ്ഞിരത്തുങ്കൽ, സാബു പി.ജെ കുമാരലനെല്ലൂർ,നിജി ബിജു കരിപ്പുഴ, ഷീജാ ബിജു വാഴൂർ

**എല്ലാ ലക്കങ്ങളിലും അയക്കുന്ന ഉത്തരങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്നവരിൽ നിന്നാണ് ഒന്നും, രണ്ടും, മൂന്നും, സ്ഥാനക്കാരെ തിരഞ്ഞെടുക്കുന്നത്.അതുകൊണ്ട് ഈ ലക്കം ഉത്തരങ്ങൾ അയച്ചവർ എല്ലാ ലക്കവും മുടങ്ങാതെ ഉത്തരം അയക്കുവാൻ ശ്രദ്ധിക്കുക. സൂപ്പർ ബൈബിൾ ക്വിസിന് ഒന്നാം സമ്മാനം പതിനായിരം രൂപ, രണ്ടാം സമ്മാനം ഏഴായിരം രൂപ, മൂന്നാം സമ്മാനം മൂവായിരം രൂപ. ശരിയായ ഉത്തരം അയച്ചുതരുന്ന വിജയികളുടെ പേരുകൾ ഓരോ ലക്കത്തിലും പ്രസിദ്ധീകരിക്കുന്നതാണ്.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

## ഏരിയാ കൺവൻഷൻ

**പോത്താനിക്കാട്:** ഐ.പി.സി നേര്യമംഗലം ഏരിയാ കൺവൻഷൻ പോത്താനിക്കാട് ഇരുമ്പയിൽ ഓഡിറ്റോറയത്തിൽ നടന്നു.ഏരിയാ കൺവിനർ പാസ്റ്റർ റ്റി.എ തമ്പി ഉദ്ഘാടനം ചെയ്തു. സമാപന സന്ദേശം ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.എം ജോസഫ് നൽകി. യോഗങ്ങളിൽ ബ്രദർ. ജോൺസൻ കെ മാത്യു പാസ്റ്റർമാരായ തോമസ് മുല്ലയ്ക്കൽ, സണ്ണി കുര്യൻ, പ്രഫ റ്റി.സി മാത്യു എന്നിവർ പ്രസംഗിച്ചു.

## സെന്റർ കൺവൻഷൻ

**കുമ്പനാട്:** ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭാ, കേരളാ റീജിയൻ കുമ്പനാട് സെന്റർ കൺവൻഷൻ ഫെബ്രുവരി 10 മുതൽ 12 വരെ വെള്ളിക്കര ഏബൻ-ഏസ്സർ സഭയിൽ വെച്ചു നടന്നു. സെന്റർ പാസ്റ്റർ കെ.സി സാമുവേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.പാസ്റ്റർമാരായ അനിൽ കൊടിത്തോട്ടം, വി.ജെ പാപ്പച്ചൻ, ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിച്ചു.

## അപ്പോളജറ്റിക്കൽ കൗൺസിൽ കാലഘട്ടത്തിന്റെ ആവശ്യകത : പാസ്റ്റർ എം. കുഞ്ഞപ്പി

1-ാം പേജ് തുടർച്ച

മെന്നും, നമ്മുടെ കർത്താവും അപ്പോസ്തലന്മാരും പഠിപ്പിച്ച ഉപദേശങ്ങളിൽ നിന്ന് പിന്നോട്ട് പോകാൻ നമുക്ക് കഴിയില്ലെന്നും പാസ്റ്റർ എം.കുഞ്ഞപ്പി കൂട്ടിച്ചേർത്തു. പാസ്റ്റർ തോമസ് ഫിലിപ്പും എൻ. എം. രാജുവും ആശംസകൾ അറിയിച്ചു. തുടർന്നു നടന്ന സെമിനാറിൽ ഡോ.ജെയ്സൺ തോമസ് "പെന്തക്കോസ്ത് ഉപദേശങ്ങളുടെ തനിമ'' എന്ന വിഷയത്തെ ആസ്പദമാക്കി സിമ്പോസിയം അവതരിപ്പിച്ചു. സുവിശേഷകൻ രാജൻ ജെ. ആഷേർ മോഡറേറ്ററായിരുന്നു. പാസ്റ്റർ തോമസ് തോന്നയ്ക്കൽ, ഡോ. സി. റ്റി. ലൂയിസ്കുട്ടി, പാസ്റ്റർ രാജു ആനിക്കാട്, ജോജി ഐപ്പ് മാത്യുസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. കൺവീനർ പാസ്റ്റർ ജെ.ജോസഫ് സ്വാഗതം പറഞ്ഞു.

ഉച്ചകഴിഞ്ഞു നടന്ന സെമിനാറിൽ പാസ്റ്റർ അനിൽ കൊടിത്തോട്ടം ''പെന്തക്കോസ്തിലെ നൂതന പ്രവണതകൾ '' എന്ന വിഷയത്തെ ആസ്പദമാക്കി സിമ്പോസിയം അവതരിപ്പിച്ചു. പാസ്റ്റർ സണ്ണി പി സാമുവൽ മോഡറേറ്ററായിരുന്നു. പാസ്റ്റർമാരായ ഷിബു കെ. മാത്യു, ജെയ്സ് പാണ്ടനാട്, ഏ. റ്റി. ജോസഫ്, കെ.സി.സാമുവൽ, കെ.സി. സണ്ണിക്കുട്ടി, ഫിന്നി മത്യു, ഏബ്രഹാം ഫീലിപ്പോസ്, റ്റി.ഏ. തമ്പി, ജെയ് മോഹൻ അതിരുങ്കൽ, സാംകുട്ടി മാത്യു, സണ്ണി മുളമൂട്ടിൽ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. പാസ്റ്റർ ജെ. ജോസഫ് (കൺവീനർ), സണ്ണി മുളമൂട്ടിൽ(ജോ.കൺവീനർ), സാംകുട്ടി മാത്യു (മീഡിയാ കൺവീനർ) തുടങ്ങിയവർ സെമിനാറിന് നേത്രുത്വം വഹിച്ചു. സാംസൺ ചെങ്ങന്നൂർ ഗാനശുശ്രുഷ നിർവഹിച്ചു. സഭാശുശ്രൂഷകന്മാർ, പ്രസംഗകർ, എഴുത്തുകാർ, വേദ അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങി വിവിധ തുറകളിലുള്ളവർ സെമിനാറിൽ പങ്കെടുത്തു.

## കുവൈറ്റിൽ ചർച്ച് ഓഫ് ഗോഡ് സഭകൾക്ക് റീജിയൻ

1-ാം പേജ് തുടർച്ച

(പ്രസിഡന്റ്), ബ്രദർ സാംകുട്ടി സാമുവേൽ (ജോ. സെക്രട്ടറി), ബ്രദർ സണ്ണി ആൻഡ്രൂസ് (ജോ. ട്രഷറർ), ബ്രദർ സജി കെ. ജെ. (പബ്ലിസിറ്റി കോർഡിനേറ്റർ). കമ്മറ്റിയുടെ കാലാവധി രണ്ടു വർഷമാണ്. പാസ്റ്റർ ടി.എം. മാമച്ചൻ നേതൃത്വം നൽകുന്ന ചർച്ച് ഓഫ് ഗോഡ് കുവൈറ്റും പാസ്റ്റർ തോമസ് മാത്യു സി. ശുശ്രൂഷിക്കുന്ന കുവൈറ്റ് ചർച്ച് ഓഫ് ഗോഡും പാസ്റ്റർ ജോൺസൺ ജോർജ് പാസ്റ്ററായുള്ള അഹമ്മദി ദൈവസഭയും ചേർന്നുള്ളതാണ് പുതിയ റീജിയൻ.

കമ്മറ്റി അംഗങ്ങൾ: പാസ്റ്റർ ടി.എം. മാമച്ചൻ, സഹോദരന്മാരായ മാത്യൂസ് ജോർജ്ജ്, അനിൽ വർഗീസ്, ചാക്കോ മത്തായി, എം.ടി. ഏബ്രഹാം, രാജൻ പീറ്റർ, വർക്കി പി. ചാക്കോ, റെജി ബേബിസൺ മാത്യൂസ്. സംയുക്ത കൺവൻഷൻ, ഉപവാസ പ്രാർത്ഥന, കിഡ്സ് ഫെസ്റ്റ്, യുവജന സൺഡേ സ്കൂൾ സമ്മേളനങ്ങൾ, താലന്തു പരിശോധന, സഹോദരിമാരുടെ യോഗം എന്നിവ റീജിയന്റെ നേതൃത്വത്തിൽ നടത്തുവാൻ പ്രഥമ കമ്മറ്റി തീരുമാനിച്ചു.


മദ്ധ്യതിരുവിതാംകൂറിന്റെ വിദേശയാത്രാസേവനരംഗത്ത്
വർഷങ്ങളുടെ അനുഭവസമ്പത്ത്




ഞങ്ങളുടെ സേവനങ്ങൾ

» ഡൊമസ്റ്റിക്ക് & ഇന്റർനാഷണൽ എയർ ടിക്കറ്റുകൾ.
» അമേരിക്കൻ വിസാ പ്രോസസ്സിംഗ്.
» കുവൈറ്റ്, സൗദി അറേബ്യ, യു.എ.ഇ, ഖത്തർ, മസ്ക്കറ്റ് എന്നീ രാജ്യങ്ങളിലേക്കുള്ള വിസിറ്റ് വിസകൾ.
» ഹോളിലാന്റ്, സിങ്കപ്പൂർ, മലേഷ്യ തുടങ്ങിയ അന്താരാഷ്ട്ര ടൂർ പാക്കേജുകൾ.
» പാസ്പോർട്ട്, എമിഗ്രേഷൻ, വിസാ സ്റ്റാമ്പിംഗ്.



ട്രെയിൻ ടിക്കറ്റ് ബുക്കിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

അമേരിക്കൻ വിസിറ്റ് വിസ അപ്പോയിൻമെന്റ്

COSMIC
AIR TRAVELS

First Floor, Pothiricans Building, Near K.S.R.T.C. Bus stand, Thiruvalla, Kerala - 689 101
Phone : 0469 2700230, 2730320, 9446456320
Fax : 0091 469 2730320, Mobile : 94470 56320, 9447156320, 98470 56320
Email : cosmicairtravel@yahoo.com



# വിമർശനം ആവശ്യമോ?

## (തുടർച്ച)

പാസ്റ്റർ തോമസ് മാത്യു സി
(തമ്പി ശങ്കരമംഗലം)

**8. പാട്ടിനു താളം, കൈകൊട്ട്**

പെന്തക്കോസ്തുകാർ പൊതുവെ പാട്ടിനു നല്ല കൈത്താളവും അല്പം സ്പീഡും ഒക്കെ വേണമെന്നാഗ്രഹിക്കും. ചിലർ ഏതുപാട്ടിനും ഒരേ താളത്തിനു കൈകൊട്ടും. "തീ കത്തിക്ക എന്നിൽ തീ" പാടുമ്പോഴും അവർ സ്കൂളിൽ ഒന്നാംമണിയടിക്കും പോലെ ഒരു കൈ മലർത്തിപ്പിടിച്ചു മറ്റേ കൈ വെച്ച് "ഇട്ടോ, ഇട്ടോ"എന്നടിക്കും. വേറെ ചിലർ "വന്ദനം യേശുപരാ നിനക്കെന്നും വന്ദനം..." പാടുമ്പോഴും പടപടാന്നു സ്പീഡിലടിക്കും. നമ്മുടെ യോഗത്തിനു പുറത്തുനിന്നു ഒരാൾ കൈകൊട്ടുമാത്രം ശ്രദ്ധിച്ചാൽ അകത്തുള്ളവരുടെ എണ്ണം കൃത്യമായി പറയും. 100 പേരുണ്ടെങ്കിൽ 80 പേരുടെയെങ്കിലും കൈയ്യടി തിരിച്ചറിയാം. ശേഷം 20 പേർ കൈയ്യടി നിർത്തി കാഴ്ചക്കാരല്ലേ!

ഹാ! പാട്ടിനുതകുന്ന താളത്തിൽ കൈകൊട്ടിയാൽ എത്ര മനോഹരമാകുമായിരുന്നു നമ്മുടെ യോഗങ്ങൾ!!

**9. ഉറക്കം/ഉദാസീനത:**

പൗലോസു പ്രസംഗിച്ച യോഗത്തിലും ആൾ ഉറങ്ങി എന്നു പറഞ്ഞു എല്ലാ യോഗത്തിലും സുഖമായി ഉറങ്ങുന്നവർ ഉണ്ട്." അല്ല ഞാൻ ഉറങ്ങിയാൽ നിങ്ങൾക്കെന്താ?"എന്ന ചോദ്യവും ഉയരാം. ചിലർ കണ്ണടച്ചിരുന്ന് പ്രസംഗിക്കുന്ന ആളിനോട് 'പ്രസംഗിച്ചോ, പ്രസംഗിച്ചോ'എന്നു പറയുംപോലെ തല മേൽപോട്ടും , മറ്റു ചിലർ 'മതി ഇരിക്ക്, മതി ഇരിക്ക്'എന്നു പറയും പോലെ തല താഴോട്ടും തുരെ തുടരെ ചലിപ്പിക്കുന്നതു കാണുമ്പോൾ കഷ്ടം! എന്നല്ലാതെന്തു പറയുവാൻ!

കുവൈറ്റിലെ ഒരു മെസ്സിൽ (പുരുഷന്മാരുടെ ഹോസ്റ്റൽ) നടന്ന പ്രാർത്ഥനായോഗത്തിൽ ഒരാൾ 26 ഏമ്പക്കവും, 14 കോട്ടുവായിം സാമാന്യം നല്ല ശബ്ദത്തില് എല്ലാവരും കേൾക്കത്തന്നെ വിട്ടു.

" ഇതൊക്കെ നോക്കാനും, കാണാനും എണ്ണാനുമാണോ യോഗത്തിനു വരുന്നത് എന്നു ചോദിച്ചാൽ മറുപടി 'അല്ല'എന്നുതന്നെ! പക്ഷേ സ്നേഹിതാ, നിഷ്പക്ഷമായി ഒന്നു ചിന്തിച്ചേ, ഇതെല്ലാം നമ്മുടെ മദ്ധ്യേ നാം കാണുന്നില്ലേ? കേൾക്കുന്നില്ലേ? ഇതു മാറിയാൽ നല്ലതല്ലേ?

**10. ദാ പോകുന്നു ഭവന സന്ദർശനത്തിന്**

മൂന്നുനാലുപേർ ഉത്സാഹത്തോടെ പോകുന്നു. വഴിയിൽ മുമ്പിലും പിമ്പിലും ആരൊക്കെയുണ്ട്? ആരൊക്കെ നമ്മെ ശ്രദ്ധിക്കുന്നു, കേൾക്കുന്നു എന്നൊരു ചിന്ത പോലുമില്ലാതെ വായ്തുറന്നുള്ള സംസാരം. അതിൽ സഭാകാര്യം, പാസ്റ്ററുടെ കുറ്റം, നേതൃത്വവിമർശനം, തൊട്ടുമുമ്പ് സന്ദർശിച്ച വീടിനെക്കുറിച്ച്. ഇങ്ങനെ വാതോരാത്ത സംസാരം! ഒടുവിൽ അഞ്ചുനില കെട്ടിടത്തിന്റെ രണ്ടാം നിലയിലെ ഫ്ളാറ്റ് സന്ദർശിക്കുന്നു. കോളിംഗ്ബെൽ നിർത്താതെ ഞെക്കിപ്പിടിച്ചുകൊണ്ടിരിക്കുന്നു. വീട്ടുകാർ തുറന്നയുടൻ ഇട്ടിരുന്ന ചെരുപ്പുമായി ചാടിക്കയറി പറയുംമുമ്പേ ഇരിപ്പുമായി. വീട്ടുകാരിയുടെ സഹോദരനെ ഭർത്താവെന്നു ധരിച്ച് സംസാരം. അടുത്തു നിന്ന കുട്ടിയെക്കണ്ട് "ഈ മോൻ ബ്രദറിന്റെ തനി ഛായ". മറുപടി 'അയ്യോ ഇതു എന്റെ സഹോദരിയുടെ മകനാ' . 'ഓ ശരി' മുഖത്ത് ജാള്യത. സുവിശേഷം ഒഴിച്ചുള്ള കാര്യങ്ങൾ ഒക്കെ പറഞ്ഞു.

'എന്നാൽ പ്രാർത്ഥിച്ചിറങ്ങട്ടേ' ആദാമ്യ സൃഷ്ടി മുതലുള്ള കാര്യം അത്യുച്ചത്തിൽ വാക്യം സഹിതം പ്രാർത്ഥിച്ചതു 5-ാം നിലയിലും കേട്ടു. പത്തു മിനിട്ടു നീണ്ടു ആ പ്രാർത്ഥന. പാതകം കഴിഞ്ഞു പുറത്തിറങ്ങി.

ലിഫ്റ്റിൽ നിന്ന് ഇറങ്ങിയതും സംസാരം തുടങ്ങി. വീട്ടുകാർ മുകളിൽനിന്നും കേൾക്കുന്നുണ്ട്. അതു ശ്രദ്ധിക്കാതെ ' ഓ! ഒരു ഗുണമില്ലാത്ത മനുഷ്യർ..'. 'വല്ല പുതുപ്പണവുമായിരിക്കും', 'വീറും വൃത്തിയുമുണ്ടോ?,'നീ പറഞ്ഞിട്ടാ അവിടെ കയറിയത്'.

ഒടുവിൽ മുകളിൽനിന്ന് വീട്ടുകാർ വിളിച്ചു പറഞ്ഞു'പറഞ്ഞത് ഒന്നും ഞങ്ങൾ കേട്ടില്ല, ഇനിയും വരണം സന്ദർശനത്തിന്.'

ഇതു ഒരു സാധാരണ സംഭവമല്ലേ? ഘനശാലികളായി, പരിസരബോധത്തോടെ ദൈവകൃപയോടെ കാര്യങ്ങൾ ചെയ്താൽ എത്ര അനുഗ്രഹമായേനേ.

**11. നിലയ്ക്കാത്ത നന്ദിപ്രകടനം:**

ഏറ്റവും ഭയങ്കരമാണ് ഒടുവിൽ നടക്കുന്ന ഈ മനുഷ്യക്കുരുതി. ജനം പോകാൻ തിരക്കുകൂട്ടുന്നു. വാച്ചിൽ വീണ്ടും വീണ്ടും നോക്കുന്നു. ബസ്സ് പോകാറായി. അതാ വില്ലൻ സ്റ്റേജിൽ എത്തി. 'നന്ദിപ്രകടനം'.' കൃതജ്ഞതാ പ്രകാശനം' എന്നീ പേരുകളിലറിയപ്പെടുന്ന അന്ത്യകർമ്മത്തിന്.

" എന്റെ സ്വന്ത നാമത്തിലും, സഭയുടെ നാമത്തിലും നന്ദി അറിയിക്കുന്നു.'യാതൊരു തിരക്കുമില്ലാതെ നടക്കുന്ന പ്രസംഗകനാണെങ്കിലും സ്ഥിരം ശൈലി 'വലിയ തിരക്കുകളുടെ നടുവിലും ഞങ്ങളുടെ ക്ഷണനം(അർത്ഥം- ക്ഷണിക്കൽ- ക്ഷണം എന്നു പറയുന്നതിനു പകരം) സ്വീകരിച്ചുവന്ന പ്രസംഗകനോട് (അർത്ഥം- വിളിക്കാതെ വന്നയാൾ- പ്രസംഗകൻ എന്നതു ശരി) എന്റെ സ്വന്ത നാമത്തിലും നന്ദി. പിന്നെ ലിസ്റ്റനുസരിച്ച് കത്തിക്കയറും. പന്തലിട്ടവനും രാഷ്ട്രീയനേതാവിനും, എല്ലാം സ്വന്തനാമത്തിലും, സഭയുടെ നാമത്തിലും നന്ദി പ്രകാശിപ്പിച്ചു കഴിയുമ്പോൾ പകുതിപ്പേർ പോലും മുമ്പിൽ കാണില്ല!

വളരെ ഹ്രസ്വമായി ഈ നാമങ്ങൾ ഒന്നും ഉപയോഗിക്കാതെ അത്യാവശ്യം ഉള്ളവർക്കു മാത്രം നന്ദി പറഞ്ഞിരുന്നാൽ!!

പ്രിയമുള്ളവരേ എന്തിനിതെല്ലാം എഴുതി? പരിഹസിക്കാനല്ല; പരിഹസിക്കപ്പെടാതിരിപ്പാൻ! അല്പംകൂടെ നാം എല്ലാവരും ശ്രദ്ധിക്കാൻ, ദൈവവേല ഭംഗിയായി നടക്കുവാൻ, കർത്താവിന് അപമാനം വരാതിരിപ്പാൻ!!

ലോകത്തിൽ പരിപൂർണ്ണരായി ആരുമില്ല. എന്നാൽ ബുദ്ധിമാൻ കാര്യങ്ങൾ കണ്ടും, കേട്ടും, വായിച്ചും തന്റെ തോൽവികൾ, തെറ്റുകൾ ഗ്രഹിച്ചു പരിഹരിക്കും. അതിനുള്ള കൃപ എല്ലാവർക്കും ദൈവം നൽകട്ടെ!

*(ഈ പരമ്പര അവസാനിച്ചു)*

## സുവനീർ പ്രസിദ്ധീകരിക്കുന്നു

നോർത്തു അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് (ഇന്ത്യാ) ഫെലോഷിപ്പിന്റെ 15 വർഷത്തെ ചരിത്രങ്ങളടങ്ങുന്ന സുവനീർ പ്രസിദ്ധീകരിക്കുന്നതിലേക്കുള്ള രചനകൾ, പരസ്യങ്ങൾ, അനുഭവങ്ങൾ, കൂടാതെ 15 വർഷങ്ങളിലെ സമ്മേളനങ്ങളുടെ ഫോട്ടോകൾ കൈവശം ഉള്ളവർ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി അയച്ചുതന്നാൽ ഉപകാരം ആയിരിക്കും. ഒറിജനൽ മടക്കി തരുന്നതായിരിക്കും. വിദേശത്തും സ്വദേശത്തും ഉള്ള ദൈവസഭാ വിശ്വാസികൾക്കും കർത്തൃശുശ്രൂഷകന്മാർക്കും ഈ ഫെലോഷിപ്പുമായി ബന്ധപ്പെട്ടിട്ടുള്ളവർക്കും ഇതിൽ പങ്കു ചേരാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും മാറ്റരുകൾ അയച്ചു തരുന്നതിനും ബന്ധപ്പെടേണ്ട വിലാസങ്ങൾ

**Pr. Johnson Zachariah**
*Chief Editor*
ministerjz@gmail.com
Phone : 972-276-1158

**Pastor P.P. Kurian**
*Managing Editor*
email -kurianpp@gmail.com
Mob: 919995448337

**Bro. Roy Mapral**
*Publisher*
Email- keystonetaxes@msn.com
Phone : 215-380-8076

## നിത്യതയിലേക്ക്

**പാസ്റ്റർ ജോസഫ് കുര്യൻ**



**ഫ്ളോറിഡ:** ബഥേൽ ഐ.പി.സി സ്ഥാപക ശുശ്രൂഷകൻ പാസ്റ്റർ ജോസഫ് കുര്യൻ (80) നിത്യതയിൽ ചേർക്കപ്പെട്ടു. പത്തനംതിട്ട ജില്ലയിൽ വാര്യപുരം പുലിക്കുന്നേൽ കുടുംബാഗമാണ്. ഇൻഡ്യയിൽ പോലിസ് ഡിപ്പാർട്ടമെന്റിൽ ജോലിയിലായിരുന്ന പാസ്റ്റർ ജോസഫ് കുര്യൻ ദീർഘ വർഷങ്ങളായി അമേരിക്കയിൽ സുവിശേഷപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. 2010 മെയ് മാസത്തിൽ സഭായോഗത്തിനു ശേഷം ഭവനത്തിലേക്ക് മടങ്ങുമ്പോൾ എതിരെ വന്ന പോലിസ് വാഹനവുമായി കൂട്ടിയിടിക്കുകയും തന്റെ സഹധർമ്മിണി മോനി കുര്യൻ തൽക്ഷണം മരിക്കുകയും ചെയ്തിരുന്നു. ഗുരുതരമായി പരിക്കേറ്റ പരേതൻ സൗഖ്യമായി സാധരണജീവിതത്തിലേക്ക് മടങ്ങവേയാണ് മരണം സംഭവിച്ചത്.ശവസംസ്കാര ശുശ്രൂഷ വുഡ്‌ലോൺ മെമ്മോറിയൽ സെമിത്തേരിയിൽ നടത്തി.

സെൻട്രൽ ഫ്ളോറിഡ ക്രിസ്ത്യൻ ഫെലോഷിപ്പ് സ്ഥാപകരിലൊരാളായ സജി കുര്യൻ, വിവിധ പെന്തക്കോസ്ത് കോൺഫറൻസുകളിൽ സജീവമായി പ്രവർത്തിച്ച ജിജി കുര്യൻ, റജി കുര്യൻ, അജി കുര്യൻ, ആനി, ഗ്രേസ്, എന്നീ മക്കളും ഷാജി വർഗീസ്, സജിമോൻ, മാത്യു, ബെറ്റി, ഷീബാ, റിബി, മേഴ്സി എന്നി മരുമക്കളും 9 കൊച്ചുമക്കളും പരേതനുണ്ട്.



**അടൂർ:** ഏഴംകുളം ചെറുവള്ളി മലയിൽ പരേതനായ ഫിലിപ്പോസ് ഡാനിയേലിന്റെ ഭാര്യ റാഹേൽ ഡാനിയേൽ(81) നിത്യതയിൽ ചേർക്കപ്പെട്ടു.ശവസംസ്കാര ശുശ്രഷ ചിങ്ങവനം ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടന്നു.

മക്കൾ ബേബി ഡാനിയേൽ (ബാംഗ്ലൂർ) സി.ഡി അലക്സ് (ചിക്കാഗോ) ബാബു ഡാനിയേൽ (ഹൂസ്റ്റൺ) സാം ഡാനിയേൽ (പൂനാ) കുഞ്ഞുമോൾ (ചിങ്ങവനം) മറിയാമ്മ, സൂസൻ, ജെസ്സി (സൗദി അറേബ്യ) മേഴ്സി (തട്ട)മരു മക്കൾ പൊന്നമ്മ, ചാക്കോച്ചൻ, ഷേർലി, മാണി പ്രസാദ്, ലീനാ, ജെയ്സി, രാജൻ, സാജൻ, ജോൺസൺ.

**സത്യാന്വേഷി**

## വീണുടയുന്ന പൊയ്മുഖങ്ങൾ

ഭൂമിയിൽ ഏതോരു മനുഷ്യനും ഭാവിയെക്കുറിച്ച് ഉത്കണ്ഠാകുലരാണ്. അതുകൊണ്ട് ഭാവിയെക്കുറിച്ച് അറിയുക എന്നത് എക്കാലത്തും പ്രസക്തിയുള്ളതാണ്. അതാണ് പ്രവാചകന്മാരുടെ പ്രശസ്തിക്ക് കാരണം ആയിതീർന്നത്. വേദപുസ്തക പ്രവചനങ്ങൾ മനുഷ്യന്റെ ഭാവി പറയുന്നതായിരിന്നില്ല മറിച്ച് സാമൂഹ്യ തിന്മകൾക്കും അനിതികൾക്കും എതിരെ ശബ്ദമുയർത്തുന്നതായിരുന്നു.മാനുഷിക മുഖം നോക്കാതെ അനീതികൾക്കെതിരെ പടവാളെടുത്തതിനാൽ അവർ നീതിയുടെ കാവൽക്കാരായി മാറി. എന്നാൽ ഇന്നോ വേലി തന്നെ വിളവു തിന്നുന്നു എന്ന് പറയുന്നതുപോലെ ആയി തീർന്നു ഒരു പറ്റം പ്രവാചകന്മാരുടെ അവസ്ഥ. പ്രമാണത്തിന്റെ കാവലാളുകൾ കല്പനലംഘികളായി മാറുന്ന ദയനീയമായ കാഴ്ചയാണ് നാം ഇന്നു കാണുന്നത്.മദ്ധ്യ തിരുവിതാംകൂറിലെ ഒരു സഭയിൽ നടന്നത് അതിനൊരു ഉദാഹരണം മാത്രം.

കേരളത്തിൽ വിശേഷാൽ മലയാളികളുടെ ഇടയിൽ സാമന്യം അറിയുന്ന സാബു ജോൺ എന്ന പ്രവാചകൻ, ദൈവവിളികേട്ട് (എപ്പോൾ കേട്ടു എന്ന് ചോദിക്കരുത്) ഏകദേശം ഒന്നര വർഷം മുൻപ് ശുശ്രൂഷയുടെ വിശാലതയ്ക്കായി (ഏതു ശുശ്രൂഷ എന്ന് ചോദിക്കരുത്) സ്വന്തനാടും വീടും ഒക്കെ വിട്ട് മദ്ധ്യതിരുവിതാംക്കൂറിലേക്ക് യാത്ര തിരിച്ചു. മദ്ധ്യ തിരുവിതാംകൂറിൽ സ്വന്തമായ ഭവനം വാങ്ങി പണത്തിന്റെ സ്വാധീനത മൂലം തൊട്ടടുത്ത പെന്തക്കോസ്ത് സഭയിൽ യാതൊരു മാനദണ്ഡവും അന്വേഷണവും ഇല്ലാതെ തന്നെ അംഗത്വവും ലഭിച്ചു. സരസമായ ഭാഷാശൈലികൊണ്ടും വാക്ചാതുര്യം കൊണ്ടും അനേക പ്രസംഗവേദികൾ ലഭിച്ചു. എന്നാൽ വികാരത്തെ വിവേകം കൊണ്ടും കീഴ്പ്പെടുത്തുവാൻ കഴിയാതെ ഒരു നാൾ ആരും അറിയാതെ മറ്റാരും വീട്ടിലില്ലാതിരിന്ന സമയം നോക്കി സഭയിലെ ഒരു സഹോദരിയുടെ വീട്ടിൽ എത്തി. കപടത മനസ്സിലാക്കാതിരുന്ന ആ സഹോദരി സഹവിശ്വാസി എന്ന പരിഗണനയിലും, ഒരു ദൈവദാസൻ എന്ന പരിഗണന കൊണ്ടും യഥോചിതം സ്വീകരിച്ചു. സമയം തക്കത്തിലുപയോഗിച്ച പ്രവാചകൻ തന്റെ ഹൃദായാഭിലാക്ഷങ്ങൾ വെളിപ്പെടുത്തുവാൻ തുടങ്ങി ദൂത് ദാവിദിന്റെയും ബേത്ത്ശബയുടെയും പാപത്തെക്കുറിച്ചും ദൈവം അവർക്ക് നല്കി കൊടുത്ത പാപക്ഷമയും ആയിരുന്നു, നാം എന്തു പാപം ചെയ്താലും ദൈവം ക്ഷമിക്കും, ശരിക്ക് ഒന്ന് ആരാധിച്ചാൽ മാത്രം മതി എന്നും, സഹോദരിയോട് ചോദിച്ച് നിന്റെ ആഗ്രഹം സാധിക്കുവാൻ ദൈവം അനുവാദം തന്നും എന്നും പറഞ്ഞപ്പോൾ, ബുദ്ധിമതിയായ സഹോദരി ഇറങ്ങി പോകുവാൻ പറഞ്ഞിട്ടും അതിന് തയ്യാറാകാത്ത പ്രവാചകനെ ഒഴിവാക്കാൻ തന്ത്ര പൂർവ്വം ഭർതൃ സഹോദരനെയും ആങ്ങളമാരെയും വിളിച്ചു വരുത്തി, കാര്യങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ പ്രവാചകൻ നാവ് എന്ന ചമ്മട്ടികൊണ്ട് എതിരാളിയെ ഗുപ്തമാക്കുവാൻ തുടങ്ങി, മധുരം പുറപ്പെട്ട ഉറവയിൽ നിന്ന് കൈപ്പ് പുറപ്പെട്ടു, അന്യഭാഷ പറഞ്ഞ നാവുകൾ അന്യായഭാഷ പറയുവാൻ തുടങ്ങിയപ്പോൾ വന്നവർ ചോദിച്ചു താങ്കളൊരു പാസ്റ്ററല്ലേ ഇങ്ങനെയൊക്കെ പറയാമോ? മറുപടി രസകരമായിരുന്നു ഞാൻ പാസ്റ്ററൊന്നുമല്ല ഇത് എനിക്ക് ഉപജീവന മാർഗ്ഗം മാത്രമാണ് മറ്റു ജോലി ഒന്നും കിട്ടാത്തത് കൊണ്ട് ഇത് ചെയ്യുന്നു എന്നു മാത്രം. വീട്ടുകാർ പെന്തക്കോസ്തിലായതിനാൽ ഞാനും പെന്തക്കോസ്തിലായി. വിഷയം വഷളായപ്പോൾ വീണ്ടും അടുത്ത സ്ഥലത്ത് തന്റെ ശുശ്രൂഷക്കായി യാത്ര തിരിച്ച് ഇപ്പോൾ പുതിയ സ്ഥലത്ത് കൂടാരം അടിച്ചിരിക്കുന്നതായി അറിയുന്നു. ആധുനിക പെന്തക്കോസ്ത് സമൂഹമേ സൂക്ഷിക്കുക, ഈ അഭിനവ പ്രവാചകന്മാർ സാത്താന്റെ ഏജന്റു മാരാണ്. ഇവരെ സൂക്ഷിക്കുക, അകറ്റി നിർത്തുക അത് ഇന്നിന്റെ ആവശ്യമാണ്. വഴങ്ങാത്തവരെ വിധേയപ്പെടുത്തുവാൻ ബലപ്രയോഗത്തിനും മടിയില്ലാത്തവരും ഉണ്ട്. ഈ കൂട്ടരെ അകറ്റിനിർത്തിയില്ലെങ്കിൽ ഇവർ നമ്മുടെ സഭയും കുടുംബവും തകർക്കും അതിനിടവരാതിരിക്കട്ടെ.

Statement about ownership and other particulars about 'YUGANTHYA SANDHESHAM' as referred to be published about under rule of Registration of News Paper (Central) Rules, 1956

(FORM I See Rule 3)

| | | |
|---|---|---|
| 1. Title of the News Paper | : | Yuganthya Sandhesham |
| 2. Language in which it is published | : | Malayalam |
| 3. Periodicity of publication | : | Monthly |
| 4. Date of publication | : | Fifth Day of Every month |
| 5. Publishers Name | : | Smitha Shibu |
| Nationality | : | Indian |
| Addres | : | Kurayilplavila Ebenezer cottage Tiruvalla - 1, Kerala . |
| 6. Place of Publication | : | Thiruvalla. |
| 7. Printer's Name | : | Smitha Shibu |
| Nationality | : | Indian |
| Address | : | as above |
| 8. Name of the printing press where printing is conducted and the true precise declaration of the premises on which the press is installed | : | Carmel Offset Press Kaviyoor P.O., Thiruvalla, Kerala. |
| 9. Editor's Name | : | Shibu K. Mathew |
| Nationality | : | Indian |
| Address | : | as above |
| 10. Owners Name | : | Smitha Shibu |
| Nationality | : | Indian |
| Address | : | as above |

I, Smitha Shibu hereby declare that the particulars given above are true to the best of my knowledge and belief.

05-03-2011                                   (Sd/-) Smitha Shibu
(Printer & Publisher)

# പ്രണയം



ക്രിസ്റ്റി പി. ജോൺ

മുനഞ്ഞു കത്തുന്ന തെരുവ് വിളക്കുകളുടെ അരണ്ട വെളിച്ചത്തിൽ... വിജനമായ ആ തെരുവിലൂടെ ഇളം കാറ്റിന്റെ ചുംബനങ്ങളേറ്റ് നാം ഇരുവരും നടന്ന് നീങ്ങുമ്പോൾ.... ആകാശചന്ദ്രികയും നക്ഷത്രങ്ങളും നമ്മെ നോക്കി പുഞ്ചിരിക്കുന്നുണ്ടായിരുന്നു. പുതുമഞ്ഞിന്റെ പുതപ്പിട്ട് നാം ചേർന്ന് നടക്കുമ്പോൾ അകലങ്ങളിൽ ഏതോ വാനമ്പാടി പാടുന്നു..... രാവിന്റെ യാമഭംഗികൾക്കിടയിൽ എപ്പോഴോ മഞ്ഞു തുള്ളികൾ പൂമൊട്ടുകളെ ചുംബിച്ച് വിടർത്തി. അടരുവാൻ മനസ്സില്ലാതെ പൂവിതളുകളോട് ചേർന്നിരിക്കുകയാണ് തുഷാരബിന്ദുക്കൾ.... ഇരുട്ടിന്റെ കരിമ്പടം പുതച്ചിരിക്കുന്ന ഈ രജനിയിൽ എത്രയെത്ര പ്രണയഭാവങ്ങൾ പെയ്തിറങ്ങുന്നു........

ഒരുവന്റെ കൂർക്കം വലികൾ മറ്റൊരുവന്റെ താരാട്ടായി മാറിയ ഒരു രാത്രിയിൽ.. ഗത്സമെന്റെ മടിശ്ശയിൽ ഇളം കാറ്റിന്റെ തലോടലേറ്റ് മൂവർ ഉറങ്ങുന്നു. നിലാവ് ചുരത്തുന്ന രാത്രിയുടെ മൂകതയിൽ,ഒരു കല്ലേറോളം ദൂരത്തിൽ ഒരുവൻ മുട്ടിന്മേൽ നിൽക്കുന്നു. അവന്റെ ഹൃദയവേദനകൾ ഗസൽ ഗായകന്റെ രാഗവിസ്മയങ്ങളായ് പലർക്കും തോന്നിയേക്കാം. രാത്രിയിലെ കുളിരിലും അവനങ്ങനെ രക്തം വിയർക്കുന്നു. എന്നെനിക്കറിയില്ല,ഉറങ്ങികിടക്കുന്ന എന്നെ ഓർത്ത് പ്രണയം തുവുന്ന ആ ഹൃദയം ഇപ്പോഴും മനസ്സിലാവുന്നില്ല.അവന്റെ വിശ്വ പ്രേമത്തിന്റെ താവക ദർശനം കാൽവറിയിൽ കാണുന്നു. രക്തപുഷ്പമായ് അവൻ പൂത്തുലഞ്ഞപ്പോൾ പിളർന്നുകിടക്കുന്ന ഹൃദയത്തിൽ നിന്നുറുന്ന ജലതുള്ളികളിലും നിർവ്യാജ സ്നേഹത്തിന്റെ പരിമളം ഗ്രസിക്കുന്നു. പാപിയെ പ്രണയിച്ചോരു പ്രാണേശ്വരനേ ക്രിസ്തുവിലല്ലാതെ മറ്റെവിടയാണ് കാണുക ?ക്രിസ്തു സർവ്വ ജീവജാലങ്ങളെയും പ്രണയിച്ച ഏക മനുഷ്യൻ

ഇനി ടാഗോറിന്റെ ഗീതാഞ്ജലിയിലേക്കാണ് പ്രയാണം. ഉള്ളിലുറങ്ങുന്ന ആത്മാവിന്റെ തന്ത്രികളെ തൊട്ടുമീട്ടുന്ന ഒരുവൻ, അവന്റെ അമൃത സ്പർശമേറ്റ് അത്യാനന്ദം പൂണ്ട ഹൃദയം നിസ്സീമായിരിക്കുന്നു. ജീവിതത്തിലെ കയ്പും കാഠിന്യവുമെല്ലാം അമൃതമായ ആ ഗാനത്തിൽ അലിഞ്ഞു ചേരുന്നു. ആ ഗാനങ്ങളുടെ ലഹരിയിൽ നാം സ്വയം മതി മറന്ന് പോകുന്നു. ദൈവിക സ്പർശനം ഏൽക്കുന്ന ഈ നിമിഷം... അവിടുത്തോട് തോന്നുന്ന ദീവ്യമായ പ്രണയമാണ് എന്റെ ആരാധന. ഭക്തിയെ ദീവ്യമായ പ്രണയമായും പ്രണയിതാവായി ദൈവത്തേയും കണ്ടെത്തുന്ന ഗീതാഞ്ജലി എന്നെന്നും മനസ്സിനൊരു കുളിർ മഴയാണ്.ടാഗോർ തുടരുന്നു.

'......... അരുപിയായ രത്നത്തേ തേടി രൂപസാഗരത്തിൽ ഞാൻ മുങ്ങിക്കിടക്കുന്നു. ജീർണ്ണിച്ച തോണിയുമായി കടവുകൾ തോറും ഇനി അലയുകയില്ല. തിരമാലകൾക്കിടയിലെ കുത്തി മറിയിൽ അവസാനിപ്പാക്കാനുള്ള സമയമായി.അമൃതത്തിന്റെ അഗാധയിൽ എത്തി അമരത്ത്വം കൈവരിക്കുവാൻ ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നു. കർണ്ണങ്ങൾക്ക് അഗോചരമായ ഗാനം സദാ മുഴക്കുന്ന സഭാതലത്തിന്റെ അഗാധതയിലേക്ക് എന്റെ ജീവിതവല്ലിയുമായി ഞാൻ പ്രവേശിക്കും. ശാശ്വതമായ ശ്രുതിമീട്ടി അന്തിമമായൊരു വിലാപഗാനം ആലപിച്ച ശേഷം അങ്ങയുടെ നിശ്ചല പാദങ്ങളിൽ നിശബ്ദമായ എന്റെ ജീവിത വീണ ഞാൻ കാഴ്ചവെക്കും.... ' ഗീതാഞ്ജലി എന്താണ് പഠിപ്പിക്കുന്നത്

'ജീവിതം പ്രണയമാകുവാൻ ദൈവത്തെ പ്രേമിക്കുക'

പ്രകൃതിയെ പ്രണയിച്ചൊരു പ്രീയകവി ചങ്ങമ്പുഴയടെ കാവ്യബിംബങ്ങൾ സൗന്ദര്യലഹരിതന്നെ സമ്മാനിക്കുന്നു. പൂർവ്വദിങ് മുഖത്ത് സിന്ദൂരം പൂശി പൂവിനെ ചിരിപ്പിച്ചെത്തുന്നു പുലരി! മുല്ലമൊട്ടുകൾ വാരി വാനിൽ വിതറികൊണ്ട് ഉല്ലാസ ഭരിതയായ് വന്നണയുന്ന സന്ധ്യശ്രീ..! വാനിൽ ഉല്ലസിക്കുന്ന പൂനിലാവിൽ കുളിച്ചെത്തുന്ന രാത്രി! സൗന്ദര്യത്തിന്റെ മഹാവിസ്മയങ്ങൾ മാത്രം ചുറ്റിലും അണിഞ്ഞൊരുങ്ങുമ്പോൾ കവി പാടുന്നു

എന്തിനി പ്രകൃതിയിൽ സൗന്ദര്യമുള്ളതെന്തും ഹാ...... ജീവിതത്തെ മധുരിപ്പിച്ചിടുന്നു!

ഒട്ടനവധി കൗൺസിലിംഗ് ക്ലാസ്സുകളിൽ അലയടിച്ചൊരു ചോദ്യമിതായിരുന്നു. സാർ പ്രേമിക്കുന്നത് തെറ്റാണോ? ഉത്തരങ്ങൾ പലവിധമായിരുന്നു പ്രാണനുള്ളടത്തോളം കാലം പ്രണയവും,പ്രകൃതിയുള്ളടത്തോളം ഈ ചോദ്യവും പ്രയാണം തുടരും എന്നതാണ് സത്യം.സർവ്വരുടെയും മനസ്സിൽ ഗൂഢമായൊരു തേൻകൂടുണ്ട്. ആയിരം കരങ്ങളാൽ ബാഹ്യമായി എതിർക്കുമ്പോഴും ഹൃദയത്താൽ അതിനെ ആലിംഗനം ചെയ്യുകയാണ് ബഹുഭൂരിപക്ഷവും. സൈബർ യുഗത്തിലെ ഫാസ്റ്റ് ഫുഡ് പ്രണയങ്ങൾക്ക് അല്പായുസാണുള്ളത് എന്നത് സത്യം തന്നെ. അപ്പോഴും എതിർപ്പിന്റെയും ബാഹ്യലങ്കാരമില്ലായ്മയുടെയും പ്രളയങ്ങളിൽ മുങ്ങിപ്പോകാത്ത യഥാർത്ഥ പ്രണയനൗകകളും ഉണ്ട്. ടോൾസ്റ്റോയുടെ ഭാഷയിൽ പ്രണയം തലച്ചോറിന്റെ ലൈംഗിക വികാരമണ്. സമകാലീന സംഭവ പരമ്പരകൾ ഇതിനെ പിൻതുണക്കുന്നു. എന്നാൽ ലൈംഗികതക്കും അപ്പുറത്ത് നിഗൂഢമായൊരു സ്നേഹത്തിന്റെ മാസ്മരിക പ്രഭാവലയം നിലനിൽക്കുന്നു. നേരിട്ട് കാണാത്തപ്പോഴും പരസ്പരം മിണ്ടാൻ പറ്റാത്തപ്പോഴും ആത്മാർത്ഥമായി സ്നേഹിക്കുന്നവർ ഇവിടെ ഇന്നും വസിക്കുന്നു.വിദൂരതയുടെ അതിർവരമ്പുകളും... ഒന്ന് സംസാരിക്കുവാൻ പോലുമാവാത്ത വിധമുള്ള വീടിന്റെ തടങ്കൽ പാറകൾക്കുമകത്ത് തളച്ചിട്ടപ്പോൾ അവൻ അവസാനമായ് അവളോട് പറഞ്ഞവാക്ക് ഇങ്ങനെ ആയിരുന്നു.

'കാലത്തിന്റെ വിടവിനും എതിർപ്പിന്റെ പ്രഹരങ്ങൾക്കും ഉടക്കാനാവാത്തതാണ് നിനക്ക് എന്നോടുള്ള സ്നേഹം എന്നത് ജീവിതം കൊണ്ട് തെളിയിക്കാമോ'

പലരായ് നൽകിയ ക്ഷോഭത്തിന്റെയും വേദനയുടെയും ഒറ്റപ്പെടുത്തലിന്റെയും ആത്മനിന്ദയുടെയും ചുടലത്തീവെട്ടത്തിൽ ഉറങ്ങാതെ ഇണക്കായുള്ള കാത്തിരിപ്പ് നീളുകയാണ്. ഒരോ നിശ്വാസങ്ങളിലും ആ മുഖം ഓർക്കുമ്പോൾ തെല്ല് ആശ്വാസം ലഭിക്കുന്നുണ്ട്.കൊഴിഞ്ഞു വീഴുന്ന പൂക്കളെയല്ല വിടരുവാനുള്ള മൊട്ടുകളെയാണ് പ്രണയിതാക്കൾ നോക്കുന്നത്. കിതപ്പേകുന്ന വെയിലിലും ആലിപ്പഴങ്ങൾ പൊഴിയൊന്നൊരു കുളിർമഴയെ അവർ പ്രതിക്ഷിക്കുന്നു. ചുറ്റുപാടിന്റെ രൂക്ഷതകൾക്കും ക്ഷോഭങ്ങൾക്കും കീഴടങ്ങാത്തൊരു കാത്തിരിപ്പ് ...ജ്ഞാനത്തിന്റെ മഹാസമുദ്രങ്ങളെ ഉള്ളിൽ വഹിച്ച സോളമൻ തന്റെ പ്രണയകാവ്യത്തിൽ ഇങ്ങനെ എഴുതി....... പ്രേമത്തിന് ഇഷ്ടമാകുവോളും അതിനെ ഇളക്കരുത് ഉണർത്തുകയുമരുത്..... പ്രേമം മരണം പോലെ ബലമുള്ളതും.... അതിന്റെ ജ്വലനം അഗ്നിജ്വലനവും ഒരു ദീവ്യ ജ്വാലയും തന്നേ.....ഏറിയവെള്ളങ്ങൾ പ്രേമത്തേ കെടുത്തുവാൻ പോരാ..നദികൾ അതിനെ മുക്കികളയുകയില്ല (ഉത്ത: 8:46–47)

മതത്തിന്റെയും ചക്രവർത്തിയുടെയും നിയമാജ്ഞാകൾ വകവെക്കാതെ സ്നേഹിച്ചവരെ ഒന്നിപ്പിച്ച വാലന്റയിൻ പുരോഹിതൻ ജീവിച്ച മണ്ണാണിത്. വാലന്റയിൻ പുരോഹിതന്റെ ചരമദിനമാണ് ലോക പ്രണയദിനമായ് ആഘോഷിക്കുന്നത്. പ്രിയതമയോടുള്ള അനുരാഗത്താൽ ലോകാത്ഭുതങ്ങളിൽ ഒന്നായ താജ്മഹൽ പണിയിച്ച ഷാജഹാൻ ചക്രവർത്തിയുടെ ഭാരതത്തിന്റെ നെറുകയിൽ ഒരു അലങ്കാരമായ ആ പ്രണയസ്തരം ഇന്നും നമ്മുടെ. ചരിത്രത്തിന്റെ ഭാഗമാണ്. ലോകത്തിൽ ഏതാണ്ട് മുന്നിൽ ഒരു ഭാഗം രാജ്യങ്ങളുടെ അധിപതിയായിരുന്ന ഇംഗ്ലണ്ടിലെ എഡ്വേർഡ് എട്ടാമൻ തന്റെ കാമുകിയായിരുന്ന വിൻഡസർനുവേണ്ടി തന്റെ സ്ഥാനമാനാധികൾ ഉപേക്ഷിച്ചു എന്ന് പറയുമ്പോൾ പ്രണയത്തിന്റെ മൂല്യങ്ങൾ രാജ്യങ്ങൾകൊണ്ടും സാമ്രാജ്യങ്ങൾക്കും നികത്താനാവത്താണെന്ന് സമ്മതിക്കേണ്ടി വരുന്നു പ്രണയമായ് തീരുവാനുള്ള മോഹവുമായ് ജിവിതം തുടരുമ്പോൾ പ്രണയനിക്ക് വേണ്ടി ജീവൻ കൊടുത്ത ഒരു പ്രാണേശ്വരൻ ഉണ്ടായിരുന്നു. ആല്ലല്ല എന്ന് തോന്നുമാറ് വിരൂപനായ് തകർക്കപ്പെടുമ്പോഴും എന്നെ പ്രണയിച്ച അവന്റെ പ്രേമം എന്നിൽ അവനോടുള്ള സ്നേഹത്തിന്റെ അഗ്നിജ്വാലകളെ ഉണർത്തുന്നു. നിശബ്ദതയെ ഭേദിച്ച് എന്റെ കാത്തിരിപ്പുകൾക്കോടുവിൽ അവൻ കാഹളനാദത്തോടെയെത്തും. അവനായ് കൊതിച്ചിരിക്കുന്നയെന്നോടായവൻ പറയുന്നു.

കാലത്തിന്റ യവനിക കീറി ഞാൻ
കരളിൽ കൊരുത്ത എന്റെ കിനാവിനെ
നേടുവാൻ ഒരു നാൾ വരും
കാലം വേർപ്പെടുത്താത്ത
എതിർപ്പിന്റെ തീയമ്പുകൾ പൊള്ളലേൽപ്പിക്കാത്ത
സ്നേഹമാം മനസ്സുമായ് നീയെനിക്കായ്
കാത്തിരിക്കുക

സ്നേഹത്തോടെ നിന്റെ സ്വന്തം
പ്രാണേശ്വരൻ

---

യുഗചിന്ത

പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

## ആത്മികതയുടെ വിപണന തന്ത്രങ്ങൾ

ദൈവഭയമില്ലാത്ത കപട ഭക്തർ ഇന്ന് സഭകളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇവർ യഥാർത്ഥ ഭക്തരല്ല ആത്മീയ മണ്ഡലത്തിലെ വ്യാജന്മാരാണ് ഇന്ന് ഈ കൂട്ടരെ ഏറ്റവും അധികം കാണുന്നത് പെന്തകോസ്തിനെ വ്യവസായമായി മാറ്റുന്ന നവപെന്തക്കോസ്ത് പ്രസ്ഥാനങ്ങളിൽ ആണ്. ആത്മികതയുടെ പേരിൽ മനുഷ്യനെ കബളിപ്പിക്കുവാൻ വേണ്ടി വചന വിരുദ്ധമായി ഉളവാകുന്നതെല്ലാം, പാശ്ചാത്യ നാടുകളിൽ നിന്നും ബാംഗ്ലൂർ വഴി കേരളത്തിലേക്ക് അധിവേഗം പ്രചരിക്കുകയാണ്. ദീപസ്തംഭം മഹാശ്ചാര്യം നമുക്ക് കിട്ടണം പണം എന്നതാണ് ഇവരുടെ ആപ്തവാക്യം. പരിപാടി ഏതാകിലും കുഴപ്പമില്ല സാമ്പത്തിക നേട്ടം മതി സമൃദ്ധിയുടെ ദൈവശാസ്ത്രത്തിൽ അധിഷ്ഠിതമായി ദ്രവ്യ സമ്പാദനത്തിനുള്ള മാർഗ്ഗമാക്കി ഭക്തിയെ ആദായ സൂത്രമാക്കി മാറ്റുന്നു. നവ പെന്തകോസ്ത് സമൂഹത്തിൽ വൻ സ്വാധിന ശക്തിയായി വിരാജിച്ചു വരുന്ന ഇവരുടെ കാപട്യം നാം തിരിച്ചറിയണം.

കേരളത്തിലെ ഏറ്റവും വലിയ നവപെന്തകോസ്ത് സഭയുടെ പ്രാർത്ഥനായോഗത്തിന്റെ പരസ്യം കേരളത്തിലെ മുഖ്യധാര പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടത് ഇങ്ങനെയാണ്. 'മുന്നമേ അവന്റെ രാജ്യം അന്വേഷിപ്പിൻ ഇതോടെ സകലതും നിങ്ങൾക്ക് ലഭിക്കും' എന്നായിരുന്നു. തിരുവചനത്തിന് അർത്ഥ ഭേദം വരുത്തുന്ന വികലമായ വ്യാഖാനങ്ങൾ കൊണ്ട് ഈ വാക്യം ശ്രദ്ധിക്കപ്പെട്ടു. ഈ വാക്യത്തിലെ നീതി എന്ന പദം ധനാഗമനത്തിന്റെ വിപണനാർത്ഥം സമർത്ഥമായി വിഴുങ്ങികളഞ്ഞു. ഇവർ സുവിശേഷികരണത്തെ വിറ്റ് കാശാക്കി ഭൂമിയിലെ ആർഭാട ജിവിതത്തിന് സകലതും സ്വരുകൂട്ടുമ്പോൾ ഗിരിപ്രഭാഷണത്തിലെ ഈ മഹത് വചനത്തിന് അർത്ഥഭേദം വരുത്തിയിരിക്കുന്നു.ദൈവം സുവിശേഷത്തിലൂടെ ആവിഷ്കരിച്ചിരിക്കുന്നത് ദൈവത്തിന്റെ നീതിയാണ്. മനുഷ്യന് ദൈവത്തോടുള്ള നീതി എന്നത് ഹൃദയ ശുദ്ധിയും ദൈവിക നിയമത്തോടുള്ള ദൃഡികരണവും, ഹൃദയം കൊണ്ട് അംഗികരിക്കുന്നതും, നല്ല മനസാക്ഷിക്കു വേണ്ടിയും, വിശുദ്ധ ജീവിതത്തിനുള്ള അപേക്ഷയും ,ദൈവിക നിയമത്തെ കാത്തു സൂക്ഷിക്കുന്നതുമാണ്. ഈ ദൈവിക നീതി മനുഷ്യനോടുള്ള കടപ്പാടിനെ കാണിക്കുന്നു. ഈ കാര്യം ഓർപ്പിച്ചാൽ ആളു കൂടില്ല, കാണിക്കയുടെ വരവും കുറയും. ഇവർ ആട്ടിൻ തോലിട്ട ചെന്നായ് ആണ്. രക്തം ഊറ്റികുടിക്കുവാൻ തരം പാർത്തിരിക്കുകയാണിവർ.ദുരുപദേശം കൊണ്ടും വികലമായ വ്യാഖ്യനവും കൊണ്ട് ഉദരപൂരണത്തിനും ധനസമാഹരണത്തിനും സുവിശേഷം ഹേതുവാക്കി മാറ്റി. ദൈവവചനത്തിൽ നിന്നും ചിലത് കുറച്ചപ്പോൾ ധനാഗമനം വർദ്ധിച്ചു. അത് നിമിത്തം എല്ലാ കടങ്ങളും മാറി, ശരിയായ ഒരു കണക്കെടുത്താൽ കടം മാറിയതും എല്ലും ലഭിച്ചതും ന്യൂജനറേഷൻ നേതാക്കന്മാർക്കാണെന്ന് മാത്രം.പൊയ്മുഖങ്ങൾ അഴിഞ്ഞ് വീഴട്ടെ ഇവരുടെ വഞ്ചനയിൽ വീണുപോകുന്ന സാധുക്കളെ ഓർത്ത് നമുക്ക് സഹതപിക്കാം.പൊയ്മുഖങ്ങൾ അഴിഞ്ഞു വിഴുവാൻ, ഭക്തിയുടെ പ്രഹസനം മാറുവാൻ പ്രാർത്ഥിക്കാം.

---

# മദ്യത്തിൽ മുങ്ങി പോയ കേരളം



പാസ്റ്റർ ഈപ്പച്ചൻ
തോമസ് ഉള്ളൂർ

പുതുവർഷത്തിൽ നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കഴിഞ്ഞ ഒരു വർഷം നാഥൻ നടത്തിയ വിധങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും വരുവാനുള്ള സംഭവബഹുലമായ ദിവസങ്ങളിൽ ജീവിക്കുവാനുള്ള ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടു ദൈവജനം പുതുവർഷത്തെ സ്വീകരിച്ചു.

എന്നാൽ ബഹുഭൂരിപക്ഷം ലോകജനതയും മദ്യക്കുപ്പികൾ പൊട്ടിച്ചാണ് പുതുവർഷത്തെ എതിരേറ്റത്. മലയാളി ജനതമാത്രം പുതുവർഷത്തെ എതിരേല്പാൻ 2010 ഡിസംബർ 31–ന് മാത്രം കുടിച്ചുവറ്റിച്ച മദ്യത്തിന്റെ തുക 32.86 കോടി ആണെന്നാണ് ബിവ്റേജസ് കോർപറേഷന്റെ കണക്ക്. ഡിസംബർ 31ന് അവസാനിച്ച 10 ദിവസത്തെ കണക്കനുസരിച്ച് മദ്യവിൽപനയിൽ 20% വർദ്ധനവുണ്ടായതാണ് ഔദ്യോഗിക കണക്ക്. 234.54 കോടി രൂപയുടെ വിൽപനയാണ് ഇത്തവണ ഉണ്ടായത്. കഴിഞ്ഞവർഷം ഇത് 195.11 കോടി ആയിരുന്നു. ബാറുകളിലും, ഷാപ്പുകളിലും, മിലിട്ടറി കോട്ടയിലും മറ്റും വിതരണം ചെയ്തമദ്യം കൂടി കൂട്ടുമ്പോൾ പുതുവർഷത്തിലെ ലഹരി നുകരാൻ മലയാളി ചിലവഴിച്ച തുക എത്ര കോടിയായിരിക്കും! ഇത് കേരളത്തിലെ മാത്രം സ്ഥിതി ആയിരിക്കുമ്പോൾ ഇതിനെക്കാൾ എത്ര ഭീകരമായ സ്ഥിതിവിശേഷമാണ് വിദേശരാജ്യങ്ങളിൽ.

മദ്യം എന്ന മഹാവ്യാധി രാഷ്ട്രഗോത്രത്തിലെ ഓരോ കോശത്തെയും ആക്രമിക്കുവാനുള്ള ശക്തി കൈവരിക്കുകയാണ്. തക്കസമയത്ത് ഇതിന് മറുമരുന്ന് നൽകാൻ ഭരണകൂടങ്ങൾക്കും, മതങ്ങൾക്കും കഴിയാതെ പോകുന്നു. വിലക്കയറ്റം കുടുംബ ബജറ്റ് തകർക്കുന്നു. ഭക്ഷണ കാര്യത്തിൽ നമ്മുടെ പരാശ്രയം നിർലജ്ജം വർദ്ധിക്കുന്നു. ശുദ്ധജലം, വൈദ്യുതി, റോഡുകൾ മുതലായ കാര്യങ്ങളിൽ നാം ബഹുദൂരം പിന്നിലാണ്. അത്യാവശ്യ മരുന്നുകളും പോഷകാഹാരങ്ങളും ലഭിക്കാതെ അനേകർ പിടഞ്ഞു മരിക്കുന്നു.

ഗവണ്മെന്റുകൾ മദ്യം എന്ന ഈ മഹാ സർപ്പത്തിന് പാലൂട്ടുകയാണ്. അവർക്ക് അനേക കോടികൾ ഈ മഹാസർപ്പം ആണ്ടുതോറും നൽകിക്കൊ ടുക്കുന്നു. ഉത്പാദന ചിലവ് വളരെ കുറവുമാത്രമുള്ള ഒരു ബിസിനസ്സ് ആണ് ഇത്. നല്ലൊരു ശതമാനം തുകയും മദ്യലോബികളും ഗവണ്മെന്റും വീതിച്ചെടുക്കുന്നു. പകലന്തിയോളം പാടുപെട്ടുകിട്ടുന്ന പണം ഇപ്രകാരം മദ്യപാനി ചിലവിടുമ്പോൾ യഥാർത്ഥത്തിൽ അവന്റെയും കുടുംബത്തിന്റെയും ചോരയല്ലേ ഇവർ വലിച്ചു കുടിക്കുന്നത്! എല്ലാവരിലും അല്ലെങ്കിലും ബഹുഭൂരിപക്ഷം പേരിലും കാൻസർ, പ്രമേഹം തുടങ്ങിയ മാരകരോഗങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നത് മദ്യം എന്ന ഈ സംഹാരകനാണ്. നമ്മുടെ ഗവണ്മെന്റ് ഈ വരുമാനം വേണ്ടെന്നു വച്ചിട്ട് നല്ല നല്ല ഫാക്ടറികൾ തുടങ്ങിയിരുന്നെങ്കിൽ രാജ്യത്തിനു വരുമാനവും അനേകർക്കു തൊഴിലും ലഭ്യമാകുകയും രാജ്യം നശിക്കാതിരിക്കുകയും ചെയ്യുമായിരുന്നു.

മദ്യപാനി സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ലായെന്ന് ബൈബിൾ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു (1 കൊരി 6:10, യെശയ്യാവ് 5:11–14). മദ്യം എന്ന ഈ പിശാച് ഒരുവന്റെ കുടുംബം, ആരോഗ്യം, നിത്യത ഇവ നശിപ്പിക്കുകയും അവനെ നിത്യനരകത്തിന് ഓഹരിക്കാരനാക്കുകയും ചെയ്യുന്നു.

ഈ പുതുവർഷത്തിൽ ഭൂമിയുടെ ഉപ്പു പരലുകളായ ദൈവജനമേ, മദ്യം എന്ന പിശാചിനെ ജനഹൃദയങ്ങളിൽ നിന്ന് ശാസിക്കുവാനും ജനം രക്ഷിതാവിങ്കലേക്കു തിരിയുവാനും, പരിശുദ്ധാത്മാവാം വീഞ്ഞിനാൽ ആനന്ദിക്കുവാനും നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

e-mail:
ysandhesham@saintly.com
www.
ysandhesham.com
Ph: 9446532838

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446747100
E-mail : ysandhesham@saintly.com

2011 March

# YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2010-12
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP-95 / 2010-12

## ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് പ്രവർത്തനം വിപുലപ്പെടുത്തുന്നു

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരുടെ ഐക്യ വേദിയായ "ചർച്ച് ഓഫ് ഗോഡ് റൈറ്റേസ് ഫെലോഷിപ് ഇൻഡ്യാ" എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിപുലമായ പദ്ധതികളുമായി പ്രവർത്തന സജ്ജമാകുകയാണ്. കഴിഞ്ഞ ദിവസം നടന്ന പ്രത്യേക ആലോചനാ യോഗത്തിൽ ഇതിന്റെ ഭാഗമായി ഈ വർഷം അനേക പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചു.

നാല്പതിലധികം വർഷങ്ങളായി എഴുത്തിലും പ്രസംഗത്തിലും തുടർമാനമായി സജ്ജീവമായിരിക്കുന്ന സുവിശേഷകൻ പി. ഐ. ഏബ്രഹാമിനെ (കാനം അച്ചൻ) ആദരിക്കുക, ഏപ്രിൽ 15, 16 തീയതികളിൽ കുമളിയിൽ നടത്തുന്ന കുടുംബ സംഗമം, പുതിയതായി എഴുത്തുകാരായവരെയും ഈ രംഗത്തു വരുവാനാഗ്രഹിക്കുന്നവരേയും പരിശീലിപ്പിക്കുന്നതിനായി ജൂണിൽ ആരംഭിക്കുന്ന സ്കൂൾ ഓഫ് ജേർണലിസം, സെപ്റ്റംബർ 5, 6 തീയതികളിൽ തിരുവല്ലയിൽ നടത്തുന്ന ശില്പശാല തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ.കൂടാതെ ദൈവസഭയിലെ എഴുത്തുകാർ, പ്രസംഗകർ, സഭാ ഭാരവാഹികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ഹാൻഡ് ബുക്ക് പ്രസിദ്ധീകരിക്കുക, ഫെലോഷിപ്പിന്റെ ഔദ്യോഗിക നാവായ " ഗോസ്പൽ എക്കോസ് "ഫെലോഷിപ്പിന്റെ ഇന്റർനാഷണൽ കമ്മറ്റിയുമായി ചേർന്ന് മൂന്ന് മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുക, എഴുത്തുകാരേയും പ്രസാധകരേയും ആദരിക്കുക, നല്ല പുസ്തകങ്ങൾ അച്ചടിച്ച് പുറത്തിറക്കുക തുടങ്ങിയവയും ഫെലോഷിപ്പിന്റെ പുതിയ പദ്ധതികളിലുൾപ്പെടും.

ജൂണിൽ ആരംഭിക്കുന്ന സ്കൂൾ ഓഫ് ജേണലിസത്തിന്റെ ഉദ്ഘാടന സമ്മേളനത്തിലാണ് കാനം അച്ചനെ ആദരിക്കുന്നത്. ഉപദേശ സത്യങ്ങളുടെ വ്യാപനത്തിന് അദ്ദേഹം നൽകിയ സംഭാവനകളെ പ്രകീർത്തിച്ച് ക്യാഷ് അവാർഡും, ഫലകവും, പ്രശസ്തിപത്രവും അദ്ദേഹത്തിനു നൽകും. ഇൻഡ്യാ ദൈവസഭയിലെ മറ്റ് റീജിയനുകളിലുള്ള മലയാളീ എഴുത്തുകാരെ ഉൾപ്പെടുത്തി ന്യൂഡെൽഹി, മുംബെയ്, ചെന്നൈ, കൊൽക്കത്ത, ബംഗലുരു തുടങ്ങിയ പട്ടണങ്ങളിലും വിവിധ ഗൾഫ് രാജ്യങ്ങളിലും ഈ വർഷം ചാപ്റ്ററുകൾ ആരംഭിക്കും. പാസ്റ്റർമാരായ പി. പി. കുര്യൻ, ജെ. ജോസഫ് എന്നിവർ ഇതിന് നേത്രുത്വം വഹിക്കും. ഹാൻഡ് ബുക്കിന്റെ പ്രസിദ്ധീകരണത്തിനായി പാസ്റ്റർമാരായ ജോർജ്ജ് വർഗീസ്, ഷാജി ഇടുക്കി, കെ. സി. സണ്ണിക്കുട്ടി, സിസ്റ്റർ റെജീനാ ഫിലിപ്പ് എന്നിവരെ യോഗം ചുമതലപ്പെടുത്തി. പെന്തക്കോസ്തു സഭകളിൽ വർദ്ധിച്ചുവരുന്ന ദുരുപദേശ പ്രചരണങ്ങളേയും വികലമായ വചന വ്യാഖ്യാനങ്ങളേയും തങ്ങളുടെ എഴുത്തുകളിലൂടെ എതിർക്കുന്നതിനും യഥാർത്ഥ വചന സത്യത്തിലേക്ക് ജനത്തെ നയിക്കുന്നതിനും അതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും യോഗം തീരുമാനിച്ചു.




ഹൂസ്റ്റൺ ഹെബ്രോൻ ഐ.പി.സി. സഭാംഗമായ നൈനാൻ മാത്തുള്ള രചിച്ച "മെറ്റാ മൊർഫോസിസ് ഓഫ് ആൻ എത്തിസ്റ്റ്" എന്ന പുസ്തകം പാസ്റ്റർ എം. കുഞ്ഞപ്പി തോമസ് വടക്കേക്കുറ്റിന് നൽകി പ്രകാശനം ചെയ്യുന്നു. കെ. എൻ. റസ്സൽ സമീപം.

## ഡോ. എം. കെ. സുരേഷിനെ അനുമോദിച്ചു



**കരിയംപ്ലാവ്:** ഫിസിക്കൽ സയൻസിൽ ഈ വർഷത്തെ മികച്ച യുവശാസ്ത്രജ്ഞനുള്ള പുരസ്കാരം നേടിയ WME സണ്ടേ സ്ക്കൂൾ ഡയറക്ടറും സംസ്ഥാന യൂത്ത് ബോർഡ് അംഗവുമായ ഡോ. എം.കെ. സുരേഷിനെ WME ജനറൽ കൗൺസിൽ, സണ്ടേസ്ക്കൂൾ - യൂത്ത് ബോർഡ്, ലേഡീസ് ഫെലോഷിപ്പ് സംസ്ഥാന ബോർഡ്, പ്രാദേശികസഭകൾ എന്നിവയുടെ നേതൃത്വത്തിൽ അനുമോദിച്ചു. കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ ചേർന്ന സമ്മേളനത്തിൽ WME ജനറൽ പ്രസിഡന്റും പെന്തെക്കോസ്ത് ഇന്റർ ചർച്ച് കൗൺസിൽ ദേശീയ സെക്രട്ടറിയുമായ റവ. ഒ. എം. രാജുക്കുട്ടി പുരസ്കാരം നൽകി. രാജു ഏബ്രഹാം എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ജോസഫ് എം. പുതുശേരി എം.എൽ.എ. മുഖ്യസന്ദേശം നൽകി. ആന്റോ ആന്റണി എം.പി. പ്രസംഗിച്ചു. പത്തനംതിട്ട ജില്ലാ ഡപ്യൂട്ടി കളക്ടർ പി. വിജയകുമാർ, അനി വല്യകാലായിൽ (ബ്ലോക്ക് മെമ്പർ), ശോശാമ്മ തോമസ്സ് (ജില്ലാ പഞ്ചായത്ത് മെമ്പർ), ഓമന വേണുഗോപാൽ (പഞ്ചായത്ത് മെമ്പർ), സണ്ണി കാഞ്ഞിരം (ഇൻഡ്യൻ ക്രിസ്ത്യൻ കൗൺസിൽ ചെയർമാൻ), പാസ്റ്റർ കെ.എം. പൗലോസ് (ഡബ്ല്യു. എം. ഇ.ജനറൽ സെക്രട്ടറി), സി.പി. ഐസക് (യൂത്ത് ഡയറക്ടർ), സൂസൻ രാജുക്കുട്ടി (ലേഡീസ് ഫെലോഷിപ്പ് ചെയർപേഴ്സൺ), പാസ്റ്റർമാരായ കെ.റ്റി. ചാക്കോ, കെ. എം. പൗലോസ് എന്നിവർ ആശംസകളറിയിച്ചു. യുവശാസ്ത്രജ്ഞൻ ഡോ. എം.കെ. സുരേഷ് പ്രഭാഷണം നടത്തി.

## അനുമോദിച്ചു

**തിരുവല്ല:** സെറാംപൂർ യൂണിവേഴ്സിറ്റി ഡോക്ടർ ഓഫ് ഡിവിനിറ്റി നൽകി ആദരിച്ച ഡോ. റ്റി.ജി. കോശിയെ ശാരോൻ സഭാ കൗൺസിലും ജനറൽ ബോഡിയും അനുമോദിച്ചു. തിരുവല്ല ശാരോനിൽ ഡോ. റ്റി.പി. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ നടന്ന അനുമോദന മീറ്റിംഗിൽ പാസ്റ്റർമാരായ സി.വി. ജോൺ, പി.എം. ജോൺ, ഏബ്രഹാം ജോസഫ്, എം. ജെ. ശമുവേൽ തുടങ്ങിയവർ പ്രസംഗിച്ചു. ശാരോൻ ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റും മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി സ്ഥാപക പ്രസിഡന്റുമാണ് ഡോ. റ്റി. ജി. കോശി.



## നിയമിതനായി



**തിരുവല്ല:** യുഗാന്ത്യ സന്ദേശം പത്രത്തിന്റെ സബ് എഡിറ്ററായി പാസ്റ്റർ ഏ.റ്റി ജോസഫ് നിയമിതനായി. അറിയപ്പെടുന്ന വേദാധ്യാപകനും എഴുത്തുകാരനുമായ പാസ്റ്റർ ഏ.റ്റി ജോസഫ് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ മെമ്പറാണ് ഫോൺ 9446962865

## ബൈബിൾ കോളജിന് പുതിയ പ്രിൻസിപ്പൽ



**മുംബൈ:** ദൈവസഭാ സെൻട്രൽ വെസ്റ്റ് റീജിയന്റെ ചുമതലയിലുള്ള മഹനയിം ബൈബിൾ കോളജിന്റെ പ്രിൻസിപ്പാളായി റവ. ജോൺ സി. മുട്ടുവേലി ചുമതലയേൽക്കും. റവ. ഷിബുവർഗ്ഗീസ് ലൈബ്രേറിയനായി പ്രവർത്തിക്കും. എം.എ. ബിരുദധാരിയായ ജോൺ സി. മുട്ടുവേലി വേദശാസ്ത്രത്തിൽ എം.ഡിവും കരസ്ഥമാക്കിയിട്ടുണ്ട്. ഹിസ്റ്ററിയിൽ ഡോക്ടറേറ്റ് ചെയ്തുകൊണ്ടിരിക്കുന്നു.

## സഭാഹോൾ ഉദ്ഘാടനം

**കോടംഞ്ചേരി:** മീമ്മുട്ടി ഐ.പി.സി ഏബൻ-ഏസെർ വർഷിപ്പ് സെന്ററിന്റെ ഉദ്ഘാടനം തിരുവമ്പാടി സെന്റർ പാസ്റ്റർ സണ്ണി ജോർജ്ജ്, നിർവ്വഹിച്ചു.തുടർന്ന് നടന്ന കൺവൻഷനിൽ ബ്രദർ. ജോൺസൻ കെ മാത്യു പാസ്റ്റർമാരായ തോമസ് മുല്ലയ്ക്കൽ, സണ്ണി ജോർജ്ജ്, പ്രഫ റ്റി.സി മാത്യു എന്നിവർ പ്രസംഗിച്ചു.സഭാ ശുശ്രുഷകൻ മാത്യു ഐസക്ക് നേതൃത്വം നൽകി

## വീൽസ് ഓഫ് ഹോപ്പ്

**തിരുവല്ല:** സത്യം മിനിസ്ട്രീസിന്റ ആഭിമുഖ്യത്തിൽ 5000 വീൽചെയറുകൾ വിതരണം ചെയ്യുന്നു. വിതരണോത്ഘാടനം മാർച്ച് 14-ാം തീയതി 4 മണിക്ക് സത്യം മിനിസ്ട്രീസ് ചെയർമാൻ ഡോ: സി.വി വടവനയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനത്തിൽ ഫ്രീ വീൽചെയർ മിഷൻ സ്ഥാപകൻ ഡോ:ഡോൺ ഷോൺഡോഫറിന്റെ സാന്നിദ്ധ്യത്തിൽ ശ്രീ ജോസ് കെ മാണി എം.പി നിർവ്വഹിക്കും. വിവിധ ആത്മിയ, സാമുഹിക, സാംസ്കാരിക നേതാക്കൾ ഈ യോഗത്തിൽ പങ്കെടുക്കുന്നതാണ്.

## സി. ഇ. എം. ന് പുതിയ ഭാരവാഹികൾ



പാസ്റ്റർ വർഗീസ് ജോഷ്വാ



പാസ്റ്റർ ഫിലിപ് ഏബ്രഹാം



പാസ്റ്റർ ജേക്കബ് ജോർജ്ജ്

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുത്രികാ സംഘടനയായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ ജനറൽ പ്രസിഡന്റായി പാസ്റ്റർ വർഗീസ് ജോഷ്വായും, ജനറൽ സെക്രട്ടറിയായി പാസ്റ്റർ ഫിലിപ്പ് ഏബ്രഹാമും തിരഞ്ഞെടുക്കപ്പെട്ടു. ഫെബ്രുവരി 15 ന് തിരുവല്ല ശാരോനിൽ കൂടിയ പൊതുയോഗത്തിൽ വെച്ചാണ് തിരഞ്ഞെടുക്കപ്പെട്ടത്. മറ്റു ഭാരവാഹികൾ പാസ്റ്റർ കുര്യൻ മാത്യു, പാസ്റ്റർ സാം കോശി (വൈസ് പ്രസിഡന്റ്), പാസ്റ്റർ ജേക്കബ് ജോർജ്ജ് (ട്രഷറാർ), പാസ്റ്റർ മാത്യൂസ് എം.കുര്യൻ (ജനറൽ കോ-ഓർഡിനേറ്റർ), പാസ്റ്റർ ഏബ്രഹാം മന്ദമരുതി (അസ്സോ. സെക്രട്ടറി), ബ്രദർ എബി ബേബി (ജോ. ട്രഷറാർ), പാസ്റ്റർ ജോർജ് വർഗീസ് (മെമ്പർഷിപ്പ് സെക്രട്ടറി), പാസ്റ്റർ ബിനിൽ സ്ക്കറിയ (റ്റാലന്റ് ടെസ്റ്റ് സെക്രട്ടറി) പാസ്റ്റർ സോവി മാത്യു (മീഡിയാ & ലിറ്ററേച്ചർ).

48 അംഗ ജനറൽ കമ്മിറ്റിയിൽ നിന്നാണ് എക്സിക്യൂട്ടീവ് ഭാരവാഹികളെ തിരഞ്ഞെടുത്തത്. തിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾക്ക് കൗൺസിൽ പ്രതിനിധികളായ പാസ്റ്റർ കെ.റ്റി. തോമസ്, പാസ്റ്റർ എം.എ വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ വർഗീസ് ജോഷ്വാ എലിക്കാട്ടൂർ ശാരോൻ സഭാ ശുശ്രൂഷകനും പ്രഭാഷകനുമാണ്. സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം മാവേലിക്കര സ്വദേശിയും, മണക്കാല ശാരോൻ സഭാ ശുശ്രൂഷകനും മികച്ച സംഘാടകനുമാണ്. ട്രഷറാറായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജേക്കബ് ജോർജ്ജ് പുതുശ്ശേരി ശാരോൻ സഭാശുശ്രൂഷകനും, വേദാദ്ധ്യാപകനുമാണ്.

## റിവൈവൽ 2011

**ഓർലാൻഡൊ:** ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ സഹോദരി സമാജത്തിന്റെ നേതൃത്വത്തിൽ റിവൈവൽ 2011 ആത്മിക സമ്മേളനം ഫ്ളോറിഡയിൽ നടന്നു. മാർച്ച് 4-5 തീയതികളിൽ ഐ.പി.സി ഓർലാൻഡോ സഭ ഓഡിറ്റോറിയത്തിൽ നടന്ന യോഗങ്ങളിൽ അറിയപ്പെടുന്ന സുവിശേഷ പ്രസംഗകയും മദേഴ്സ് പ്രയർ എന്ന സംഘടനയുടെ സ്ഥാപകയുമായ സിസ്റ്റർ അന്നമ്മ നൈനാൻ ദൈവവചനം ശുശ്രുഷിച്ചു. കേരളത്തിൽ ദീർഘ വർഷങ്ങൾ സർക്കാർ ജോലിയിൽ ആയിരുന്ന അന്നമ്മ നൈനാൻ ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ലേഡിസ് ഡിപ്പാർട്ടമെന്റിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയും അമേരിക്ക, ഗൾഫ് രാജ്യങ്ങളിൽ സന്ദർശിക്കുകയും ക്രിസ്തിയ സമ്മേളനങ്ങളിൽ പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. കുടാതെ റവ.ജേക്കബ്ബ് മാത്യു, റവ. മോറിസ് സാംസൺ എന്നിവർ വിവിധ മീറ്റിംഗുകളിൽ സംസാരിച്ചു.



സിസ്റ്റർ അന്നമ്മ നൈനാൻ

സോദരി സമാജത്തിന്റെ ഭാരവാഹികളായി കൊച്ചുമോൾ ജെയിംസ് (പ്രസിഡന്റ്) മേരി തോമസ് (വൈസ് പ്രസിഡന്റ്) ഡോ: മറിയക്കുട്ടി ഏലിയാച്ചൻ (സെക്രട്ടറി) അമ്മിണി തോമസ് (ജോയിന്റ് സെക്രട്ടറി) ഷെറിൽ വർഗിസ് (ട്രഷർ) എന്നിവർ പ്രവർത്തിക്കുന്നു.

**വരിസംഖ്യ അടയ്ക്കാത്തവർ ക്ഷമിക്കുക**

ഇൻഡ്യയിലും വിദേശ രാജ്യങ്ങളിലും വരിസംഖ്യ അടയ്ക്കാത്ത ആർക്കും അടുത്ത ലക്കം മുതൽ യുഗാന്ത്യ സന്ദേശം അയക്കുന്നതല്ല. വരിസംഖ്യ അടയ്ക്കാത്തവർ ക്ഷമിക്കുക.

Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.